# സാത്താന്റെ ഏദെൻ

നമുക്ക് തല കുനിക്കാം. പ്രിയ ദൈവമേ, കർത്താവായ യേശുവിന്റെ നാമത്തിൽ, ഇന്നു രാത്രിയിൽ വീണ്ടും കൂടിവരാനുള്ള, ഈ മഹത്തായ അവസരം നൽകിയതിനാൽ ഞങ്ങൾ നന്ദിയുള്ളവരാകുന്നു, ഞങ്ങളുടെ ശത്രുവിനെ, നിന്റെ ശത്രുവിനെ, യുദ്ധക്കളത്തിൽ വെച്ചു സന്ധിച്ച്; വചനത്താൽ അവനെ നിന്റെ ജനങ്ങളുടെ ഇടയിൽ നിന്നും ഒടിച്ചുകളയേണ്ടതിന്; കർത്താവെ, ഇന്നു രാത്രിയിൽ, സുവിശേഷ വെളിച്ചം, അത് അവർ കാണാൻ ഇടവരട്ടെ. കണ്ണിൽ എഴുതുവാനുള്ള ലേപനത്താൽ നീ ഞങ്ങളുടെ കണ്ണുകളെ അഭിഷേകം ചെയ്ത്, അത് സത്യത്തിലേയ്ക്ക് തുറക്കേണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു; അത് ഞങ്ങൾ ഇവിടം വിട്ടുപോകുമ്പോൾ, "അവൻ വഴിയിൽവെച്ചു നമ്മോടു സംസാരിക്കുമ്പോൾ, നമ്മുടെ ഹൃദയം ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ?" എന്നു ഞങ്ങളുടെ ഹൃദയത്തിൽ പറയാൻ ഇടവരട്ടെ. രോഗികളെയും പീഢിതരെയും സൗഖ്യമാക്കേണമെ. നിരാശപ്പെട്ടിരിക്കുന്നവരെ ധൈര്യപ്പെടുത്തേണമെ. ഒരിക്കൽ താണുപോയ ബലഹീന കരങ്ങളെ മുകളിലേയ്ക്ക് ഉയർത്തേണമെ. കർത്താവായ യേശുവിന്റെ വരവിനെ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കാൻ ഇടവരട്ടെ, അത് വളരെ അടുത്തിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങൾ ഇത് യേശുവിന്റെ നാമത്തിൽ ചോദിക്കുന്നു. ആമേൻ.

ഇരുന്നാലും.

2 നിങ്ങൾ രാജ്യത്തിന്റെ വ്യത്യസ്തമായ ഇടങ്ങളിൽ നിന്നും,... യോഗത്തിനായി വന്നിരിക്കുന്നു എന്ന് ഞാൻ അറിയുന്നു അതിനാൽ, ഇന്നു രാത്രിയിൽ വളരെ ചുരുക്കത്തിൽ സംസാരിക്കുന്നതാണ്; അഥവാ നിങ്ങളിൽ ചിലർ, ഇവിടെ വന്നു താമസിച്ചു, തിരികെ പോകേണ്ടതുണ്ട്, ഒരുപക്ഷേ യാത്ര അല്പം ദൂരമുള്ളതാകാം. ഞാൻ നിങ്ങൾക്കു നന്ദി പറയുന്നു. ഇന്നു രാവിലെ നേരം, സ്വയം ഞാനും സഹോദരൻ നേവിലെയിൽ നിന്നും കേൾക്കാൻ ആഗ്രഹിച്ചു. ഞാൻ അദ്ദേഹത്തെ അനേക സമയങ്ങളിൽ കേട്ടിട്ടുണ്ട്, എന്നാൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിച്ചിട്ടുള്ള ഒന്നും അദ്ദേഹം ഒരിക്കലും കേട്ടിട്ടില്ല. എന്നാൽ ഇന്നു രാവിലെത്തെ, ആ തക്കസമയത്തെ സന്ദേശത്തിൽ, അത് കേൾക്കാനുള്ള നടത്തിപ്പ് കർത്താവിൽ നിന്നും എനിക്കുണ്ടായിരുന്നു എന്നു ഞാൻ അറിഞ്ഞിരുന്നു. വളരെ നന്നായിരുന്നു! മാത്രമല്ല, നിങ്ങൾ ഓരോരുത്തരും അദ്ദേഹത്തെ

കേൾക്കാൻ എന്തുകൊണ്ടു വരുന്നു എന്നു ഞാൻ കാണുന്നു. അദ്ദേഹം നിങ്ങൾക്ക് എപ്പോഴും നന്മയേ ചെയ്യുകയുള്ളൂ, എനിക്ക് തീർച്ചയാണ്, അദ്ദേഹത്തെ കേൾക്കു.

3 ഇന്നു എനിക്കുണ്ടായിരുന്ന ചില കൂടിക്കാഴ്ചകളെ; ഇന്നു രാവിലെയും ഇന്നു ഉച്ചതിരിഞ്ഞുമായി, എടുക്കാൻ ശ്രമിക്കുന്നു. എനിക്ക് ഇനിയും അനേകം, അനേകം, അനേകം എണ്ണത്തിലൂടെ കടക്കേണ്ടതാണ്. പിന്നെ ഞാൻ...

4 ഞാൻ വിശ്വസിക്കുന്നതുപോലെ, അത് യിത്രോ ഒരിക്കൽ മോശെയോട് പറഞ്ഞെന്നാണ് ഞാൻ കരുതുന്നത്, "ഇത് നിനക്ക് വളരെയേറെയാണ്." അതുകൊണ്ട്, നിങ്ങളുടെ വിഷയങ്ങളെ കൈകാര്യം ചെയ്യുവാൻ ഇവിടെ വളരെയേറെ സഹോദരന്മാരുണ്ട്. അവരിൽ ഓരോരുത്തരും നിയമാനുസൃതമുള്ളവരും, വളരെ നന്നായി കാര്യങ്ങളെ ക്രമീകരിക്കാൻ കഴിയുന്നവരുമാണ്. നമ്മുടെ പാസ്റ്ററോ, അഥവാ സഹോദരൻ മാൻ, നമ്മുടെ വിശ്വാസത്തിൽ ഇവിടെയുള്ള മറ്റ ധർമ്മോപദേശികളെയോ ഞാൻ ശുപാർശ ചെയ്യുന്നു. നിങ്ങൾക്ക് അവരുടെ അടുക്കലേയ്ക്ക് പോകാം. നിങ്ങൾ ചെയ്യേണ്ട കാര്യം കൃത്യമായും അവർ നിങ്ങളോട്ടു പറയും; ചിലരും, അവരുടെ കുട്ടികളും; മിശ്രവിവാഹം നടത്തുന്നു, അങ്ങനെയുള്ള കാര്യങ്ങൾ തെറ്റാണ്. മറ്റാരെപ്പോലെയും ഈ പുരുഷന്മാർക്ക് നിങ്ങളെ സഹായിക്കാനാകുന്നു, എന്തുകൊണ്ടെന്നാൽ അവർ കർത്താവിന്റെ ദാസന്മാരാണ്. അവരുടെ അടുക്കലേയ്ക്ക് പോകു, നിങ്ങൾക്ക് ആവശ്യമായ—നിങ്ങൾക്കു വേണ്ട സഹായം അവർ ചെയ്തു തരുമെന്നു എനിക്ക് തീർച്ചയാണ്. അവയെല്ലാം എനിക്ക് കൈകാര്യം ചെയ്യാൻ കഴിയില്ല. നിങ്ങൾ എവിടെയെല്ലാം പോകുന്നോ, അവിടെയെല്ലാം അത് വളരെയേറെയാകുന്നു. നിങ്ങൾ നോക്കിയാൽ, അവ ഓരോ തവണയും കൂടിക്കൂടി വരുന്നതായി കാണാം. അവർ ഓരോരുത്തരെയും നിങ്ങൾ കാണണമെന്നു ആഗ്രഹിക്കുന്നു, എന്നാൽ നിങ്ങൾക്ക് അത് ചെയ്യാനാകില്ല. എന്നാൽ ഞാൻ നിരന്തരമായി, ഏതുവിധമെങ്കിലും, അതെല്ലാം നിങ്ങൾക്ക് നന്മയ്ക്കായി കൂടിവ്യപരിക്കട്ടെ എന്നു ദൈവത്തോട്ടു പ്രാർത്ഥിക്കുന്നു.

5 ഇപ്പോൾ, ഇന്നു രാത്രിയിൽ, നാം തിരുവചനത്തിലേയ്ക്ക് പോയി, ഉല്പത്തിയിൽ നിന്നുമുള്ള വചനങ്ങളിലെ ഒരു ഭാഗം വായിക്കാൻ ആഗ്രഹിക്കുന്നു, 3-മത്തെ അദ്ധ്യായം; കഴിഞ്ഞ നാളുകളിൽ, നാം സംസാരിച്ചു കൊണ്ടിരുന്ന ചിലതിനെക്കുറിച്ച് അല്പം പുറകിലേയ്ക്ക് പോയി തിരിച്ചു നോക്കിയിട്ട്, നാം പുറപ്പെട്ടു പോകുമ്പോൾ, കർത്താവായ യേശു നമുക്ക് അല്പം കൂടെ കൂടുതലായി തരുന്നോ

എന്നു നോക്കാം. അവൻ അത് ചെയ്യുമെന്നു ഞാൻ പ്രാർത്ഥിച്ചു—പ്രാർത്ഥിക്കുന്നു.

*യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളെക്കാളും പാമ്പു കൌശലമേറിയതായിരുന്നു. അവൻ സ്ത്രീയോടു: തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു.*

*സ്ത്രീ പാമ്പിനോടു: തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്കു തിന്നാം;*

*എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിന്നു തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുതു, തൊടുകയും അരുതു എന്നു ദൈവം കല്പിച്ചിട്ടുണ്ട് എന്നു പറഞ്ഞു.*

*പാമ്പു സ്ത്രീയോടു: നിങ്ങൾ മരിക്കയില്ല നിശ്ചയം;*

*അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കുകയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകുകയും ചെയ്യും എന്നു ദൈവം അറിയുന്നു എന്നു പറഞ്ഞു.*

*ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു ഭർത്താവിന്നും കൊടുത്തു; അവനും തിന്നു.*

*ഉടനെ ഇരുവരുടെയും കണ്ണു തുറന്നു തങ്ങൾ നഗ്നരെന്നു അറിഞ്ഞു, അത്തിയില കൂട്ടിത്തുന്നി തങ്ങൾക്ക് അരയാട ഉണ്ടാക്കി.*

6 കർത്താവ് ഇതിനോടു കൂട്ടിച്ചേർക്കാനിടവരട്ടെ...അവന്റെ വായിക്കപ്പെട്ട വചനത്തോടു അനുഗ്രഹങ്ങളെ കൂട്ടിച്ചേർക്കാൻ ഇടവരട്ടെ. ഇപ്പോൾ ഇതിൽ നിന്നും, ഇന്നു രാത്രിയിൽ, ഞാൻ ഒരു വിഷയം എടുക്കാൻ ആഗ്രഹിച്ചുകൊണ്ട്; *സാത്താന്റെ ഏദെൻ*, എന്നു വിളിക്കുന്നു. *സാത്താന്റെ ഏദെൻ*, എന്നു പറയുമ്പോൾ, വളരെ അപരിഷ്കൃതമായ കാര്യമാണ്. കഴിഞ്ഞ ഞായറാഴ്ച രാത്രിയിൽ, എന്നാണ് ഞാൻ വിചാരിക്കുക, ഇവിടെ ഞാൻ *ചിന്തിക്കുന്ന മനുഷ്യന്റെ ഒരു ഫിൽട്ടറും*, ഒരു വിശുദ്ധ മനുഷ്യന്റെ രുചിയും, എന്നതിനെക്കുറിച്ച് സംസാരിച്ചതുമായി ഇത് ചേർന്നുപോകും എന്നു ഞാൻ വിശ്വസിക്കുന്നു.

7 ചിലനേരങ്ങളിൽ ഇത്തരത്തിലെ ചില അപരിഷ്കൃതമായ ശബ്ദങ്ങൾ നമ്മെ എന്തിലേയ്ക്കെങ്കിലും കൊണ്ടുവന്ന്; അതിനെക്കുറിച്ച്

പഠിക്കാനും, അത് നിങ്ങളെ വചനം വായിക്കാനും സഹായിക്കുന്നു. അതാണ് എന്റെ മുഴുവൻ കൂട്ടായ്മയും ചെയ്യേണ്ടത് എന്നു ഞാൻ ആഗ്രഹിക്കുന്നു. "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽ കൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു." അതിനാൽ വചനം വായിക്കുക; അതു പഠിക്കുക. അതിനെ ദൈവത്തിന്റെ കണ്ണുകളോടെ, ഈ വർത്തമാന കാലത്തിൽ നാം എപ്രകാരം ജീവിക്കണം എന്ന് നിങ്ങളുടെ ബുദ്ധിപരമായ അറിവിനെ സമർപ്പിച്ചുകൊണ്ട് പഠിക്കുക.

8 ഇപ്പോൾ, "അതെ, എനിക്ക് *ഇതോ അതോ* ചെയ്യാനാകും..." എന്നു പറഞ്ഞുകൊണ്ട്, ഇന്നു രാത്രിയിൽ, നിങ്ങളോട് അല്പം സംസാരിക്കാനായി, ഞാൻ താഴേയ്ക്ക് വരികയായിരുന്നു.

9 നിങ്ങൾ ഓരോരുത്തരോടൊപ്പം ഇന്നു രാത്രിയിൽ ഞാൻ വീട്ടിലേയ്ക്ക് പോകാൻ പോലും ഞാൻ ഇഷ്ടപ്പെടുന്നതുപോലെ തന്നെ, ജനങ്ങളുമായി ഞാൻ സംസാരിക്കാനും ഇഷ്ടപ്പെടുന്നു. ഞാൻ...അത് സത്യമാണെന്നു ദൈവം അറിയുന്നു. നോക്കൂ, നിങ്ങൾ ഓരോരുത്തരോടൊപ്പം വീട്ടിലേയ്ക്ക് പോകാനും, രാവിലെ നേരം പ്രാതൽ കഴിച്ച്—കഴിച്ചിട്ട് നാളെ, ഉച്ചകഴിയുമ്പോൾ അണ്ണാൻ വേട്ടയ്ക്കു പോകാനും ഇഷ്ടപ്പെടുന്നു. ഞാൻ—ഞാൻ അത് ചെയ്യാൻ ഇഷ്ടപ്പെടുന്നു, എന്നാൽ എനിക്ക്—എനിക്ക് അത് ചെയ്യാൻ കഴിയുന്നില്ല. അതുമല്ല ഞാൻ വീട്ടിലേയ്ക്ക് പോകാനും, നിങ്ങളോടൊപ്പം ഇരുന്നു സംസാരിക്കാനും ഇഷ്ടപ്പെടുന്നു; യോഗം കഴിയുമ്പോൾ, പോർച്ചിൽ ഇരുന്നു, അല്പം നേരം നിങ്ങളോടൊപ്പം സംസാരിക്കാനും, നിങ്ങളുടെ നന്മയെക്കുറിച്ചും ദൈവത്തെപ്പറ്റിയും സംസാരിക്കാനും ആഗ്രഹിക്കുന്നു. ഞാൻ അതു ചെയ്യുന്നത് ഇഷ്ടപ്പെടുന്നു. ഇവിടെ പുരുഷന്മാരും സ്ത്രീകളും; അത് ചെയ്യാനായി ഞാൻ ഇഷ്ടപ്പെടുന്നു എന്നു ദൈവം അറിയുന്നു, എന്നാൽ എനിക്ക് അത് ചെയ്യാനാകുന്നില്ല. നോക്കൂ, അത്രയും—അത്രയേറെ വലിയും ഞെരുക്കവുമാണ്.

10 അതുമല്ല—മാത്രമല്ല നാം ജീവിച്ചുകൊണ്ടിരിക്കുന്ന ഈ വികാരവിവശനാക്കുന്ന കാലത്ത്...സ്വയം, ഞാനും ഒരു വികാരവിവശനായ മനുഷ്യനാണ്. ഇന്നു മറ്റൊന്നിലേയ്ക്കായി ഞാൻ എന്റെ മനസ്സിനെ തയ്യാറാക്കിയിരിക്കുന്നു, "എനിക്ക് അതെടുത്ത് ചെയ്യേണ്ടതുണ്ട്," നാളെ അത് എന്നിൽ നിന്നും ദശലക്ഷം മൈലുകൾ ദൂരത്തായേക്കാം; *ഇതും മറ്റേതും* ചെയ്യുന്നതിൽ നിന്നും എന്തോ ചിലത് മുറിച്ചു കളഞ്ഞിരിക്കുന്നു. അതുമല്ല നിങ്ങൾക്ക് ഒരു സമയം

കിട്ടിയിരിക്കുന്നു, നിങ്ങളുടെ അറിവിനെ ഒരുമിച്ച് കൂട്ടിവെയ്ക്കാൻ ശ്രമിക്കുക.

11 എന്നാൽ സുവിശേഷം സഭയിലൂടെ പ്രസംഗിക്കുന്നതിനാൽ എനിക്ക് ലഭിച്ച പ്രധാന നേട്ടം, ഞാൻ ഈ ഭൂമിയിൽ ആയിരിക്കുമ്പോഴും, എത്രകാലം എനിക്ക് ഈ ഭൂമിയിൽ അവശേഷിച്ചാലും, ഈ ദിവസത്തിൽ യേശുക്രിസ്തുവിന് എനിക്ക് സകല ബഹുമാനവും കൊടുക്കാനായി. ഞാൻ നിങ്ങളോടു ചിലതു പറയാൻ വന്നിരിക്കുന്നു, അത് നിങ്ങളെ സഹായിക്കും; ചിലത്. ഇന്നു രാവിലെ വീട്ടിലേയ്ക്ക് പോയശേഷം ഞാൻ ചില കാര്യങ്ങൾ വായിച്ചിരുന്നു. "ആ ജനങ്ങളെ സഹായിക്കാനായി, ഇന്നു രാത്രിയിൽ ഞാൻ എന്തു പറയേണ്ടു, കർത്താവേ?"

12 ഇന്നു രാവിലെ, സഹോദരൻ നേവിൽ നമുക്കായി കൊണ്ടുവന്ന, അതിനെപ്പറ്റിയുള്ള...ആ ശക്തമായ സന്ദേശം കേട്ടിട്ട്... "ഒരു ഡോക്ടർ രോഗ നിർണ്ണയം നടത്തുന്നു; എന്നാൽ ഒരു പാത്രം നിറയെ സൂചികളുമായി വരുന്ന ഒരു മനുഷ്യൻ, അവൻ ആ ഇഞ്ചക്ഷൻ തരുന്നു," അവിടെ അദ്ദേഹം എപ്രകാരം പറഞ്ഞു, അത് അത്രയേറെ അതിശയിപ്പിക്കുന്നല്ലോ എന്നു ഞാൻ ചിന്തിച്ചു. അതുകൊണ്ട് വാസ്തവമായും വളരെ കഠിനമായിരിക്കുന്നല്ലോ ഒരു— ഒരു വളരെ കുശാഗ്രബുദ്ധിയുള്ള ഉത്തരമാണല്ലോ എന്നു ഞാൻ കരുതി. "രോഗിയുടെ രോഗ നിർണ്ണയം നടത്തിയ ശേഷം, ദേഹനീര് (serum)," ആ വാക്കിനെക്കുറിച്ച് ഞാൻ ചിന്തിച്ചു. അങ്ങനെ അത് ഒരു വളരെ നല്ല കാര്യമായിരിക്കുന്നു.

13 ഈ കാലത്തിലേയ്ക്കുള്ള ദൈവത്തിന്റെ വാഗ്ദാനത്തെ നിങ്ങളെ ബോധവൽക്കരിക്കാനായി, ഞാൻ ചിലതു നിങ്ങളോടു സംസാരിക്കാൻ ആഗ്രഹിക്കുന്നു. മനസ്സിലായോ? എന്തെങ്കിലും, കഴിഞ്ഞുപോയ ദിവസങ്ങളിലുള്ള എന്തിനെയെങ്കിലും പറ്റിയല്ല, എന്നാൽ ചിലത്... പിന്നെ...ആ വക കാര്യങ്ങൾ ശരിയായിരുന്നു; നാം എല്ലാം ആ കാര്യങ്ങളെ പരാമർശിക്കാറുണ്ട്. എന്നാൽ, ഈ തിരുവചനങ്ങളെ കുറിച്ചുകൊണ്ട് ഇവിടെ വന്ന്, നിങ്ങളുടെ മനസ്സിലേയ്ക്ക് എന്തെങ്കിലും കൊണ്ടുവരേണ്ട ആവശ്യമുണ്ട് എന്നു ഞാൻ വിചാരിച്ചു, അത് ഇപ്പോൾ നിങ്ങളായിരിക്കുന്ന വയലിലെ യുദ്ധത്തിൽ, നല്ല മിടുക്കനായ പടയാളി, എങ്ങനെ ആയിരിക്കണമെന്ന്, അറിയാൻ സഹായിക്കും, അത് നിങ്ങളെ ബോധവൽക്കരിക്കും; അത് ശത്രുവിന്റെ തന്ത്രങ്ങളെ പഠിക്കാനും, അത് നിങ്ങളിലേയ്ക്ക് കടക്കുന്നതിനു മുമ്പ് തന്നെ നിങ്ങൾക്ക് അതിനെ ചെറുക്കാനുള്ള സകലതും പഠിപ്പിക്കും. നിങ്ങളാൽ

കഴിയുന്ന അത്രയും, നിങ്ങളിലേയ്ക്ക് വരുന്ന ഇടികളെ നിങ്ങളിൽ നിന്നും അകറ്റിക്കളയുക, അതാണ് പ്രധാന കാര്യം.

14 ഇപ്പോൾ, നമുക്ക് ഇപ്പോൾ ഈ മഹത്തായ...നാം ജീവിക്കുന്ന ഈ മഹത്തായ, പാപത്തിന്റെ ദിവസത്തെ, അല്പ നിമിഷങ്ങളിലേയ്ക്ക് നോക്കാം. ഇങ്ങനെയുള്ള ഒരു ദിവസം ഉണ്ടായിരുന്നതായി, ഞാൻ ചരിത്രത്തിൽ എവിടെയും വായിച്ചിട്ടില്ല. എല്ലാ മുക്കിനും മൂലയ്ക്കും ദൈവത്തിന്റെ മക്കളെ കൊല്ലുന്ന ഒരു കാലമുണ്ടായിരുന്നു, പീഢനത്തിന്റെ വളരെ മഹത്തായ ദിവസങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ശത്രുവിന്റെ കബളിപ്പിക്കുന്ന വിധത്തെ കാണുമ്പോൾ, നാം ഇപ്പോൾ ജീവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലം പോലെ മറ്റൊന്ന് ഉണ്ടായിട്ടില്ല. ഇത് ഏറ്റവും കൗശലമേറിയതും, കബളിപ്പിക്കുന്ന ഒരു ദിവസവുമാണ്. ഞാൻ അതു കാണുമ്പോൾ, അത്, ഇതിനെ കൊണ്ടുവരുന്നു, ക്രിസ്ത്യാനി ഏതൊരു കാലത്തും ആയിരുന്നതിനെക്കാൾ, അവൻ കൂടുതൽ ജാഗ്രൂപനായിരിക്കണം എന്നതാണ്.

15 ഇപ്പോൾ, പിൽക്കാലത്ത് സഭയുടെ മേൽ, റോം നടത്തിപ്പോന്ന, പീഢന കാലത്ത്; ഒരു ക്രിസ്ത്യാനി ഒരു തെറ്റ് ചെയ്താൽ, അവനെ കളരിയിൽ കൊണ്ടുചെന്ന്, സിംഹങ്ങളാൽ തീറ്റിയ്ക്കുകയോ അതുമല്ലെങ്കിൽ അങ്ങനെയുള്ള എന്തെങ്കിലും ചെയ്യുമായിരുന്നു. അവന്റെ സാക്ഷ്യത്താൽ അവൻ ഒരു ക്രിസ്ത്യാനിയെന്നു കാണിക്കുമായിരുന്നു. എന്നാൽ അവന്റെ പ്രാണൻ രക്ഷിക്കപ്പെട്ടും, എന്തുകൊണ്ടെന്നാൽ അവൻ വിശുദ്ധവും, ദൈവത്തിന്റെ കലർപ്പില്ലാത്ത വിശ്വാസിയുമായിട്ട്, അവന്റെ രക്തത്താൽ തന്റെ സാക്ഷ്യത്തെ ആനന്ദത്തോടെ മുദ്രണം ചെയ്യുമായിരുന്നു. നാടികൾ മുറിയുമ്പോൾ, അഥവാ അവന്റെ ശരീരത്തിൽ ദ്വാരങ്ങളുണ്ടാകുമ്പോൾ, ആ രക്തം പുറത്തേയ്ക്ക് ഒഴുകി, വിശ്വസ്തയോടുള്ള യഥാർത്ഥ വിശ്വാസത്താൽ, അവൻ ഇങ്ങനെ നിലവിളിക്കും, "കർത്താവായ യേശുവെ, എന്റെ ആത്മാവിനെ സ്വീകരിക്കേണമെ!"

16 എന്നാൽ, ഇപ്പോൾ, പിശാചിന്റെ കൗശലമോ, ജനങ്ങൾ ക്രിസ്ത്യാനികൾ അല്ലാതിരുന്നിട്ടും അവരെ ക്രിസ്ത്യാനികളാണ് എന്നു വിശ്വസിപ്പിക്കുന്നു. അവിടെയാണ് ആ കാര്യം. നിങ്ങൾ മുദ്രയിടേണ്ട കാര്യമില്ല...അത്—അത് നിങ്ങളുടെ ജീവനെ നിങ്ങളുടെ സാക്ഷ്യത്തിന്റെ വഴിയിലൂടെ നിങ്ങൾ—നിങ്ങൾ മുദ്രണം ചെയ്തിരുന്നതിലും, അതിലും അധികം കൗശലമേറിയ കാലമാണ്. സാത്താൻ അവന് കഴിയുന്ന എല്ലാവിധത്തിലുമുള്ള കൗശലത്തിന്റെ കെണികളും അവൻ തയ്യാറാക്കിയിരിക്കുന്നു, അവൻ

ഒരു ചതിയനാണ്. യേശു, മത്തായി 24-ൽ, നാം ജീവിക്കുന്ന ഈ കാലം എങ്ങനെയുള്ളതായിരിക്കും എന്നും, എപ്പോഴെങ്കിലും ഉണ്ടായിട്ടുള്ളതിൽ വെച്ച് ഏറ്റവും കൗശലമേറിയ കാലമാണ് എന്നും, നമ്മോടു പറഞ്ഞിരുന്നു. "അവന് വഞ്ചിക്കാൻ കഴിയുമെങ്കിൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരെയും അവൻ വഞ്ചിക്കാൻ, നോക്കും."

17 ഇപ്പോൾ നമുക്ക്, ബൈബിളിൽ, ഇന്നത്തേയ്ക്കായി പറയപ്പെട്ടിരിക്കുന്ന പ്രവചനങ്ങളെ, ചില വചനങ്ങളെ താരതമ്യം ചെയ്യാം, അതുമല്ല നാം ജീവിക്കുന്ന ദിവസവുമായി അതിനെ താരതമ്യപ്പെടുത്താം.

18 രണ്ട് തീമൊഥെയോസിന്റെ 3-ൽ, നാം ഇങ്ങനെ പഠിക്കുന്നു, അതായത് ആ പ്രവചാകൻ പറയുന്നത്, അത്, "ഈ ദിവസങ്ങളിൽ മനുഷ്യർ ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി, ദൈവപ്രിയമില്ലാതെ ഭോഗപ്രീയരായിരിക്കുന്ന ഒരു ദിവസം വരും." ഒരുനിമിഷം, അതിനെ ഇപ്പോൾ താരതമ്യം ചെയ്യൂ. നാം ചെയ്യുന്നില്ല...നാം അതിനെ ഒന്നു ലഘുവായിട്ട് നോക്കുകയാണ്, എന്തുകൊണ്ടെന്നാൽ നാം സാധാരണ ചെയ്യാറുള്ളതുപോലെ ചെയ്യാനുള്ള സമയം നമുക്കില്ല; എന്നാൽ, നിങ്ങൾ വീട്ടിലേയ്ക്ക് ചെന്ന് അതിനെ പഠിക്കുമ്പോൾ കാണാൻ വേണ്ടി, അതിനെ ഒന്നു പ്രമുഖമാക്കി കാട്ടുകയാണ്. "ധാർഷ്ട്യക്കാർ, നിഗളികൾ, ദൈവത്തെ സ്നേഹിക്കുന്നതിനെക്കാൾ അധികം ഭോഗത്തെ ഇഷ്ടപ്പെടുന്നവർ; വാത്സല്യമില്ലാത്തവർ, ഇണങ്ങാത്തവർ, ഏഷണിക്കാർ, അജിതേന്ദ്രിയന്മാർ, ഉഗ്രന്മാർ, സൽഗുണദോഷികൾ." "ഇത് അവസാന നാളുകളിൽ ഉണ്ടാകുമെന്നു ഇപ്പോൾ ആത്മാവ് സ്പഷ്ടമായി പറയുന്നു." പ്രവചനം അതിനെക്കുറിച്ച് സംസാരിച്ചിരുന്നത്, ഈ ദിവസത്തെക്കുറിച്ചായിരുന്നു.

19 അതുമാത്രമല്ല, നാം ഇപ്പോൾ വെളിപ്പാട്...14, വെളിപ്പാട് 3:14, അതല്ലെങ്കിൽ, ലവോദിക്ക്യാ സഭാ കാലത്തിൽ, സഭ അവസാന കാലത്തിൽ എങ്ങനെ ആയിരിക്കും. അത് ഇങ്ങനെ ആയിരിക്കുമെന്നു പറയുന്നു, "അത് യാതൊന്നും ആവശ്യമില്ലാത്ത ഒരു വിധവയെപ്പോലെ ഇരിക്കും. അത്—അത് വസ്തുവകകളാൽ നിറഞ്ഞിട്ട്, ധനവാനായിരിക്കും, അവർ നിർഭാഗ്യനും, അരിഷ്ടനും, ദരിദ്രരും, അന്ധരും, നഗ്നരും, എന്നു അറിയാതെയും ഇരിക്കും." ആ...ഇപ്പോൾ ഓർക്കു, അവൻ ഈ കാലത്തിലെ സഭയോടാണ് സംസാരിക്കുന്നത്, "നിർഭാഗ്യനും, അന്ധനും, നഗ്നനും, എന്നു അറിയാതിരിക്കുന്നു." അത് അവസാനത്തെ വാക്യമാണ്, ആ

അവസാനത്തെ വാക്ക്, അത് അത്രമാത്രം ശ്രദ്ധേയമാക്കുന്നു. അവർ എല്ലാവരും ആത്മാവിനാൽ നിറഞ്ഞ്, തയ്യാറായിരിക്കുന്നു എന്നാണ് അവർ വിചാരിക്കുന്നത്. ലവോദിക്ക്യാ സഭാ കാലം എന്നാൽ പെന്തെക്കോസ്തൽ സഭാ കാലമാണ്; കാരണം ഇതാണ് അവസാനത്തെ സഭാ കാലം. ലൂഥറിന് അവന്റെ സന്ദേശമുണ്ടായിരുന്നു; വെസ്ലിയ്ക്ക് തന്റേതുണ്ടായിരുന്നു; പെന്തെക്കോസ്തുകൾക്കു അവരുടെ സന്ദേശവുമുണ്ട്.

20 മാത്രമല്ല, അത് ഇങ്ങനെ പറയുന്നു, "നീ ശീതോഷ്ണവാനായിരിക്കയാൽ, തണുപ്പമല്ല എന്നാൽ ചൂടുമല്ല," പുറമെയുള്ള ഇളക്കങ്ങൾ, സുവിശേഷത്തെക്കുറിച്ചുള്ള മാനസീക ധാരണകൾ; "എന്തുകൊണ്ടെന്നാൽ," അവൻ പറയുന്നു, "നീ ആ രീതിയിലാണ്, ഞാൻ എന്റെ വായിൽ നിന്നും നിന്നെ ഉമിണ്ണുകളയും." മറ്റ വാക്കുകളിൽ പറഞ്ഞാൽ, സഭ ഈ അവസ്ഥയിൽ കാണുമ്പോൾ അത് അവനെ രോഗിയാക്കുന്നു.

21 ഓർക്കു, അവർ അവനെ ഉമിണ്ണുകളഞ്ഞിരിക്കുന്നു; മാത്രമല്ല അവൻ സഭയുടെ പുറത്തുമായിരുന്നു കൊണ്ട്, ആ തീരെ മോശമായ, ലവോദിക്ക്യാ സഭാ കാലത്തിൽ, അകത്തേയ്ക്കു കടക്കാനായി ശ്രമിച്ചുകൊണ്ടിരിക്കുന്നു.

22 ഈ ലോകത്തിന്റെ ദൈവം, ഇന്നു ഈ ലോകം ആരാധിച്ചുകൊണ്ടിരിക്കുന്ന വ്യക്തി, സാത്താനാണ്. ജനങ്ങൾ സാത്താനെയാണ് ആരാധിക്കുന്നത് എന്ന് അറിയാതിരിക്കുന്നു, എന്നാൽ, നോക്കു, സഭയായി, സാത്താൻ സഭയായി തന്നെത്താൻ ആൾമാറാട്ടം നടത്തിയിരിക്കുകയാണ്. അവർ സാത്താനെ ആരാധിച്ചുകൊണ്ട്, സഭയിലൂടെ അവർ ദൈവത്തെയാണ് ആരാധിച്ചു കൊണ്ടിരിക്കുന്നത് എന്നു വിചാരിക്കുന്നു. എന്നാൽ ആ വിധത്തിലാണ് സാത്താൻ അതു ചെയ്തിരിക്കുന്നത്.

"ഓ," നിങ്ങൾ പറഞ്ഞേയ്ക്കും, "എന്നാൽ ഒരു നിമിഷം നിൽക്കു; ഞങ്ങൾ വചനം പ്രസംഗിക്കുന്നു."

23 ഇവിടെ ഇന്നു രാത്രിയിലെ എന്റെ വിഷയത്തിലേയ്ക്ക് തിരികെ നോക്കു. ആദ്യമായി സാത്താനാണ് ഹൗവ്വയോട്ടു വചനം പ്രസംഗിച്ചത്, "ദൈവം പറഞ്ഞിരിക്കുന്നു," കാണുക.

24 അത് ഈ ദിവസത്തേയ്ക്കുള്ള തിരുവചനത്തിന്റെ ആ ഭാഗത്തെ ദുർവ്യാഖ്യാനം ചെയ്യുന്നതാണ്. യേശു ചെയ്തതെല്ലാം കൃത്യമായും ശരിയായിരുന്നു അവൻ നിങ്ങളെ അറിയാനിടയാക്കും. മോശെ ചെയ്തതെല്ലാം കൃത്യമായും ശരിയായിരുന്നു എന്നു നിങ്ങളെ അറിയാൻ അവൻ അനുവദിക്കും. എന്നാൽ അവർ ഈ ദിവസത്തിനായി

നൽകിയിരുന്ന വാഗ്ദാനത്തെ നിങ്ങൾ എടുക്കുന്നേരം, അപ്പോൾ അത് മറ്റൊരു ദിവസത്തേയ്ക്കുള്ളതാണ്. അത് മാത്രമാണ് അവന് ചെയ്യാനായിട്ടുള്ളത്, നോക്കു, അതിനെ ആ വിധത്തിൽ ജനങ്ങളെ വിശ്വസിപ്പിക്കുക എന്നതാണ്, അതു—അതുമാത്രം. കാരണം, "നിങ്ങൾക്ക് അതിൽ നിന്നും ഒരു വാക്കു എടുത്തുമാറ്റാനോ, അഥവാ അതിനോടു ഒന്നു കൂട്ടിച്ചേർക്കാനോ കഴിയില്ല." എന്നാൽ അതു തന്നെയാണ് അവനും ചെയ്യുന്നത്.

25 ജനങ്ങൾ, അറിയാതെ സാത്താനെ ആരാധിച്ചിട്ട്, അവർ ദൈവത്തെയാണ് ആരാധിക്കുന്നതെന്ന് വിചാരിക്കുന്നു. രണ്ടു തെസ്സലൊനീക്യരിൽ, നാം പ്രവചനത്താൽ മുന്നറിയിക്കപ്പെട്ടരിക്കുന്നതു പോലെ. അത്, നമുക്ക് അത് വായിക്കാം, രണ്ട് തെസ്സലൊനീക്യാ, രണ്ടാം അദ്ധ്യായം. എനിക്ക് കഴിഞ്ഞാൽ, നേരെ, നമുക്ക് അതിലേയ്ക്ക് ഒരു നിമിഷത്തേയ്ക്ക് കടക്കാം. ഞാൻ അതു വായിക്കാൻ ഇഷ്ടപ്പെടുന്നു. രണ്ട് തെസ്സലൊനീക്യാ എന്നു ഞാൻ വിശ്വസിക്കുന്നു. എനിക്ക് ഇവിടെ വചനം കിട്ടിയിട്ടുണ്ട്. രണ്ടിൽ...

*ഇനി സഹോദരന്മാരേ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയും അവന്റെ അടുക്കലുള്ള നമ്മുടെ സമാഗമനവും സംബന്ധിച്ച ഞങ്ങൾ നിങ്ങളോടു അപേക്ഷിക്കുന്നതു:*

26 ഇപ്പോൾ, നോക്കു, "കർത്താവിന്റെ വരവും, അവനിലേയ്ക്കുള്ള സമാഗമനവും," അവസാന ദിവസങ്ങളിൽ ദൈവം തന്റെ ജനങ്ങളെ അവനിലേയ്ക്ക് സമാഗമനം നടത്തും, "കർത്താവിന്റെ ജനങ്ങളുടെ സമാഗമനം," സഭയിലേയ്ക്ക് അല്ല, "കർത്താവിലേയ്ക്ക്; അവനിലേയ്ക്ക് ഒരുമിച്ചു കൂട്ടിവരുത്തുക."

*കർത്താവിന്റെ നാൾ അടുത്തിരിക്കുന്നു എന്നുവെച്ചു നിങ്ങൾ വല്ല ആത്മാവിനാലോ വചനത്തിലോ ഞങ്ങൾ എഴുതി എന്ന ഭാവത്തിലുള്ള ലേഖനത്താലോ സുബോധം വിട്ടു വേഗത്തിൽ ഇളകുകയും ഞെട്ടിപ്പോകയുമരുത്.*

*ആരും ഏതുവിധേനയും നിങ്ങളെ ചതിക്കരുതു; ആദ്യേമേ വിശ്വാസത്യാഗം സംഭവിക്കയും നാശയോഗ്യനും അധർമ്മമൂർത്തിയും ആയവൻ വെളിപ്പെടുകയും വേണം.* (അത് യൂദാസായിരുന്നു, നോക്കു)

*അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ട് ദൈവം എന്നു നടിച്ചു, ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിന്നും മീതെ തന്നെത്താൻ ഉയർത്തുന്ന* എതിരാളി *അത്രേ.*

27 ഇന്നത്തെ സഭയുടെ വഞ്ചന അതാണ്! നോക്കൂ, "നാശയോഗ്യന്റെ മകൻ," സാത്താൻ. "ആ നാശയോഗ്യൻ," സാത്താനാണ്. അതുകഴിഞ്ഞ്, ദൈവത്തെയാണ് ആരാധിക്കുന്നത് എന്നു വിചാരിച്ചുകൊണ്ട്, ജനങ്ങൾ പിശാചിനെ ആരാധിക്കുന്നു. എന്നാൽ ഒരു മതവിശ്വാസത്തിലൂടെ അവർ അവനെയാണ് ആരാധിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യ നിർമ്മിത വിഭാഗീയ സഭകളും മതവിശ്വാസങ്ങളും ജനങ്ങളെ ലോകം എപ്പോഴെങ്കിലും കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ വഞ്ചനയിലേയ്ക്ക് കൊണ്ടുവന്നിരിക്കുന്നു. ഈ ദിവസത്തേയ്ക്ക് എന്തുമാത്രം വചനം വാഗ്ദത്തം ചെയ്യപ്പെട്ടെന്നോ, പ്രസംഗിക്കയും സമർത്ഥിച്ചു കാണിക്കയും ചെയ്താലും കാര്യമില്ല, അവർ അപ്പോഴും അതു വിശ്വസിക്കുകയില്ല. അവർ അത് വിശ്വസിക്കുകയില്ല.

28 പിന്നെ എന്താണ്? എന്തുകൊണ്ടാണെന്ന് നാം ആശ്ചര്യപ്പെടുന്നു. എന്തുകൊണ്ടാണ് അത് ചെയ്യാത്തത്; അവർ അത് എന്തുകൊണ്ട് വിശ്വസിക്കുന്നില്ല? ദൈവം ഒരു പ്രത്യേക കാര്യം ചെയ്യുമെന്നു പറഞ്ഞിട്ട്, അവൻ അതു ചെയ്യുന്നു, അപ്പോഴും അവർ അതിൽ നിന്നും പിന്തിരിയുകയും അതിൽ നിന്നും ദൂരം പോകുകയും ചെയ്യുന്നു. ദൈവം ചെയ്യുമെന്നു പറഞ്ഞത്, ദൈവം ചെയ്യും എന്നു ഹൗവ്വ അറിഞ്ഞിരുന്നു; എന്നാൽ അവൾ അതിന് പുറം തിരിഞ്ഞു കളയുകയും, അവൻ എന്താണ് പറഞ്ഞത് അതു കേൾക്കുകയും ചെയ്തു.

29 ഇത്രയും ഓർത്തിരിക്കൂ, മറ്റു കാലങ്ങളിൽ, അത് എല്ലായ്പ്പോഴും അങ്ങനെ തന്നെ ആയിരുന്നു. ഓരോ കാലത്തിലും, ആ വചനത്തെ സാത്താൻ ഓരോ സമയത്തും അവരോടു വൈകൃതപ്പെടുത്തി കാണിക്കാൻ ശ്രമിച്ചുകൊണ്ട്, അത് മറ്റൊരു കാലത്തിലേയ്ക്കുള്ളതാണ് എന്നു കാണിക്കാൻ ശ്രമിച്ചുപോന്നു.

30 നോക്കൂ, യേശു വന്നപ്പോൾ, നോക്കൂ, സാത്താൻ ആ യഹൂദ പണ്ഡിതന്മാരും, റബ്ബികളുടെയും പുരോഹിതന്മാരുടെയും കൂട്ടത്തിന്റെ ഉള്ളിലായിരുന്നു. നോക്കൂ, മനുഷ്യ പുത്രൻ വെളിപ്പെടുന്ന നാൾ വരുന്നു എന്നു വചനം തന്നെ പറയുമ്പോൾ, മോശെയുടെ കല്പനകളെ പ്രമാണിക്കാൻ ശ്രമിക്കുക എന്ന് അവരോടു പറഞ്ഞു കൊണ്ടിരുന്നു, അത് അവൻ സ്വയമായി വെളിപ്പെട്ടതാണ്. അതുകൊണ്ട് അവർ അവരെത്തന്നെ മോശെയുടെ നിയമങ്ങളെ പാലിച്ചുകൊണ്ട് മതഭക്തിയുള്ളവരാക്കി തുടർന്നുകൊണ്ടിരുന്നു. അവൻ എന്താണ് ചെയ്തതെന്നു കാണുന്നോ? അവൻ അവരോടു പറയാൻ ശ്രമിച്ചത്, "വചനത്തിന്റെ ആ ഭാഗം കൃത്യമായും ശരിതന്നെ, എന്നാൽ ആ വ്യക്തി ഇതല്ല." അവൻ എത്ര വഞ്ചകൻ എന്നു കാണുന്നോ? അതാണ് അത് വഞ്ചനയുടെ ആ യഥാർത്ഥമായ കാലം.

31 അത് എപ്പോഴുമായിരുന്നു, ഇപ്പോഴുമാകുന്നു, സാത്താൻ തന്റെ രാജ്യം ഭൂമിമേൽ സ്ഥാപിക്കുന്നു. അവൻ അത് ചെയ്യുന്നു എന്നത് കൃത്യമായും ശരിയാണ്, എന്തെന്നാൽ അവൻ തന്റെ സ്വന്ത രാജ്യം സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു.

32 ഒരു കച്ചവടക്കാരനെപ്പോലെ, അത് ഒരു ക്രിസ്ത്യാനിയല്ല, തെറ്റായ എല്ലാ മാർഗ്ഗത്തിലൂടെയും നിങ്ങളെ കാണിക്കാനായി, ഒരോ പദ്ധതിയിലൂടെയും അവൻ പ്രവർത്തിക്കുന്നു. നിങ്ങളെ അങ്ങനെ ചെയ്യിക്കുന്നതിനാൽ അവന് ഒരു—ഒരു ഉദ്ദേശ്യവും വ്യക്തിലാഭവും ലഭിക്കുമെങ്കിൽ, അത് ആ വിധത്തിൽ കാണേണ്ടതിന് നിങ്ങളെ തയ്യാറാക്കും, അവനാൽ കഴിയുന്നതെല്ലാം അവൻ നിങ്ങളെ കാണിക്കയും, അതിന്റെ സത്യത്തിൽ നിന്നും നിങ്ങളെ ദൂരമാക്കുകയും ചെയ്യും, എന്തുകൊണ്ടെന്നാൽ അവന് തന്നെക്കുറിച്ചുള്ള വിചാരം മാത്രമെയുള്ളൂ. അവൻ എത്രമാത്രം കളവു പറഞ്ഞാലും പറ്റിച്ചാലും, അതല്ല എന്തു തന്നെ ചെയ്താലും, അവന് അതിന്റെ വ്യക്തിപരമായ ലാഭമുണ്ട്.

33 അതുകൊണ്ടാണ് സാത്താൻ ഇതു ചെയ്യുന്നത്. അത് ചെയ്യേണ്ടതിന്, അവൻ ചെയ്യുമെന്നു ദൈവം വാഗ്ദത്തം ചെയ്തിരുന്നതു പോലെ, അവൻ മിനിസ്ട്രിയിലൂടെ ചെയ്തുപോന്നു. ഇപ്പോൾ, ഒരു മതപരമായ ചതിയിലൂടെ അവൻ ഏദെനിൽ തുടങ്ങി, അന്നു മുതൽ ഇന്നുവരെ ചെയ്തുപോരുന്നു.

34 ഒരു കൂട്ടം കമ്മ്യൂണിസ്റ്റുകാർ കൂടിയിരിക്കുന്നതല്ല. കമ്മ്യൂണിസ്റ്റുകൾക്കു ഇതുമായി യാതൊന്നും ചെയ്യാനില്ല. അത് സഭയാണ്, അതിലാണ് നിങ്ങൾ ശ്രദ്ധിക്കേണ്ടത്, നോക്കൂ. വൃതന്മാരെ തെറ്റിക്കുന്നത് അത്—അത് കമ്മ്യൂണിസ്റ്റുകളല്ല. വൃതന്മാരെ തെറ്റിക്കും എന്നു പറഞ്ഞിരിക്കുന്നത് സഭയാണ്. കണ്ടല്ലോ. അത് കമ്മ്യൂണിസ്റ്റുകളല്ല; അവർ എന്തുകൊണ്ടാണ് ദൈവത്തെ നിരസിക്കുന്നതെന്ന് നമുക്കറിയാം, അവർ സിദ്ധാന്തപ്രകാരം, എതിർക്രിസ്തുക്കളാണ്, അവർ ആകുന്നു, എന്നാൽ അവർ *ആ* എതിർക്രിസ്തുവല്ല. ആ എതിർക്രിസ്തു എന്നാൽ മതപരമായതാണ്, വളരെ മതപരമായത്, വചനത്തെ എടുത്തു പറയാൻ കഴിയും, അത് വളരെ ലളിതമാക്കി തരാനും കഴിയും.

35 സാത്താൻ പുറകിലായി ആരംഭത്തിൽ ചെയ്തതുപോലെ, അവൻ എല്ലാം ശരിയായി എടുത്തു കാട്ടി, "തോട്ടത്തിലുള്ള എല്ലാ വൃക്ഷഫലങ്ങളും നിങ്ങൾ തിന്നരുത്,' ദൈവം പറഞ്ഞിട്ടുണ്ട്.'"നോക്കൂ, ശരിയായി അവിടെ എടുത്തുപറയുന്നു.

36 അവൾ പറഞ്ഞു, "അതെ, ഞങ്ങൾക്കു തോട്ടത്തിലുള്ള സകല വൃക്ഷങ്ങളുടെയും ഫലം തിന്നാം, എന്നാൽ തോട്ടത്തിന്റെ നടുവിലായി ഒരു വൃക്ഷമുണ്ട് അതിന്റെ ഫലം തിന്നരുതെന്ന് ദൈവം കല്പിച്ചിട്ടുണ്ട്, അതുമല്ല, അതിൽ തൊടാൻ പോലും പാടില്ല;" കാരണം, ഞങ്ങൾ ചെയ്യുന്ന നാളിൽ, ആ ദിവസം തന്നെ ഞങ്ങൾ മരിച്ചുപോകും."

37 അവൻ പറഞ്ഞു, "ഓ, നിങ്ങൾ മരിക്കയില്ല നിശ്ചയം. ഇത് എന്തുകൊണ്ടാണ് ദൈവം പറഞ്ഞത് അതിന്റെ കാരണം ഞാൻ നിന്നോട് പറയട്ടെ, അത് എന്തെന്നാൽ...നോക്കൂ, അവൻ ഇപ്പോൾ എന്തുചെയ്യുന്നു? അവൻ ഈ സത്യത്തെ ഉദ്ധരിക്കുന്നതായി നിങ്ങൾ നോക്കുക. അവൻ പറഞ്ഞു, "അത് നിങ്ങളുടെ കണ്ണുകളെ തുറക്കും, അത് നിങ്ങളെ ശരിയും തെറ്റും അറിയുന്നവരാക്കും. നിങ്ങൾക്ക് അത് ചെയ്യാനായാൽ, അപ്പോൾ നിങ്ങൾ ദൈവത്തെപ്പോലെയാകും."

38 അതു തന്നെയാണ് അവൻ ചെയ്യാൻ ആഗ്രഹിക്കുന്നത്, അതേ കാര്യം തന്നെ അവൻ ഇന്നു ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഏദെൻ തുടങ്ങിയ നാൾ മുതല്ക്കേ ഒരു മതപരമായ വഞ്ചന തുടർന്നുകൊണ്ടിരിക്കുന്നു, അത് അന്നുമുതലുണ്ടായിരുന്നു. ആദാമിന്റെ നാൾക്കളിൽ, അതൊരു വഞ്ചനയായിരുന്നു. നോഹയുടെ നാൾക്കളിൽ, അതൊരു വഞ്ചനയായിരുന്നു. യേശുവിന്റെ ദിവസങ്ങളിലും, അതുപോലെ തന്നെ ആയിരുന്നു. ഇപ്പോഴും അപ്രകാരം തന്നെ, അതേ വിധത്തിലെ, മതപരമായ വഞ്ചനയാൽ നിറഞ്ഞിരിക്കുന്നു!

39 ഇപ്പോൾ, അത് ദൈവത്തിന്റെ നിയന്ത്രണത്തിലായിരുന്ന കാലത്ത്, നാം ഭൂമിയെ ശ്രദ്ധിച്ചാൽ. ഇപ്പോൾ ദൈവത്തിന് അതിന്റെ മേൽ നിയന്ത്രണം ഉണ്ടായിരുന്നപ്പോൾ...അത് അവന്റെ നിയന്ത്രണത്തിന്റെ കീഴിലായിരുന്നു. പിന്നീട് ദൈവത്തിന്റെ വചനത്തെ നിരാകരിച്ചുകൊണ്ട്, അതിന്റെ നിയന്ത്രണം സാത്താൻ ഏറ്റെടുത്തു. ഒരിക്കൽ ഭൂമിയെ ദൈവം അവന്റെ നിയന്ത്രണത്തിലാണ് വെച്ചിരുന്നത്. അവൻ അതിനെ അതിന്റെ ഭ്രമണപഥത്തിൽ ക്രമീകരിച്ചു. അവൻ അതിനെ അവിടെയാക്കി, അതിനെ പ്രവർത്തിക്കാൻ ഇടയാക്കി. അവൻ സകലതും ചെയ്തു, അതിന്റെ നിയന്ത്രണം അവന്റെ പക്കലുണ്ടായിരുന്നു. ഇപ്പോൾ അതിന്റെ നിയന്ത്രണം സാത്താൻ എടുത്തതിനുശേഷം നാം അതിനെ താരതമ്യപ്പെടുത്താൻ പോകുകയാണ്.

40 ഇപ്പോൾ, അതിനായി ദൈവത്തിന് ആറായിരം വർഷങ്ങൾ വേണ്ടിവന്നു. അത്രയും കാലം അവന് വേണ്ടിയിരുന്നില്ല, എന്നാൽ അവൻ അത്രയും കാലം എടുത്തു. ആറായിരം വർഷങ്ങൾ,

എന്തെന്നാൽ നമ്മൾ പഠിക്കുന്നത്, "സ്വർഗ്ഗത്തിലെ ഒരു ദിവസം ഭൂമിയിലെ ആയിരം വർഷങ്ങൾ," എന്നാണ്, അത് ആറായിരം വർഷങ്ങളായിരുന്നു, അഥവാ ആറു ദിവസം കൊണ്ട് ദൈവം ഭൂമിയെ സൃഷ്ടിച്ചു. ഇപ്പോൾ, അതിനെ സ്ഥാപിക്കാനായി ദൈവം ആറായിരം വർഷങ്ങൾ എടുത്തു, നല്ല വിത്തുകളെ പാകിക്കൊണ്ട് അതിന്റേതായ വിധത്തിലുള്ള ഫലങ്ങളെ അതു കൊണ്ടുവന്നു. ഓരോന്നും അതാതിന്റെ വിധത്തിലുള്ളതിനെ ഉത്പാദിപ്പിക്കണമായിരുന്നു. അവന്റെ എല്ലാ വിത്തുകളും നല്ലതായിരുന്നതിനാൽ, അത് തികച്ചും അതിന്റേതായ വിധമുള്ളതിനെ കൊണ്ടുവരണമായിരുന്നു. ദൈവം ആറായിരം വർഷങ്ങൾ എടുത്തു.

41 അവസാനമായി, അവൻ സകലതും ഉണ്ടാക്കിക്കഴിഞ്ഞപ്പോൾ, അവസാനം നാം...ഏദെൻ തോട്ടം എന്നു വിളിച്ചുവന്ന, ഭൂമിയിലെ ഒരു മനോഹര സ്ഥലത്തിന്റെ കിഴക്കായി തന്റെ തലസ്ഥാനം അവസാനം സ്ഥാപിച്ചു. ഏദെൻ തോട്ടത്തിൽ, മിസ്രായീമിൽ, ദൈവം ലോകത്തിന്റെ തലസ്ഥാനത്തെ ഉണ്ടാക്കി, തോട്ടത്തിന്റെ കിഴക്ക് അവസാനിക്കുന്നിടത്ത് അവന്റെ തലസ്ഥാനമായിരുന്നു.

42 സകല സാഹചര്യത്തിന്മേലും, അവന്റെ തന്റെ പുത്രനേയും പുത്രന്റെ ഭാര്യയേയും, അതിന്റെ എല്ലാറ്റിനും മേലായി വെച്ചു. അത് ശരിയാണ്. അതാണ് ദൈവം ചെയ്തത്. അവൻ അവരെ മുഴുവനെയും നിയന്ത്രിക്കാനാക്കി. അവർ കാറ്റിനോടു സംസാരിച്ചാൽ, അത് വീശുന്നത് നിർത്തുമായിരുന്നു. അവർ വൃക്ഷത്തോടു സംസാരിച്ചാൽ, അത് *ഇവിടെ* നിന്നും *അവിടേയ്ക്ക്* നീങ്ങുമായിരുന്നു.

43 സിംഹവും ചെന്നായും ഒരുമിച്ചു മേയുകയും, കുഞ്ഞാട് അവരോടൊപ്പം കിടക്കുകയും ചെയ്തിരുന്നു. അവിടെ ഒരു തിന്മയും ഉണ്ടായിരുന്നില്ല. അത് ദൈവത്തിന്റെ കീഴിലായിരുന്നപ്പോൾ, അത് ഒരു പരിപൂർണ്ണമായ സ്ഥലമായിരുന്നു, വളരെ ഐക്യമുള്ള സ്ഥലമായിരുന്നു, സകലതും പരിപൂർണ്ണമായിരുന്നു. ശ്രദ്ധിക്കു...അവന് അവന്റേത് ഉണ്ടായിരുന്നു...അവന് അവന്റെ ലോകമുണ്ടായിരുന്നു, അവന് എല്ലാത്തിന്റെയും സഹകരണം ലഭിച്ചിരുന്നു. എല്ലാം കടന്നു വരുന്നത് അവനുണ്ടായിരുന്നു, സകലതും സസ്യഭുക്കുകളായിരുന്നു; ഒന്നിനും മരിക്കേണ്ടതില്ല, ഒന്നിനും നശിക്കേണ്ടതില്ല, നശിച്ചുപോകുന്ന യാതൊന്നും തന്നെയില്ല. ഒന്നും...അത് എല്ലാം പരിപൂർണ്ണമായിരുന്നു.

44 അതിനെല്ലാം മുകളിലായി, അവൻ തന്റെ പ്രിയ പുത്രനെ വെച്ചു, അവന്റെ മകനെയും അവന്റെ മകളെയും, അതിനെ നിയന്ത്രിക്കുന്നതിനായി, ഒരു ഭാര്യയും ഭർത്താവുമായി വെച്ചു.

45 ദൈവം അത്രയേറെ തൃപ്തിയടഞ്ഞു! "ഏഴാം നാൾ, തന്റെ സകല പ്രവൃകത്തിളിലും നിന്നും ദൈവം വിശ്രമിച്ചു," ഈ ഏഴാം ദിവസത്തെ തനിക്ക് ശബ്ബത്തായി അതിനെ പരിശുദ്ധമാക്കി.

46 എന്തുകൊണ്ടെന്നാൽ, ആറായിരം വർഷത്തെ രൂപപ്പെടുത്തലും അതിന്റെ ഉറപ്പിക്കലും മറ്റും ചെയ്തിട്ട്, അത് അസ്തിത്വത്തിൽ വരുന്നത് കണ്ടപ്പോൾ, ദൈവം അതിന്റെ എല്ലാത്തിന്റെ മേൽ നോക്കി; പർവ്വതങ്ങളെ മുകളിലേയ്ക്ക് കൊണ്ടുവന്നു, അഗ്നിപർവ്വതങ്ങളാൽ പർവ്വതങ്ങളെ മുകളിലേയ്ക്ക് ഉയർത്തികൊണ്ടു വരുമാറാക്കി, അങ്ങനെയുള്ള കാര്യങ്ങളാൽ അഗ്നിപർവ്വതത്തിന്റെ പൊട്ടലിനാൽ വസ്തുവകകളെ ഉളവാക്കി; അതിനെ ഉണക്കി, എന്നിട്ട് അവന് അതിനെ എങ്ങനെയാണോ വേണ്ടിയിരുന്നത് അപ്രകാരം അതിനെ ഉറപ്പിച്ചു. അത് ഒരു മനോഹരമായ സ്ഥലമായിരുന്നു.

47 അതിനെപ്പോലെ മറ്റൊന്നും ഇല്ലായിരുന്നു, ദൈവത്തിന്റെ മഹത്തായ പറുദീസ! വലിയ ഡൈനോസിറോസും, അങ്ങനെയുള്ളതെല്ലാം, അതിലൂടെ ഇഴഞ്ഞു നീങ്ങുമായിരുന്നു, വലിയ ജന്തുക്കളും; അവയെക്കൊണ്ട് ഒരു ഉപദ്രവവും ഉണ്ടായിരുന്നില്ല. ഒരു ചെറിയ പൂച്ചക്കുഞ്ഞിനെപ്പോലെ അവയെല്ലാം വളരെ ഇണങ്ങുന്നതായിരുന്നു. അവയ്ക്ക് ഒരു കുഴപ്പവും ഉണ്ടായിരുന്നില്ല; ഇല്ല—ഇല്ല രോഗമില്ല, ഒരു ദുഃഖമില്ല; രോഗം പരത്തുന്ന ഒരു അണുപോലും ഭൂമിയിൽ ഇല്ലായിരുന്നു. ഓ, എന്തൊരു സ്ഥലം!

48 മരത്തിൽ നിന്നും മരത്തിലേയ്ക്ക് വലിയ പക്ഷികൾ ചിറകടിച്ചു പറക്കുമായിരുന്നു, ആദാം അവയെ പേർ ചൊല്ലി വിളിക്കുമ്പോൾ, അവ നേരെ അവന്റെ തോളുകളിലേയ്ക്ക് പറന്നിരുന്ന് അവനോടു കൊഞ്ചി സംസാരിക്കുമായിരുന്നു. അതുമല്ല, ഓ, ദൈവത്തിനുണ്ടായിരുന്നത് എത്ര ഒരു അതിശയിപ്പിക്കുന്ന സ്ഥലമായിരുന്നു!

49 അതിനുശേഷം തന്റെ സ്വന്ത ശരീരത്തിൽ നിന്നും ഒരു ഗുണത്തെ ഉണ്ടാക്കി. ദൈവത്തിന് തന്റെ ശരീരത്തിൽ ഗുണങ്ങൾ ഉണ്ടായിരുന്നു.

50 നിങ്ങൾ നിങ്ങളുടെ പിതാവിന്റെ ഒരു ഗുണമായിരിക്കുന്നതുപോലെ. അതുമല്ല, നിങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ, നിങ്ങൾ നിങ്ങളുടെ വല്ല്യപ്പപ്പന്റെ അപ്പപ്പനിൽ ഉണ്ടായിരുന്നു. എന്നാൽ, അതിൽ, നിങ്ങളുടെ അപ്പൻ നിങ്ങളുടെ അപ്പപ്പനിൽ ഉണ്ടായിരുന്നതുപോലെ നാം എടുക്കുന്നു, എന്നു പറയാം. ഇപ്പോൾ, നിങ്ങൾ നിങ്ങളുടെ പിതാവിൽ ആയിരുന്നപ്പോൾ നിങ്ങൾക്ക് ഒന്നും അറിയില്ലായിരുന്നു. ജീവന്റെ അണു കടന്നുവരുന്നത് പുരുഷനിൽ നിന്നാണ്. പുരുഷനാണ് രക്ത കോശമുള്ളത്; സ്ത്രീയിലോ മുട്ടയും; ഇപ്പോൾ, അതിനാൽ,

രക്തകോശത്തിന്റ ഉള്ളിൽ ജീവനുണ്ട്. പിന്നെ, നിങ്ങൾ നിങ്ങളുടെ പിതാവിൽ ആയിരുന്നപ്പോൾ, അതിനെക്കുറിച്ച് നിങ്ങൾക്ക് വാസ്തവമായും യാതൊന്നും അറിയില്ലായിരുന്നു. എന്നാൽ, എന്നിട്ടും, സയൻസും ദൈവവചനവും നിങ്ങൾ നിങ്ങളുടെ പിതാവിലായിരുന്നു എന്നു തെളിയിക്കുന്നു, എന്നാൽ നിങ്ങൾക്ക് അതിനെക്കുറിച്ച് യാതൊന്നും അറിഞ്ഞുകൂടാ.

51 എന്നാൽ പിതാവ് നിങ്ങളെ അറിയാനായി തുടങ്ങുന്നു. നിങ്ങളുടെ അമ്മയുമായുള്ള കൂടിവരവിന്റെ ബന്ധത്താൽ, നിങ്ങളെ നിങ്ങളുടെ പിതാവിന് അറിയാനാകുന്നു. ഇപ്പോൾ, നിങ്ങൾ നിങ്ങളുടെ പിതാവിന്റെ ഗുണമാകുന്നു. നിങ്ങൾ കാഴ്ചയ്ക്ക് അവനെപ്പോലെയാണ്, നിങ്ങളുടെ ശരീരത്തിലെ അവയവങ്ങൾ നിങ്ങളുടെ പിതാവിന്റേതുപോലെ കാണപ്പെടുന്നു.

52 ഇപ്പോൾ, ആരംഭത്തിൽ ദൈവത്തിന്റെ രീതിയും അങ്ങനെതന്നെ ആയിരുന്നു. ദൈവത്തിന്റെ ഓരോ പുത്രനും, ദൈവത്തിന്റെ ഓരോ പുത്രിയും ആരംഭത്തിൽ ദൈവത്തിലായിരുന്നു. അത് ഇപ്പോൾ നിങ്ങൾക്ക് ഓർക്കാനാകുന്നില്ല, എന്നാൽ നിങ്ങൾ അവിടെ ആയിരുന്നു. അവൻ അത് അറിയുന്നു. അവൻ നിങ്ങളെ സന്ധിക്കാനായി, നിങ്ങളോട്ടു സംസാരിക്കാനും നിങ്ങളെ സ്നേഹിക്കാനും, നിങ്ങളുടെ കൈപിടിച്ചു കുലുക്കാനുമായി, അങ്ങനെ ആയിത്തീരാൻ അവൻ ആഗ്രഹിക്കുന്നു.

53 നിങ്ങൾ നിങ്ങളുടെ സ്വന്ത പുത്രനെ ആഗ്രഹിക്കുന്നില്ലേ...നിങ്ങളുടെ മകൻ വീട്ടിലേയ്ക്ക് തിരികെ വന്ന് മേശയിങ്കൽ ഇരിക്കുന്ന നാൾ മഹത്തായ ദിവസം ആയിരിക്കില്ലേ? അവൻ യുദ്ധക്കളത്തിൽ നിന്നും, അഥവാ മറ്റെന്തിലെങ്കിലും നിന്നും വ്രണങ്കിതമായി തിരികെ വരുമ്പോൾ; നിങ്ങൾ എങ്ങനെയാവും അത്താഴം ഒരുക്കുക; നിങ്ങൾ കൊഴുത്ത കാളക്കുട്ടിയേയോ മറ്റൊ അറുക്കയും അതല്ല അതിലും കൂടുതലായും ചെയ്തു, അവനായി ഒരുക്കും! അത് നിങ്ങളുടെ സ്വന്ത രക്തവും മാംസവുമാണ്, അവൻ നിങ്ങളിലായിരുന്നു. അന്ന് നിങ്ങൾ അവനെ അറിഞ്ഞിരുന്നില്ല, എന്നാൽ അവൻ അവിടെ ഉണ്ടെന്നു നിങ്ങൾ അറിഞ്ഞിരുന്നു.

54 അങ്ങനെ നാം ഇവിടെ ആയിരിക്കുമെന്നു ദൈവം അറിഞ്ഞിരുന്നു, എന്നാൽ അതിനുശേഷം നമ്മോട്ടു ബന്ധം പുലർത്തേണ്ടതിന് അവൻ നമുക്ക് മാംസം പിടിപ്പിച്ചു. അവനുമായി നാം ബന്ധം വെയ്ക്കേണ്ടതിന്, അവൻ നമ്മിൽ ഒരുവനായിത്തീർന്നു. അവൻ യേശുക്രിസ്തുവായി, സ്വയം ദൈവത്തിന്റെ പുത്രനായി മാറിയപ്പോൾ, ദൈവത്തിന്റെ പൂർണ്ണതയിലുള്ള പ്രകടനമാക്കലായിരുന്നു. അതിനാൽ തന്റെ

ഗുണത്തെ കൂട്ടായ്മയിലൂടെ പ്രകടിപ്പിക്കുക എന്നത് ദൈവത്തിന്റെ ഉദ്ദേശമായിരുന്നു.

55 ഞാൻ എന്റെ പിതാവിൽ ആയിരുന്നപ്പോൾ, അതിനെക്കുറിച്ച് എനിക്ക് യാതൊന്നും അറിയില്ലായിരുന്നു. എന്നാൽ ഞാൻ അവന്റെ മകനായിത്തീർന്ന്, അവനിൽ നിന്നും ജനിച്ചപ്പോൾ, ഞാൻ ഒരു ഗുണമായിരുന്നു, പിതാവിന്റെ ഒരു ഭാഗമായിരുന്നു. മാത്രമല്ല നിങ്ങൾ നിങ്ങളുടെ പിതാവിന്റെ ഒരു ഭാഗമാണ്.

56 ദൈവത്തിന്റെ മക്കളായി, അവനിൽ ഉണ്ടായിരുന്ന ദൈവത്തിന്റെ ഗുണങ്ങളുടെ ഒരു ഭാഗമാകുന്നു നാം, അവൻ ജഡമായി തീർന്നതുപോലെ ജഡമായി തീർന്നിരിക്കുന്നു. അതിനാൽ, ഭൂമിയിൽ ദൈവത്തിന്റെ ഒരു കുടുംബമെന്നോണം നമുക്ക് അന്യോന്യം കൂട്ടായ്മ ചെയ്യാൻ കഴിയുന്നു. ആരംഭത്തിൽ ദൈവത്തിന്റെ ഉദ്ദേശം അതായിരുന്നു. അതെ, സർ. അതാണ് ആരംഭത്തിൽ ദൈവം ആഗ്രഹിച്ചിരുന്നത്.

57 അവന്റെ കീഴിൽ സകലതും നിയന്ത്രണത്തിലായിരുന്നു. ഏദെൻ തോട്ടത്തിൽ മനുഷ്യനെ എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യത്തോടെ സ്വതന്ത്രമായി അവൻ വിട്ടിരുന്നു; പറഞ്ഞു, "മകനെ, ഇത് നിന്റേതാണ്."

58 എന്തൊരു മനോഹര സ്ഥലം! അവൻ തന്റെ സകല പ്രവൃത്തിയും നിവൃത്തിയാക്കിയ ശേഷം തിരികെ പോയി വിശ്രമിക്കാനെന്നോണം, ദൈവം അത്രയേറെ തൃപ്തിയടഞ്ഞു. ഒരു വൃക്ഷം പോലും മുള്ളുകളോ ഞെരിഞ്ഞിലുകളോ ഉത്പാദിപ്പിച്ചിരുന്നില്ല. ഒരു മുൾച്ചെടിയിൽ നിന്നും യതൊരു തടസ്സവും ഉണ്ടായിരുന്നില്ല. സകലതും പൂർണ്ണമായിരുന്നു. എല്ലാ വിത്തും പൂർണ്ണത ഉള്ളതായിരുന്നു. സകലതും കൃത്യമായിട്ടുള്ള അവസ്ഥയിലായിരുന്നു.

59 പിന്നെ അവൻ അല്പം വിശ്രമിക്കാനായി പുറകിലേയ്ക്ക് പോകുമ്പോൾ, അവന്റെ ശത്രു വഞ്ചനയുമായി അകത്തേയ്ക്ക് നുഴഞ്ഞുവരികയും, അവന്റെ പദ്ധതിയെ അവന്റെ കുഞ്ഞുങ്ങൾക്ക് തെറ്റായി വ്യഖ്യാനിച്ചു കൊടുത്ത്, അതിനെ കൈക്കലാക്കി. അവൻ അവന്റെ സ്വന്ത കുഞ്ഞിനുമേൽ വിശ്വാസം വെച്ചിരുന്നപ്പോൾ; രാത്രിയിൽ നിങ്ങളുടെ മകൾ ഒരു മനുഷ്യനോടൊപ്പം പുറത്തു പോകുമ്പോൾ നിങ്ങളുടെ മകളുടെ മേൽ നിങ്ങൾ വിശ്വാസം വെയ്ക്കുന്നതു പോലെ. ഒരു മദ്യപിക്കുന്നതോ അഥവാ പുകവലിക്കുന്നതോ ആയ ഒരു ആൺകുട്ടിയോടൊപ്പം നിങ്ങളുടെ മകൻ പുറത്തു പോകുമ്പോൾ നിങ്ങൾ നിങ്ങളുടെ മകന്റെമേൽ വിശ്വാസം വെയ്ക്കുന്നതുപോലെ. നോക്കു, അവന്റെ പുത്രനുമേൽ, അതായത്

അവൻ ഒരു തെറ്റും ചെയ്യാതെ, അവൻ പറഞ്ഞ ഓരോ വാക്കിനെയും കാത്തുകൊള്ളും എന്നു, അവൻ വിശ്വാസം വെച്ചു. എന്നാൽ ആ ശത്രു അകത്തു നുഴഞ്ഞു കയറി; ആ വൃത്തികെട്ട ഛേദകൻ നിങ്ങളുടെ മകളെ എടുത്ത് അവൻ വൃത്തികേടായി പെരുമാറുന്നതുപോലെ; അഥവാ—ഏതെങ്കിലും ഒരു സ്ത്രീ, നിങ്ങളുടെ മകനെ എടുത്ത്, അതേ വിധത്തിൽ പെരുമാറുന്നതുപോലെ. നോക്കു, അവൻ അകത്തു നുഴഞ്ഞു കയറി. ദൈവത്തിന്റെ ആ ശത്രു അകത്തേയ്ക്ക് നുഴഞ്ഞു കയറുകയും വചനത്തെ ഹൗവ്വയ്ക്കു തെറ്റായി വ്യാഖ്യനിച്ചു കൊടുക്കയും ചെയ്തു.

60 ഇപ്പോൾ, അവൻ, ഈ വീഴ്ചയാൽ, അത് അതിനെ എടുത്തു, ഏദെൻ തോട്ടത്തിന്റെ അവകാശത്തെ, അവൻ കൈവശമാക്കി. അവൻ അതിനെ ഏറ്റെടുത്തു. അവന്റെ വഞ്ചനാപരമായ നിയമവാഴ്ച തുടങ്ങിയിട്ട് ആറായിരം വർഷങ്ങൾ ആയിരിക്കുന്നു; അന്ന് അവൻ ചെയ്തതുപോലെ തന്നെ, ദൈവത്തിന്റെ കുഞ്ഞുങ്ങളെ, ജനങ്ങളെ വഞ്ചിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവർ ആഗ്രഹിക്കുന്ന ഏതു വിധത്തിലും പ്രവർത്തിക്കാൻ, സ്വാതന്ത്ര്യമുള്ള പ്രതിനിധികളാണ്. അവർ ശരിയായി പ്രവർത്തിക്കും എന്നു വിശ്വസിച്ചു, അഥവാ അവർ ശരിയായി പ്രവർത്തിക്കും എന്നു ആശിച്ചിരുന്നു, അതുകഴിഞ്ഞപ്പോൾ അവർ തെറ്റായ കാര്യം പ്രവർത്തിച്ചുകൊണ്ട്, ഏശാവു ചെയ്തപോലെ, ലോകത്തിനുവേണ്ടി, അവർ തങ്ങളുടെ ജന്മാവകാശത്തെ വിറ്റുകളഞ്ഞു. സാത്താൻ അതു സ്വന്തമാക്കുകയും അവൻ അതിനെ കൈവശപ്പെടുത്തുകയും ചെയ്തു. അവൻ തന്റെ ഏദെനെ കെട്ടിപ്പെടുക്കാനായി ആറായിരം വർഷങ്ങൾ എടുത്തു, ദൈവം തന്റെ ഏദെനെ അതിന്റെ അവസാനത്തിങ്കലേയ്ക്ക് എത്തിക്കാനായി ആറായിരം വർഷങ്ങൾ എടുത്തു. വഞ്ചനയാൽ, ലോകത്തെ അഥവാ ജനങ്ങളെ വഞ്ചിച്ചുകൊണ്ട്, ഈ ഭൂമിയിൽ തന്റെ സ്വന്തമായ ഏദെനെ, പാപത്തിൽ, സ്ഥാപിച്ചിരിക്കുന്നു.

61 ദൈവത്തിന്റെ ഏദെൻ നീതിയാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. സാത്താന്റെ ഏദെൻ പാപത്താൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു, എന്തുകൊണ്ടെന്നാൽ സാത്താൻ പാപത്തിലാകുന്നു. ദൈവം നീതിയിലാകുകയും, ദൈവത്തിന്റെ രാജ്യം നീതിയാലും, സമാധാനത്താലും, ജീവനാലും, സ്ഥാപിതമായിരിക്കുകയും ചെയ്തിരിക്കുന്നു. സാത്താന്റേത്, മതപരമായ പാപത്താൽ, പാപത്താൽ സ്ഥാപിതമായിരിക്കുന്നു.

62 അവൻ ചെയ്യുമെന്നു പറഞ്ഞിരുന്ന, അവന്റെ വഞ്ചനയാൽ, അവൻ എങ്ങനെയാണ് വഞ്ചിച്ചതെന്നു ശ്രദ്ധിക്കു. അവൻ ഇത് ചെയ്യുമെന്നു വാഗ്ദാനം ചെയ്തിരുന്നു. അത് ആർക്കെങ്കിലും

അറിയാമോ? ഈ ചില വചനങ്ങളെ നിങ്ങൾക്ക് ആവശ്യമെങ്കിൽ, നമുക്ക് യെശയ്യാവിലേയ്ക്ക് തിരിച്ചു നോക്കാം. നിങ്ങൾ...അങ്ങനെയുള്ള കുറച്ചു കൂടുതൽ ഞാൻ പ്രതിപാദിക്കേണ്ടതാണ് എന്നു എനിക്കറിയാം. നമുക്ക് യെശയ്യാവിന്റെ 14-ലേയ്ക്ക് മറിയ്ക്കാം, വെറും ഒരു നിമിഷം, സാത്താൻ ഇവിടെ എന്താണ് ചെയ്തിരിക്കുന്നത് എന്ന് കാണുക, ഒരു നിമിഷം. യെശയ്യാവ് 14-ൽ, നിന്നും നാം അത് വായിക്കുമ്പോൾ, ഈ വ്യക്തി എന്തു ചെയ്തെന്നു കാണുക. യിശയ്യാവ് 14, 12-മത്തെ വാക്യം മുതൽ തുടങ്ങാം.

> *അരുണോദയപുത്രനായ ലൂസിഫറേ, നീ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ വെട്ടേറ്റു നിലത്തുവീണു!*
>
> *ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വെക്കും; ഉത്തരദിക്കിന്റെ അതൃത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും;*
>
> *ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞതു.*

63 ഇപ്പോൾ ഇവിടെയുള്ള മറ്റു വചനങ്ങളുമായി അതിനെ, അല്പം നേരത്തെ നോക്കിയ തെസ്സലൊനീക്ക്യയുമായി താരതമ്യം ചെയ്തു നോക്കുവിൻ, എങ്ങനെ അവൻ പറഞ്ഞിരിക്കുന്നു, "അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ടു ദൈവം എന്നു നിടിച്ചു, ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിന്നും മീതെ തന്നെത്താൻ ഉയർത്തുന്നു, കാരണം അവൻ ദൈവമായി, ഭൂമിമേൽ ദൈവമായി ആരാധിക്കപ്പെടുന്നു."

64 കഴിഞ്ഞ ഞായറാഴ്ചയോടു അടുത്ത് ഞാൻ നിങ്ങളോടു പ്രസംഗിച്ച ഈ ലോകത്തിന്റെ ദൈവം അതാണ്. ഇവിടെ ഇന്ന് അവൻ വഞ്ചനയിലായിരിക്കുന്നു. ആ വിശ്വാസഘാതിയായ സമയം, ആ ഭയങ്കരമായ സമയത്താണ് നാം ജീവിക്കുന്നത്. എല്ലാ കാലത്തെക്കാളും ഇത് ഏറ്റവും മഹത്തേറിയ കാലമാണ്, എന്തെന്നാൽ നാം വീണ്ടും ആ മഹത്തായ ആയിരമാണ്ടു വാഴ്ചയെ നേരിടാൻ പോകുകയാണ്; നാം വീണ്ടും ഏദെനെ നേരിടാൻ പോകുന്നു. എന്നാൽ ഈ കാലത്തു തന്നെ, മുഴുവൻ വഞ്ചനയും, ചതിക്കാനായി അവൻ ഉപയോഗിച്ചിരുന്ന സകല വഞ്ചനയും ചാതുര്യവും, അവനെ സ്വയം അധികം ബലിഷ്ഠമാക്കാനായി അവൻ സകലതും ഒരുമിച്ചു കൂട്ടുകയും; ദൈവത്തെപ്പോലെ കടന്നു വന്ന്,

അവനെ താൻ, ദൈവമാണ്; മതപരമായ എന്ന സ്ഥാനത്തേയ്ക്ക് കൊണ്ടുവരികയും ചെയ്യുന്നു, അതുമല്ല വചനത്തെ ഉദ്ധരിക്കയും നിങ്ങളോട്ടു വചനം പറയാനും, ഹവ്വയോട്ടു സാത്താൻ ഏദെൻ തോട്ടത്തിൽ വെച്ചു ചെയ്തതുപോലെ ചെയ്യുകയും ചെയ്യുന്നു. എന്നാൽ അതിലെ ഒരു ചെറിയ ഇടം വിട്ടുകളയുന്നു, അതു തന്നെയാണ് അവന് ചെയ്യാനുള്ളത്, ആ വിടവിനെ ഉണ്ടാക്കുക. ചിന്തിക്കുന്ന മനുഷ്യന്റെ ഫിൽറ്ററിനെപ്പറ്റി കഴിഞ്ഞ രാത്രിയിൽ സംസാരിച്ചതുപോലെ, അതിലൂടെ വിഷത്തിന്റെ ഉപദേശത്തെ, സാത്താന് ഒഴിക്കാനാകുന്നു.

65 ഇപ്പോൾ, അവൻ തന്നെത്താൻ അത്യുന്നതന്റെ മുകളിൽ ഉയർത്തും എന്നു പറയുന്നു; അവന് മേഘങ്ങൾക്കും നക്ഷത്രങ്ങൾക്കും മുകളിൽ ഇരിക്കാനാകും, അവൻ അവിടെ ദൈവത്തെപ്പോലെ, അത്യുന്നതന്റെ മുകളിൽ ഇരിക്കും. അവന്റെ ഭീഷണികൾ പുറപ്പെട്ടുവിക്കുന്നതിൽ, അവൻ അവന്റെ ഭീഷണികളെ പ്രാവർത്തികമാക്കുന്നതിൽ വിജയിച്ചിരിക്കുന്നു. അവന്റെ ഭീഷണികളെ പ്രാവർത്തികമാക്കുന്നതിൽ അവർ തീർച്ചയായും വിശിഷ്ടമാം വണ്ണം മുന്നേറിയിരിക്കുന്നു, ഓരോ കാലത്തിലും, ആ കാലത്തിന്റെ ദൈവത്തിന്റെ വചനത്തിന്റെ മൂല്യത്തെ, അവന്റെ ജനങ്ങളെക്കൊണ്ട് വിശദീകരിക്കാൻ അനുവദിക്കുന്നു. അങ്ങനെയാണ് അവൻ കൃത്യമായും അതു ചെയ്തുപോന്നത്. ഓരോ കാലത്തും, അവൻ അതിനെ ആ രീതിയിൽ വിവരിച്ചു.

66 നോഹയുടെ കാലത്തിൽ, ആകാശത്ത് നിന്നും മഴയുണ്ടാകുക എന്നത് അസാദ്ധ്യമാണ് എന്നു അവൻ വിവരിച്ചു, കാരണം, "അവിടെ മുകളിൽ മഴയൊന്നുമില്ല." ഏദെൻ തോട്ടത്തിൽ പ്രസംഗിച്ച അവന്റെ മഹത്തായ ശാസ്ത്രീയ സുവിശേഷം! അവന് ചന്ദ്രനിലേയ്ക്ക് ഉപകരണത്തെ അയയ്ക്കാനും അവിടെ ഒരു ജലാംശവും ഇല്ല എന്നു തെളിയിക്കാനും കഴിയും. എന്നാൽ ദൈവം പറഞ്ഞു മഴ വരാൻ പോകുന്നു. എന്നാൽ അത്, "അത് ചെയ്യാനാകില്ല," എന്ന് ശാസ്ത്രീയമായി കണ്ടുപിടിച്ച്, ജനങ്ങളുടെ മനസ്സിൽ വിഷം കലർത്തുന്നതിൽ, സാത്താൻ വിജയിച്ചു. എന്നാൽ അത് ചെയ്തു. അത് ചെയ്യുമെന്നു ദൈവം പറഞ്ഞിരുന്നു, അത് സംഭവിച്ചു. അവൻ ചെയ്തു.

67 ഇപ്പോൾ, യേശുവിന്റെ നാൾക്കളിൽ, അവൻ അതേ കാര്യം തന്നെ ചെയ്തു. വഞ്ചനയാൽ, വചനത്തെ തെറ്റായി വ്യാഖ്യാനിച്ചു കൊണ്ട്, വീണ്ടും അവൻ അവരുടെ മനസ്സിൽ വിഷം കലർത്തി. "നീ ദൈവപുത്രനാണെങ്കിൽ, അങ്ങനെ ഒരു കാര്യം ചെയ്യുന്നത് ഞാൻ കാണട്ടെ."

68 യേശു അവനുവേണ്ടി വിഡ്ഢിവേഷം കെട്ടിയില്ല. അവൻ ഒരിക്കലും ചെയ്യില്ല. ദൈവം ഒരു വിഡ്ഢിവേഷം കെട്ടുന്ന ആളല്ല. സാത്താൻ ചോദിക്കുന്ന എന്തെങ്കിലും കാര്യങ്ങൾക്ക് അവൻ ഉത്തരം നൽകേണ്ടതില്ല. അവൻ ഇത്രമാത്രമേ ചെയ്യൂ...യേശു പറഞ്ഞു, "അത് എഴുതിയിരിക്കുന്നു, 'നീ ജീവിക്കുന്നത്...മാത്രമല്ല, മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽകൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു.'" നോക്കൂ, അവനിൽ നിന്നും, അവന് വിഡ്ഢിവേഷം കെട്ടേണ്ട കാര്യമില്ല. അവന് അപ്പം ഉണ്ടാക്കേണ്ട കാര്യമില്ല, അവൻ അത് ചെയ്തിട്ടുണ്ട്, എന്നാൽ അവൻ സാത്താനെ കേട്ടുകൊണ്ടിരിക്കുകയായിരുന്നു, അതിനാൽ അവന് സാത്താനെ കേൾപ്പിക്കേണ്ട ആവശ്യമില്ലായിരുന്നു.

69 വീണ്ടും അത്, ആരംഭത്തിലെന്ന പോലെ, അത്രയേറെ ചതിയായിട്ട്, മതപരമായ പാപമാകുന്നു. ഇത് ഇപ്പോൾ ശ്രദ്ധിക്കു. ദൈവത്തിന്റെ നാമത്തെ വൃഥാ എടുക്കുന്നതോ, വ്യഭിചാരം ചെയ്യുന്നോതോ മദ്യപിക്കുന്നതോ ആയ, ദിവസേനെ ചെയ്തുപോരുന്ന പഴയ പാപങ്ങളായിരുന്നില്ല. അത് അല്ല ഇത്. അല്ല.

70 അനേക വർഷങ്ങൾക്കു മുമ്പ്, *ന്യായവിധിയിലെ നിരാശപ്പെടൽ*, എന്നതിന്മേൽ, ഞാൻ പ്രസംഗിച്ചത് കേട്ടവരായിട്ട്, പണ്ടുള്ള നിങ്ങളിൽ അനേകർ ഇവിടെ ഉണ്ടല്ലോ. വേശ്യ, അവിടെ നിരാശപ്പെടാൻ പോകുന്നില്ല. അവൾ എവിടേയ്ക്കാണ് പോയ്ക്കൊണ്ടിരിക്കുന്നത് എന്ന് അവൾക്കറിയാം. മദ്യപാനി അവിടെ നിരാശപ്പെടാൻ പോകുന്നില്ല. മദ്യം ഒളിച്ചു കടത്തുന്നവൻ, ചൂതുകളിക്കാരൻ, കള്ളൻ, കൊള്ളക്കാരൻ, അവൻ അവിടെ നിരാശപ്പെടാൻ പോകുന്നില്ല. എന്നാൽ, ഞാൻ ശരിയാണ് എന്നു ചിന്തിക്കുന്ന മനുഷ്യൻ, അതാണ് ആ നിരാശ.

71 അത് ഈ വ്യക്തിയാണ്, പറയും, കടന്നു വന്നു പറയും, "കർത്താവെ, ഞാൻ സുവിശേഷം പ്രസംഗിച്ചില്ലേ, നിന്റെ നാമത്തിൽ, ഞാൻ ഭൂതങ്ങളെ പുത്താക്കിയിട്ടില്ലേ?"

72 യേശു പറയും, "അധർമ്മം പ്രവർത്തിക്കുന്നവരെ, നിന്നിൽ നിന്നും...എന്നിൽ നിന്നും മാറിപ്പോക, ഞാൻ നിങ്ങളെ ഒരുനാളും അറിയുന്നില്ല." അവിടെയാണ് ആ നിരാശ, നോക്കൂ, ആ വഞ്ചന നിറഞ്ഞത്.

73 അതാണ് ഞാൻ തുടർച്ചയായി...അവിടെയാണ് ഞാൻ അത്രമാത്രം തെറ്റിധരിക്കപ്പെട്ടിരിക്കുന്നത്. ഞാൻ അതിൽ വ്യത്യസ്തനായിരിക്കണം എന്നു ആഗ്രഹിക്കുന്നില്ല. ഞാൻ വ്യത്യസ്തനാകാൻ ആഗ്രഹിക്കുന്നില്ല, എന്നാൽ ഞാൻ

സത്യസന്ധനായിരിക്കാൻ ആഗ്രഹിക്കുന്നു. എന്റെ വശം ഒരു സന്ദേശമുണ്ട്, അത് തികച്ചും ജനങ്ങളുടെ അടുക്കൽ പോകേണ്ടതുണ്ട്. അത് ജനങ്ങളുടെ ഇടയിൽ വളരെയധികം തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. അവർ വിചാരിക്കുന്നത്, ഞാൻ എല്ലാവർക്കും വിരോധമായിരിക്കുന്നു എന്നാണ്. ഞാൻ എല്ലാവർക്കും വേണ്ടിയാണ് എന്നു മാത്രം, അവർ അറിഞ്ഞിരുന്നെങ്കിൽ, സത്യമെന്താണോ അതിനെ ഏറ്റവും നന്നായി കൊണ്ടുവരാനായി ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു, അത് ഇവിടെ ബൈബിളിൽ ഉള്ളതുപോലെ എന്റെ ഹൃദയത്തിലുമുണ്ട്. മാത്രമല്ല അത് സത്യമാണെന്ന് ദൈവം തെളിയിക്കുകയും ചെയ്യുന്നു, അതിനാൽ അതിനുമേൽ മറ്റൊന്നും ചെയ്യാൻ കഴിയില്ല. അതുകൊണ്ട്, അവർ അതിലേയ്ക്ക് നോക്കുകയോ അഥവാ അവർ അത് ചെയ്യാതെയോ ഇരിക്കുന്നു.

74 നോക്കൂ, അവർ അതു കാണാൻ ആഗ്രഹിക്കുന്നില്ല, എന്തെന്നാൽ അവർ മുന്നമേ വില്ക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു, ഏതോ വിഭാഗീയ സഭയ്ക്ക്, ചില സംഘടനയ്ക്ക് അവരുടെ ജന്മാവകാശത്തെ വിറ്റിരിക്കുന്നു; ചില സംഘടിക്കപ്പെട്ട മതത്തിന്റെ ആധാരപ്രകാരം സ്വർഗ്ഗത്തിൽ കടക്കാനായി, അതിന്റെ ഓരോ തുണ്ടിലും സാത്താൻ തലയായിരിക്കുന്നു, അവരുടെ ജന്മാവകാശത്തിനായി ശ്രമിക്കുന്നു. ദൈവത്തിനു ഒരിക്കലും ഒരു സംഘടിത മതമുണ്ടായിരുന്നില്ല, ഒരിക്കലും ചെയ്തിട്ടില്ല. അവർ അതിലേയ്ക്ക് വില്ക്കപ്പെട്ടിരിക്കുന്നു, അവിടെ അവർ, ഒരുകൂട്ടം മനുഷ്യർ, ഇതിന്റെ അർത്ഥം *ഇതാണ്* ഇത് എന്നാൽ *അതാണ്* എന്നെല്ലാമായിട്ട് വചനത്തെ വ്യാഖ്യാനിക്കുന്നു.

75 ദൈവത്തിന് ഒരു വ്യാഖ്യാതാവിന്റെയും ആവശ്യമില്ല. അവൻ തന്റെ സ്വന്ത വ്യാഖ്യാതാവാണ്. അത് എങ്ങനെയാണ് ചെയ്യേണ്ടതെന്ന് ആരും അവന് പറഞ്ഞു കൊടുക്കേണ്ട ആവശ്യമില്ല. അവൻ ആധിപത്യമുള്ളവനാണ്. അവൻ അത് എങ്ങനെ ചെയ്യുമെന്നു അവൻ പറഞ്ഞിരുന്നു, ആ വിധത്തിൽ തന്നെ അവന്റെ വചനത്തെ അവൻ കാക്കുന്നു. "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും," എന്നു അവൻ പറയുമ്പോൾ, അവൻ ആ വിധത്തിൽ തന്നെ അർത്ഥമാക്കുന്നു. എന്തെല്ലാം സംഭവിക്കും എന്ന് അവൻ പറഞ്ഞുവോ, ഈ അവസാന ദിവസങ്ങളിൽ എന്തെല്ലാം സംഭവിക്കും എന്ന് അവൻ പറഞ്ഞോ, അവൻ ചില കാര്യങ്ങൾ ചെയ്യും, പിന്നെ അവൻ ചെയ്തുമിരിക്കുന്നു. ഇതാണോ ആ സമയം അതോ അല്ലേ എന്ന് അവന് ആരോടും ചോദിക്കേണ്ട ആവശ്യമില്ല. പദ്ധതി എന്താണെന്നും, ആ സമയം ഏതാണെന്നും അവനറിയാം.

76 ഇപ്പോൾ, മത്തായി 24:24-ൽ പറഞ്ഞതുപോലെ, ഈ വഞ്ചകൻ, സാത്താൻ, വളരെയേറെ വഞ്ചകനുമായിട്ട് ആയിരിക്കുന്നു. ഇപ്പോൾ, അവന്റെ ജ്ഞാനത്താലുള്ള സുവിശേഷ പദ്ധതികളാൽ, അവന്റെ കളവ് വിശ്വസിച്ചുകൊണ്ട്, നല്ലപോലെ വിദ്യാഭ്യാസം ചെയ്യുക, ഉന്നത നിലവാരമുള്ള സദാചാരസംഹിത, സംസ്കാരം, മുതലായവയാൽ, ദൈവത്തെ സേവിക്കണമെന്ന് അവൻ ജനങ്ങളെ വശീകരിച്ചിരിക്കുന്നു.

77 ഹൗവ്വ അത് ചെയ്യാൻ ആഗ്രഹിച്ചില്ല, എന്നാൽ അത് എത്രയധികം ജ്ഞാനം ഉണ്ടെന്നു അവൻ അവൾക്കു കാണിച്ചുകൊടുത്തു. അവൾക്ക് അറിയില്ലായിരുന്നു; അവൾ അറിയാൻ ആഗ്രഹിച്ചു. അവൾക്ക് മനസ്സിലായിരുന്നില്ല, എന്നാൽ അവൾ മനസ്സിലാക്കാൻ ആഗ്രഹിച്ചു. അത് മനസ്സിലാക്കാൻ ശ്രമിക്കരുത് എന്ന് ദൈവം അവളോട്ടു പറഞ്ഞിരുന്നു.

78 ഈ കാര്യങ്ങളെ എനിക്ക് എങ്ങനെ മനസ്സിലാക്കാൻ കഴിയും? എനിക്ക് അവയെ മനസ്സിലാക്കാനാകില്ല. ഞാൻ അവയെ വിശ്വസിക്കുന്നു. എനിക്ക് അവയെ മനസ്സിലാക്കേണ്ട ആവശ്യമില്ല. ദൈവം മനസ്സിലാക്കൽ അല്ല, വിശ്വാസമാണ്. അവൻ എന്തു പറഞ്ഞോ നാം അതിനെ വിശ്വസിക്കുന്നു.

79 ഓരോ കാലത്തിലേയ്ക്കുള്ള ദൈവത്തിന്റെ വാഗ്ദാനം ചെയ്ത വചനത്തിന്റെ യഥാർത്ഥ വ്യാഖ്യാനത്തെ വൈകൃതമാക്കി ആറായിരം വർഷങ്ങൾ കഴിയുന്നു, ഇപ്പോൾ, ദൈവത്തിന്റെ ഏദെനെ സാത്താന്റെ ഏദെനുമായി താരതമ്യം ചെയ്യുവിൻ. ഇപ്പോൾ നമുക്ക് അതിനെ തുലനം ചെയ്ത്, നാം എവിടെ എത്തിയിരിക്കുന്നു എന്നു നോക്കാം. യേശുവിന്റെ, സഭയുടെ—ക്രിസ്തുവിന്റെ സമയത്ത്, ദൈവത്തിന്റെ വിശ്വസ്തരായ പുത്രന്മാരെ സത്യം അറിയുന്നതിൽ നിന്നും പുറകിലാക്കി—പുറകിൽ വെയ്ക്കാൻ ശ്രമിച്ചു കൊണ്ട്, അവൻ ചെയ്തതുപോലെ. അത് ദൈവത്തിന്റേതാണ്. അവന്റെ വചനം കേട്ട് അവനുമായി കൂട്ടായ്മ ആചരിക്കാൻ വേണ്ടിയാണ്, അവന്റെ ഗുണങ്ങളായ, തന്റെ പുത്രന്മാരെ അവൻ ഇവിടെ വെച്ചിരിക്കുന്നത്.

80 നിങ്ങളുടെ പിതാവിന് നിങ്ങൾ ഒരു വിശ്വസ്തനായ പുത്രനും, നിങ്ങളുടെ പിതാവ് നിങ്ങളോട്ടു ഇങ്ങനെ പറയുന്നു, അവൻ നിങ്ങളോട്ടു പറയുകയാണ്, "മകനെ, നീ അവിടെയുള്ള വെള്ളത്തിൽ, നീന്താൻ പോകരുത്, എന്തെന്നാൽ അവിടെ വെള്ളത്തിൽ മുതലകളുണ്ട്"; പിന്നെ ഒരു വ്യക്തി തിരിഞ്ഞ് വന്ന്, നിങ്ങളോട്ടു പറയുന്നു, "തീർച്ചയായും, അത് എത്ര നല്ല വെള്ളമാണ്, അവിടെ മുതലകളൊന്നും ഇല്ലല്ലോ?" ഇപ്പോൾ, നിങ്ങൾ ആരെയാണ്

കേൾക്കാൻ പോകുന്നത്? നിങ്ങൾ ഒരു ശരിയായ മകനാണെങ്കിൽ, നിങ്ങൾ നിങ്ങളുടെ ഡാഡിയെ കേൾക്കും.

81 ഒരു യഥാർത്ഥ ദൈവ പുത്രനോ പുത്രിയോ ആദ്യം ദൈവത്തിന്റെ വചനം എടുക്കും. അതിനെക്കുറിച്ച് ആർ എന്തു പറയുന്നെന്നു ഞാൻ ഗണ്യമാക്കുന്നില്ല, അവർ ആദ്യം ദൈവത്തിന്റെ വചനം എടുക്കും. “അവിടുള്ള കപ്പിനകത്ത് വിഷമുണ്ട്,” അവർ അതു വിശ്വസിക്കും.

82 അവന്റെ സകല വചനത്തിന്മേലും വിശ്വാസമുണ്ടായിരിക്കുക, അവന്റെ വിത്തുകൾ, ഒരു വിശുദ്ധമായ, സ്നേഹവും, നിത്യജീവനുമുള്ള ഏദെനെ കൊണ്ടുവന്നു. അതാണ്, ദൈവത്തിന്റെ ഏദെൻ ഉളവാക്കുന്നത്, വിശുദ്ധി. അത് ഒരു വിശുദ്ധിയുടെ, സ്നേഹത്തിന്റെ, മനസ്സിലാക്കലിന്റെ, പരിപൂർണ്ണതയുടെ, നിത്യജീവന്റെ ഏദെനെ കൊണ്ടുവന്നു. അവന്റെ വചനത്തെ, അവന്റെ വിത്തിനെ, അതാണ് ദൈവം നടുന്നത്. അവന്റെ സഭ അവസാനം അപ്രകാരം ആയിരിക്കും; അത് അതേ കാര്യം തന്നെയാകും.

83 ശ്രദ്ധിക്കു, ഇവിടെ ചിന്തിക്കാൻ ഒരു കാര്യമുണ്ട്. ഇത് മറന്നു പോകരുത്. മറ്റൊരിക്കലോ വേറൊരു സന്ദേശത്തിലോ ഞാൻ അതിലേയ്ക്ക് കടക്കുന്നതാണ്. എന്നാൽ, “ഓരോ വിത്തും അതിന്റേതായതിനെ ഉളവാക്കട്ടെ,” എന്നു ദൈവം പറഞ്ഞത് നിങ്ങൾക്കറിയാമോ? അത് ദൈവത്തിന്റെ കല്പനയല്ലേ? ഇപ്പോൾ ഏതൊരു പ്രാസംഗികനോ അഥവാ ആരായാലും ശരി, ആ വചനത്തെ മറ്റെന്തെങ്കിലുമാക്കാൻ ശ്രമിക്കുന്നതിനാൽ എന്തു ഗുണമുണ്ട്? നോക്കു, ദൈവത്തിന്റെ ഓരോ വചനവും ഒരു വിത്താകുന്നു. യേശു അപ്രകാരം പറഞ്ഞിരിക്കുന്നു, “വിത്തു വിതക്കുന്ന ഒരുവൻ ഒരു വിത്തു വിതച്ചു.” അങ്ങനെ മർക്കൊസ് 16 ദൈവത്തിന്റെ വചനമാണെങ്കിൽ, അത് അതിന്റെ വിധത്തിലുള്ളതിനെ കൊണ്ടുവരും. മലാഖി 4 ദൈവത്തിന്റെ വചനമാണെങ്കിൽ, അത് അതിന്റെ വിധത്തിലുള്ളതിനെ കൊണ്ടുവരും. മറ്റുള്ള എല്ലാ വാഗ്ദത്തങ്ങളും അതിന്റെ വിധമുള്ളതിനെ കൊണ്ടുവരുന്നു.

84 നോക്കു, ഇവിടെ സാത്താൻ വേഷപ്രച്ഛന്നനാകുന്നത് നിങ്ങൾ കാണുന്നോ? “അതല്ല, അത് അങ്ങനെ അല്ല,” എന്ന് അവൻ പറയാൻ ശ്രമിക്കുകയാണ്. നിങ്ങൾ അതു മനസ്സിലാക്കിയല്ലോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, “ആമേൻ.”—Ed.] നോക്കു, സാത്താൻ പറയും, “ഓ, അത് ഈ ദിവസത്തേയ്ക്കുള്ളത് അല്ല. അത്, അത്—അതാണ്...അത് മറ്റൊരു സമയത്തുണ്ടായിരുന്നു. അത്, അത് അപ്രകാരം അർത്ഥമാക്കുന്നതു പോലും ഇല്ല.”

85 "ഓരോ വിത്തും അതിന്റെ വിധമുള്ളതിനെ തീർത്തും കൊണ്ടുവന്നിരിക്കണം. അപ്രകാരമാണ് ദൈവം ഏദെനിൽ അതിനെ സ്ഥാപിച്ചത്. അത് അങ്ങനെ അല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] അപ്രകാരമാണ് ദൈവം തന്റെ സഭയെ, ഇവിടെ വെച്ചിരിക്കുന്നത്, ഓരോ വചനവും അതിന്റെ വിധമുള്ളതിനെ! "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ദൈവത്തിന്റെ വായിൽ കൂടി വരുന്ന സകല വചനത്താലും ജീവിക്കുന്നു." മനസ്സിലായോ? സാത്താൻ, അവൻ അതിനു പകരമായി മറ്റെന്തെങ്കിലും എടുക്കുന്നു. എന്നാൽ ദൈവം പറഞ്ഞു, "ഓരോ വിത്തും അതിന്റെ വിധമുള്ളതിനെ."

86 "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും," എന്നു വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നെങ്കിൽ.

87 ഇപ്പോൾ "സഭയിലെ അംഗമാകുക. മതവിശ്വാസം ഉരുവിടുക, മതതത്വങ്ങൾ അഭ്യസിപ്പിക്കുന്നതിനുള്ള പ്രശ്നോത്തരപാഠം അറിയുക," എന്നു സഭ പറയുമ്പോൾ. മുഴുവൻ ബൈബിളിനുള്ളിലും അങ്ങനെ ഒരു കാര്യം തന്നെ ഇല്ല.

88 എന്നാൽ യേശു പറയുന്നു, "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും," എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; അവർ പുതുഭാഷകളിൽ സംസാരിക്കും; അവർ സർപ്പങ്ങളെ പിടിച്ചാലോ, അഥവാ മരണകരമായത് കുടിച്ചാലോ, അത് അവർക്ക് ഹാനി വരുത്തില്ല; അവർ രോഗികളുടെ മേൽ കൈവെച്ചാൽ, അവർക്കു സൗഖ്യം വരും." അതിനെ നിരാകരിക്കാനാകുന്ന ആ മനുഷ്യൻ ആരാണ്? കാണുന്നോ?

89 "ഓരോ വിത്തും അതിന്റെ വിധമുള്ളതിനെ കൊണ്ടുവരട്ടെ." നിങ്ങൾ ദൈവത്തിന്റെ ഒരു വിത്ത്, ഒരു ഗുണം, ഒരു ദൈവ പുത്രനാണെങ്കിൽ, പിന്നെ ദൈവത്തിന്റെ വചനം നിങ്ങളിലേയ്ക്ക് പ്രതിസ്ഥാബദ്ധമായിരിക്കുന്നു, മനസ്സിലായോ? പിന്നെ നിങ്ങൾ ദൈവത്തിന്റെ വചനം കേൾക്കുമ്പോൾ, "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു; ഒരു അപരിചിതനെ അവർ അനുഗമിക്കില്ല." നിങ്ങൾക്ക് അത് കിട്ടിയോ? "അതിനുശേഷം ഓരോ വിത്തും അതിന്റേതായ വിധമുള്ളതിനെ കൊണ്ടുവരുന്നു."

90 ഇപ്പോൾ നാം കണ്ടുകഴിഞ്ഞത്, അതായത് ഒരോ വിത്തും അതിന്റെ വിധമുള്ളതിനെ കൊണ്ടുവരുന്നു, പുതിയതിൽ...ആ ഏദെനിൽ ഒരു മരണം ഉണ്ടായിരുന്നില്ല. പുതിയ ഏദെനിലും മരണം ഉണ്ടായിരിക്കില്ല. നോക്കു, വിശുദ്ധിയും, പവിത്രതയും, നിത്യജീവനും അല്ലാതെ, അവിടെ മറ്റുള്ള യാതൊന്നും തന്നെ ഉണ്ടായിരിക്കില്ല.

91 ഇപ്പോൾ, ദൈവത്തിന്റെ സകല വചനത്തിലുമുള്ള അവിശ്വാസം, അപവിത്രതയുടെ വിത്തിനെ സാത്താന്റെ ഏദെനിലേയ്ക്ക് കൊണ്ടുവന്നു. സാത്താൻ ഒരു സിംഹാസനം ഏറ്റെടുത്തുകൊണ്ട്, എതിർക്രിസ്തുവായി മാറാനിരിക്കുന്ന ഈ ഭൂമിയിലുള്ള ഒരു— ഒരു ഏദെനിലേയ്ക്ക്, ഇടത്തേയ്ക്കാണ് നാം ഇപ്പോൾ കടക്കാൻ പോകുന്നത്, വൈകൃതമാക്കപ്പെട്ട മതം, പാപത്തിന്റെ ഒരു ഏദെനിൽ. “ഞാൻ സാത്താനാണ്, ഞാനാണ് ആ മഹാനായ ദൂതൻ,” എന്നു പറഞ്ഞുകൊണ്ടല്ല അവൻ അതു തുടങ്ങിയത്. അല്ല, അതിന്മേൽ അല്ല, എന്നാൽ ദൈവത്തിന്റെ വചനത്തെ വൈകൃതമാക്കിക്കൊണ്ടായിരിക്കും. അങ്ങനെയാണ് അവൻ ഓരോ കാലത്തും, അവന്റെ രാജ്യത്തെ കൊണ്ടുവന്നത്. ഇപ്പോൾ, ഈ മഹത്തായ വഞ്ചനയുടെ കാലത്ത്, അവന്റെ ജനങ്ങളാൽ, അവന്റെ സിംഹാസനം എടുക്കാൻ തയ്യാറായിരിക്കുന്നു! അവൻ സ്വയം തന്റെ ഏദെനെ വിദ്യാഭ്യാസത്താലും, ബുദ്ധിപരമായും, ശാസ്ത്രീയവുമായി, പണിതിരിക്കുന്നു; ശരി, ശാസ്ത്രീയമായ പ്രാസംഗികർ, ശാസ്ത്രീയമായ സഭകൾ, ശാസ്ത്രീയമായ മതതത്വസംഹിത, സകലതും ശാസ്ത്രീയം. സകലതും അറിവിന്റെ അടിസ്ഥാനത്തിന്മേൽ. മുഴുവൻ സഭയും ജ്ഞാനത്തിന്മേൽ പണിതിരിക്കുന്നു. അത് വിശ്വാസത്തിന്മേൽ അല്ല പണിതിരിക്കുന്നത്.

92 ഒരിക്കൽ ഞാൻ ഒരു മനുഷ്യന്റെ സഭയിൽ ഒരു യോഗം നടത്താനായി പോയി. അത് പടിഞ്ഞാറുള്ള ഒരു വലിയ ആഡിറ്റോറിയമായിരുന്നു. ഒരു നല്ല മനുഷ്യൻ, അയാൾ നാം എന്തിനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുന്നോ ആ കാര്യങ്ങളെ നിരസിച്ചിരുന്നു. എന്നാൽ അപ്പോഴും, അവൻ ആയിരുന്ന... എനിക്ക് അയാളെ ഇഷ്ടമായിരുന്നു; നല്ല മനുഷ്യൻ, വയസ്സ ചെന്നയാൾ. അയാളുടെ കൂട്ടായ്മ, പുറത്തേയ്ക്ക് പോകുമ്പോൾ...അവിടെ ഏകദേശം ആറായിരം പേർക്കു ഇരിക്കാനാകുന്ന ഇടമായിരുന്നു. ഉച്ച കഴിഞ്ഞ്, അയാളുടെ കൂട്ടായ്മ പുറത്തേയ്ക്ക് പോകുമ്പോൾ, ഏകദേശം ആയിരത്തിയഞ്ഞൂറ് വരും, അവരെല്ലാവരും വളരെ നല്ല വസ്ത്രങ്ങൾ ധരിച്ചിരുന്നു. ഞാൻ അവിടെ ഇരുന്നുകൊണ്ട് അവരെ ശ്രദ്ധിച്ചിരുന്നു.

93 ആ മനുഷ്യൻ ചെയ്തത്, അയാൾ ഒരു വളരെ നല്ല സന്ദേശം പ്രസംഗിച്ചു. പിന്നെ ക്രിസ്തുവിനെ സ്വീകരിക്കാനായി ആരെങ്കിലും ആഗ്രഹിക്കുന്നോ എന്നു ചോദിച്ചു; നിങ്ങളുടെ കൈകളെ മാത്രം ഉയർത്തുക. ആരും കൈകളെ ഉയർത്തിയില്ല. അവസാനം ഒരു സ്ത്രീ തന്റെ കൈകളെ ഉയർത്തി. അയാൾ പറഞ്ഞു, “ശരി, ഇപ്പോൾ നീ ഒരു ക്രിസ്ത്യാനിയായിരിക്കുന്നു.” അവളെ സ്നാനത്തിനായി തയ്യാറെടുപ്പിച്ചു. അതുകഴിഞ്ഞ് അയാൾ പുറത്തേയ്ക്ക് പോകുമ്പോൾ...

അയാൾ ഒരു കുഞ്ഞിനെ സമർപ്പിച്ചു, ആ കുഞ്ഞിന് ഒരു ചെറു ചുംബനം കൊടുത്ത് അതിന്മേൽ ഒരു ചെറിയ പ്രാർത്ഥന നടത്തി, പിന്നീട് കൂട്ടായ്മയെ പിരിച്ചുവിട്ടു.

94 അയാളുടെ കൂട്ടായ്മ പുറത്തേയ്ക്ക് പോയപ്പോൾ; എല്ലാവരും, വിദ്യാഭ്യാസവും, ജ്ഞാനികളുമായി, വളരെ നല്ല ജനങ്ങളായിരുന്നു. പിന്നെ അയാൾ പുറത്തേയ്ക്ക് പോകുമ്പോൾ, ഞാൻ പുറത്തു നിന്നുകൊണ്ട്, പുരുഷന്മാരുടെ കൈ പിടിച്ചു കുലുക്കിയിട്ട്, അയാൾക്ക് ദൈവത്തിന്റെ ആശംസ നേരുകയായിരുന്നു.

95 ഞാൻ അതു ചെയ്തപ്പോൾ, ഇതാ എന്റെ കൂട്ടർ അകത്തേയ്ക്ക് വരുന്നു. അയാളുടെ കൂട്ടർ അവിടെ ആയിരിക്കുമ്പോൾ അവരെ അവർ അകത്തു കടക്കാൻ അനുവദിച്ചിരുന്നില്ല. ഇതാ, വീൽചെയറിലും, സ്ട്രെച്ചറുകളിലും, ഭ്രാന്തന്മാരെ ധരിപ്പിക്കുന്ന കടുങ്കുപ്പായത്തിലും, ബുദ്ധിഭ്രമം പിടിച്ചവരും, അങ്ങനെയുള്ള എല്ലാമായി എന്റെ കൂട്ടർ വരുന്നു. വ്യത്യാസം കാണുന്നോ? അതാണ് അത്. ആ കാര്യത്തെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്, നോക്കൂ. നോക്കൂ, അത് വ്യത്യസ്തമായതായിരുന്നു.

96 ശാസ്ത്രീയമായ ജ്ഞാനത്താൽ നിങ്ങൾക്ക് ഒരു *മനസ്സിലാക്കാനാകുന്ന* സുവിശേഷത്തെ, അതിനെ, ഉണ്ടാക്കുമ്പോൾ, നിങ്ങൾ, "യേശു ക്രിസ്തുവിൽ വിശ്വസിക്കുന്നവന് ന്യായവിധി ഇല്ല," നോക്കൂ.

97 എന്നാൽ, "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും," നോക്കൂ, അതിനെ അവിടെ ഇടുന്നതിൽ അയാൾ പരാജയപ്പെട്ടു, കാണുക. അവൾ യേശുവിൽ വിശ്വസിച്ചു, അവൾ രക്ഷിക്കപ്പെട്ടു, വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും എന്നായിരുന്നെങ്കിൽ.

98 "എന്റെ വചനം കേട്ട്," പുറപ്പെടുവിച്ചു എന്നല്ല, അവന്റെ ചെവിയാൽ കേട്ടു എന്നല്ല, എന്നാൽ, "അത് മനസ്സിലാക്കി." ആർക്കുവേണമെങ്കിലും അതു കേൾക്കാം; ഒരു വേശ്യയ്ക്കു അതു കേട്ടതിനു ശേഷവും ഒരു വേശ്യയായി തുടരാം; കണ്ടോ, ഒരു മദ്യപാനിയ്ക്ക് അതു കേൾക്കാം; ഒരു കള്ളന് അത് കേട്ടതിനു ശേഷവും ഒരു കള്ളനായിരിക്കാം. എന്നാൽ, "എന്റെ വചനം മനസ്സിലാക്കി, എന്നെ അയച്ചവനിൽ വിശ്വസിക്കുമ്പോൾ, അവന് നിത്യജീവനുണ്ട്." അവിടെയാണ് നിങ്ങൾ, കാണുക.

99 ദൈവം അവനെ മുന്നിയമിച്ചിട്ടില്ലെങ്കിൽ ഒരുവനും എന്റെ അടുക്കൽ വരുവാൻ കഴിയില്ല. യേശു പറഞ്ഞു, "എന്റെ പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴിയില്ല,

പിതാവ് എനിക്ക് തന്നതൊക്കെയും എന്റെ അടുക്കൽ വരും." ആമേൻ. അതെല്ലാം ദൈവത്തിന്റെ മുന്നറിവും മേൽക്കോയ്മയുമാകുന്നു. അവൻ ഒറ്റക്ക് വസിക്കുന്ന അവിടെ ആരും എന്തു ചെയ്യേണമെന്നു അവനോടു പറയുന്നില്ല.

100 ഇപ്പോൾ, അവിശ്വാസത്താൽ, ദൈവത്തിന്റെ എല്ലാ വചനവും എടുക്കാതെ, ഒരു അവിശ്വാസത്തിന്റെ വിത്ത് പുറപ്പെട്ടുവരുന്നു, വിശുദ്ധമല്ലാതെ, പാപം നിറഞ്ഞ, പക, ബുദ്ധിപരമായ, പാപം നിറഞ്ഞ സഭയിൽ, നിത്യ മരണമുണ്ട്. ഇപ്പോൾ നിങ്ങൾക്കു മനസ്സിലായോ? ഈ നാളുകൾ, മുഴുവൻ ലോകവും ധാർമ്മീകപരമായിട്ട് ആയിരിക്കുമ്പോൾ! നിങ്ങൾക്ക് അതറിയാമോ? ലോകം മുഴുവനും ധർമ്മനിഷ്ഠപരമായിരിക്കുന്നു. ഈ ധർമ്മനിഷ്ഠപരമായ കാലത്തിൽ, ഓരോ മൂലയ്ക്കും പള്ളികൾ ഉണ്ടായിരിക്കുന്നു; സകലതും, മുഴുവൻ കാര്യങ്ങളും സാത്താനെ ആരാധിക്കുന്നതിൽ ചെന്ന് അവസാനിക്കുന്നു. ഇവിടെ ഇതാ, ഇത് ബൈബിളിൽ തന്നെ ആയിരിക്കുന്നു. അത് ശരിയാണ്. ഈ ബുദ്ധിപരമായ, മതവേദശാസ്ത്ര സെമിനാരികൾ, എങ്ങനെയാണ് സംസാരിക്കേണ്ടത്, എന്താണ് ചെയ്യേണ്ടത്, അവരുടെ ഭാവങ്ങളെ എങ്ങനെയാണ് കാണിക്കേണ്ടത്, എന്നു മറ്റമായി ബുദ്ധിയുള്ള ഒരു വ്യക്തിയെ ഉരുവാക്കുന്നു; സകലതും മനഃശാസ്ത്രം പോലെ, മൂന്നു നാലു വർഷത്തിനുള്ളിൽ, മനുഷ്യ മനസ്സുമായി എങ്ങനെയാണ് ഇടപെടേണ്ടതെന്ന് പഠിപ്പിക്കുന്നു. നോക്കു അത്...

101 ദൈവത്തിന്റെ ആത്മാവോ, നിങ്ങളെ, നിങ്ങളിലേയ്ക്ക് പഠിപ്പിച്ചു കയറ്റുന്ന എന്തെങ്കിലുമല്ല. അത്, സർവ്വശക്തന്റെ കൈകളാൽ, നിങ്ങളിലേയ്ക്ക് മുൻകുറിച്ചിരിക്കുന്ന എന്തോ ചിലതാണ്. നിങ്ങളുടെ പ്രവൃത്തി പരിചയങ്ങൾ നിങ്ങളിലേയ്ക്ക് പഠിപ്പിച്ചു കയറ്റാനോ അഥവാ പഠിപ്പിക്കാനോ കഴിയില്ല. അത്, ദൈവത്തിന്റെ മുന്നറിവിനാലും, ദൈവത്തിന്റെ കൈകളാലും, നിങ്ങളിലേയ്ക്ക്, മുൻകുറിച്ചതാണ്. അത് ശരിയാണ്.

102 ഇപ്പോൾ, അത് അവർ ഇപ്പോൾ ജീവിക്കുന്ന ഈ മഹത്തായ ഏദെനെ, ഒരു സഭയുടെ ലോകത്തിന്റെ ഏദെനെ, മുന്നിലേയ്ക്ക് കൊണ്ടുവന്നു. അവരെല്ലാവരും ഒരുമിച്ച് ആ മഹത്തായ എക്യൂമിനിക്കൽ കൗൺസിലിൽ വന്നുകൂടിയിട്ട്, ഒരു ലോകത്തിന്റെ സഭയാകാൻ പോകുകയാണ് എല്ലാം ഒരു തലയ്ക്കു കീഴിൽ വരുന്ന, അവിടെ സാത്താൻ സിംഹാസനസ്ഥനായിരിക്കും, വളരെ കൃത്യമായും.

103 അവൾ അതിലേയ്ക്ക് കടക്കുന്നതിനു മുമ്പ് മണവാട്ടിയെ പിടിക്കേണ്ടതിനുള്ള, അവസാന വിളി പൊയ്ക്കൊണ്ടിരിക്കുന്നു.

കാരണം ഒരിക്കൽ അതിലായാൽ, അവൾ മൃഗത്തിന്റെ മുദ്ര ഏറ്റ്, നശിച്ചുപോകും. അവൾ അതിൽ നിന്നും ഒരിക്കലും കടന്നു വരില്ല. ആ കാരണത്താലാണ്, അത് അവനിലേയ്ക്ക് കടക്കുന്നതിന് മുമ്പ്, "എന്റെ ജനമായുള്ളോരെ, അവരുടെ ഇടയിൽ നിന്നും വിട്ടുപോരുവിൻ," എന്നു പറയുന്നത്, നോക്കുക. "അവരുടെ ഇടയിൽ നിന്നും പുറപ്പെട്ടു വന്നു, വേർപെട്ടിരിപ്പിൻ."

104 ഇപ്പോൾ, ഈ ഏദെനിൽ, പകയും മരണവും, ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാടുമുണ്ട്; കാമം, അശ്ലീലത, ലൈംഗീകവൈകൃതം (എങ്ങനെ?) തെറ്റായ വിത്തു വിതച്ചതിനാൽ.

105 ഞാൻ പെന്തെക്കോസ്ത് ജനങ്ങളെ ആദ്യമായി കാണുന്നതിനു മുമ്പ് കണ്ട ഒരു ദർശനത്തിൽ, ഒരു മനുഷ്യൻ, വെള്ള നിറമുള്ള വസ്ത്രം ധരിച്ച്, ലോകമെമ്പാടും പോകുന്നത്, എന്റെ ഓർമ്മയിൽ വരുന്നു. ഞാൻ അത് അനേക നേരങ്ങളിൽ പറഞ്ഞിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഒരുവൻ അവന്റെ പിന്നാലെ വന്ന്, കലഹത്തിന്റെ വിത്തു വിതയ്ക്കുന്നു.

106 എന്നാൽ ഹൗവ്വയിൽ...എദെൻ തോട്ടത്തിൽ ഹൗവ്വയുടെ പാപം ചെയ്യാനുള്ള ആഗ്രഹത്താൽ; പാപത്തിന്റെ, ഹൗവ്വയുടെ ഭോഗേച്ഛയാൽ, അവൻ അത് ന്യായമായി സമ്പാദിച്ചു. പിന്നെ, ഹൗവ്വ ജ്ഞാനത്തിനായി ആഗ്രഹിച്ചെങ്കിൽ, അത് പാപമായിരുന്നു.

107 നാം ജ്ഞാനത്തിനായി അതിയായി ആഗ്രഹിക്കുമ്പോൾ, ഒരു പിഎച്ച്.ഡി., എൽഎൽ.ഡി., അങ്ങനെ ചെയ്യുന്നത് അതൊരു പാപമാകുന്നു. അതൊരു കഠിനമായ പ്രസ്താവനയാണ്, എന്നാൽ അത് സത്യമാണ്. അത് എത്രമാത്രം കഠിനമേറിയതാണ് എന്നിരിക്കിലും, അത് അപ്പോഴും സത്യമാണ്, നോക്കു. ജ്ഞാനത്തിനായുള്ള, മനസ്സിലാക്കാനായുള്ള അതിയായ ആഗ്രഹം!

108 അതിന്റെ കാര്യമെന്തെന്നാൽ, ഇന്നു നാം ജനങ്ങളുടെ ഹൃദയങ്ങളിലേയ്ക്ക് ദൈവത്തിന്റെ വചനത്തെ സ്ഥാപിക്കാനായി ശ്രമിക്കുന്നില്ല, എന്നതാകുന്നു. നാം നമ്മെത്തന്നെ സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു. സഭകൾ, സഭകളുടെ ഉപദേശങ്ങളെ ഒരു വ്യക്തിയുടെ ഹൃദയത്തിലേയ്ക്ക് സ്ഥാപിക്കാൻ ശ്രമിക്കുന്നു.

109 ദൈവത്തിന്റെ വചനത്തെ സ്ഥാപിക്കാനായി നമുക്ക് കല്പന ലഭിച്ചിരിക്കുന്നു. പൌലൊസ് പറഞ്ഞു, "നിങ്ങളുടെ വിശ്വാസത്തിന് മനുഷ്യരുടെ ജ്ഞാനമല്ല, ദൈവത്തിന്റെ ശക്തി തന്നെ ആധാരമാക്കേണ്ടതിന്നു, വശീകരണ വാക്കുകളാൽ അല്ല ഞാൻ നിങ്ങളുടെ അടുക്കൽ വന്നത്; എന്നാൽ നിങ്ങളുടെ വിശ്വാസം ദൈവത്തിൽ വിശ്രമിക്കേണ്ടതിന്, എന്റെ വചനവും എന്റെ പ്രസംഗവും

ആത്മാവിന്റെ ശക്തിയുടെ പ്രദർശനത്താലത്രേ ആയിരുന്നത്." അവിടെയാണ് നിങ്ങൾ.

110 മനുഷ്യർ തങ്ങളെത്തന്നെ സ്ഥാപിക്കാൻ പാടില്ല. നാം അത് അവരുടെ കൂട്ടത്തിൽ...കണ്ടു, ദൈവം എന്തെങ്കിലും ഒരു വ്യക്തിയ്ക്ക് ചെയ്ത് അവനെ അയയ്ക്കട്ടെ, ഓരോ മനുഷ്യനും അതിനെ കപടമായി അനുകരിക്കുന്നത് നിങ്ങൾ കണ്ടുപിടിക്കും. നോക്കൂ, അവർ സ്വയം സ്ഥാപിക്കപ്പെടാൻ ശ്രമിക്കുന്നതാണ്. ഓരോ മനുഷ്യനും, "ഞാൻ ഇതു ചെയ്തു, ഞാൻ, എന്റേത്, എന്റെ വിഭാഗീയ സഭ, എനിക്ക്, ഇത്," അവരെത്തന്നെ സ്ഥാപിക്കുന്നു. എന്തിനെക്കുറിച്ചാണ് നാം പ്രസംഗിക്കുന്നത്, നമ്മെക്കുറിച്ചോ അതോ ദൈവ രാജ്യത്തെക്കുറിച്ചോ?

111 ദൈവത്തിന്റെ വചനം സ്ഥാപിക്കുക. അവിശ്വാസത്തെ എടുത്തുമാറ്റിക്കൊണ്ട് ഒരു മനുഷ്യന്റെ ഹൃദയത്തിൽ ദൈവ രാജ്യത്തെ സ്ഥാപിക്കുക. ദൈവം ആ മനുഷ്യനെ അപ്രകാരമായിട്ടല്ല സൃഷ്ടിച്ചിരിക്കുന്നതെങ്കിൽ ആ മനുഷ്യന്റെ ഹൃദയത്തിൽ ദൈവ രാജ്യത്തെ സ്ഥാപിക്കാൻ കഴിയില്ല. അവന് അതിനെ ഇപ്രകാരമുള്ള ഒന്നിൽ...

112 പിന്നെ, ഓർക്കുക, മനുഷ്യർ അത് ശരിയാണ് എന്നു ചിന്തിക്കുന്ന, ആ വഞ്ചനാപരമായ ആ ഭാഗം. നോക്കൂ, "മനുഷ്യ ദൃഷ്ടിയിൽ ഒരു വഴി ചൊവ്വായി തോന്നുന്നു." എല്ലാ ബുദ്ധിപരമായ ജീവികൾക്കും ശരിയെന്നു കാണുന്നു.

113 ചില ഞായറാഴ്ച മുമ്പു ഞാൻ പറഞ്ഞതുപോലെ; എന്റെ മരിച്ചുകൊണ്ടിരുന്ന കുഞ്ഞിന്റെ അടുക്കൽ ഞാൻ നില്ക്കുമ്പോൾ, സാത്താൻ അവിടെ നിന്നുകൊണ്ട് പറഞ്ഞു, "കഴിഞ്ഞ രാത്രിയിൽ, നിന്റെ കൈകളിൽ കിടന്നുകൊണ്ട് നിന്റെ ഡാഡി മരിച്ചു. അവിടെ ഒരു ശവപ്പുരയിൽ നിന്റെ ഭാര്യ മരിച്ചു കിടക്കുന്നു, ഇതാ ഇവിടെ നിന്റെ കുഞ്ഞ് മരിച്ചുകൊണ്ടിരിക്കുന്നു. ഒരു ഉത്തരത്തിനായി നീ അവനോടു ചോദിച്ചപ്പോൾ, അവൻ അതിനെ വലിച്ചിട്ടു...അവൻ നിന്റെ മുകളിലൂടെ ഒരു മറ വലിച്ചിട്ടു. ഇപ്പോൾ, എന്നിട്ടും അവൻ ഒരു നല്ല ദൈവമാണ്, അവൻ ഒരു സൗഖ്യ ദായകനാണ് എന്നു നീ പറയുന്നോ. നീ, ആർക്കുവേണ്ടി നിൽക്കുന്നോ, നീ ശരിയാണ് എന്ന് എന്തിനെയാണോ പറയുന്നത്, നീ തെറ്റാണ്." ഓ, ഓരോ യുക്തിയും, ഓരോ മാനസിക ബുദ്ധിശക്തിയും പറഞ്ഞു, അത് ശരിയാണ്; അവൻ ശരിയായിരുന്നു, അത്രമാത്രം.

114 അങ്ങനെ അവൻ ഹൗവ്വയോടു പറഞ്ഞപ്പോൾ ശരിയായിരുന്നതു പോലെ തന്നെ ആയിരുന്നു, "നിങ്ങളുടെ കണ്ണു തുറന്നു നിങ്ങൾ

നന്മതിന്മകളെ അറിയുന്നവരാകും. ആ വിധത്തിൽ, തെറ്റും ശരിയും എന്താണെന്നു മനസിലാക്കുന്നവരായി, ദൈവങ്ങളായിത്തീരും," എന്തെന്നാൽ ദൈവം അതുവരെയും അവരെ സ്വയമായി, അതായത് അവർ നഗ്നരാണ് എന്നു കാണാൻ അനുവദിച്ചിരുന്നില്ല. അങ്ങനെ അവർ തെറ്റും ശരിയും അറിയുന്നവരായി തീർന്നു, അങ്ങനെ അവൻ ശരിയായിരുന്നു. എന്നാൽ, നിങ്ങൾ നോക്കൂ, അത് ദൈവത്തിന്റെ വചനത്തിന് വിരുദ്ധമായിരുന്നു.

115 അങ്ങനെയാണ് മനുഷ്യ നിർമ്മിതമായ മതവേദശാസ്ത്രം, സെമിനാരികളിൽ ധർമ്മോപദേശികളും പഠിക്കുന്നത്, അത് കാഴ്ചയിൽ ശരിയെന്നു തോന്നും, കാര്യങ്ങളെ മനസ്സിലാക്കാൻ അത് ഒരു നല്ല കാര്യമാണ് എന്നു തോന്നും, എന്നാൽ അത് തെറ്റാണ്.

116 നമുക്ക് അത് മനസ്സിലാക്കേണ്ട ആവശ്യമില്ല. നാം അതു വിശ്വസിക്കുന്നു എന്തുകൊണ്ടെന്നാൽ അത് അപ്രകാരമാണെന്നു ദൈവം പറഞ്ഞു, അതിനാൽ അത് എന്നേയ്ക്കുമായി സ്ഥിരപ്പെട്ടുന്നു. ആ മുഴുവൻ കാര്യവും, അത് വിശ്വസിക്കേണ്ട വിധം അതാണ്.

117 ഓ, ഒരു പിഎച്ച്.ഡി., കിട്ടിയെങ്കിൽ എന്ന് ഹൗവ്വ എങ്ങനെ ആഗ്രഹിച്ചു, നോക്കൂ, അവൾ എന്തായിരുന്നോ അതിലും സാമർത്ഥ്യമുള്ളവളായിത്തീരാനായി അവൾ എങ്ങനെ ആഗ്രഹിച്ചു!

118 മനുഷ്യനും തന്റെ ഭാര്യയും, എപ്രകാരം ഒരുപോലെ ആയിരുന്നു എന്നു ശ്രദ്ധിക്കുവിൻ...ഇപ്പോൾ ശ്രദ്ധിക്കൂ, മനുഷ്യനും ഭാര്യയും, ദൈവത്തിന്റെ ഏദെനിൽ, ഏദെൻ തോട്ടത്തിൽ രണ്ടുപേരും നഗ്നരായിരുന്നു.

119 ഇപ്പോൾ ഞാൻ അവസാനിപ്പിക്കാൻ പോകുകയാണ്. ഒരല്പ നേരമേ ഞാൻ പിടിച്ചു വെയ്ക്കുകയുള്ളു എന്നു ഞാൻ പറഞ്ഞിരുന്നു. നോക്കൂ, അവസാനിപ്പിക്കുമ്പോൾ, ഇപ്പോൾ ശ്രദ്ധിക്കൂ.

120 ഇതിനെ ഇപ്പോൾ താരതമ്യം ചെയ്യൂ, മനുഷ്യനും തന്റെ ഭാര്യയും എപ്രകാരം ഒരുപോലെയുള്ളവരായിരുന്നു, രണ്ടാളും ദൈവത്തിന്റെ ഏദെനിൽ, അവരുടെ മേൽ ഒരു തുന്നിപ്പിടിപ്പിച്ച വസ്ത്രം പോലുമില്ലാതിരുന്നു, അവർ അതു അറിഞ്ഞതുമില്ല. അവർ അത് അറിയാത്തതിന്റെ കാര്യമെന്താണ്? എന്തുകൊണ്ടെന്നാൽ, അവരുടെ നഗ്നത അറിയാനുള്ള ഇന്ദ്രിയത്തെ പരിശുദ്ധാത്മാവിനാൽ, വിശുദ്ധ മറയാൽ, മറച്ചിരുന്നു. അവർക്ക് അന്യോന്യം നോക്കാനാകുമായിരുന്നിട്ടും, അവർ നഗ്നരാണെന്ന് അറിയാൻ കഴിഞ്ഞിരുന്നില്ല. അവർ വിശുദ്ധിയുടെ, പരിശുദ്ധാത്മാവിന്റെ മറയാൽ മറയ്ക്കപ്പെട്ടിരുന്നു. അവർ മറയ്ക്കപ്പെട്ടിരുന്നു.

121 ദൈവത്തിന്റെ മറയാൽ, ഇന്നും, നോക്കാൻ കഴിയും എന്നാൽ ആഗ്രഹിക്കില്ല. അവർ അവരുടെ തലയെ തിരിച്ചുകളയും. അത് ഒരു പരിശുദ്ധമായ മറയാണ്, നോക്കു, പരിശുദ്ധമായ മറ. ദൈവം അവരുടെ കണ്ണുകളെ...അവർ രണ്ടാളും, ഒരാൾ പുരുഷനും മറ്റെയാൾ സ്ത്രീയുമായിരുന്നു, അവർ നഗ്നരാണെന്ന് അവർ അറിഞ്ഞിരുന്നില്ല, എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ പരിശുദ്ധി അവരുടെ കണ്ണുകളെ മറച്ചിരുന്നു. ശ്രദ്ധിക്കു, ദൈവം അവരുടെ പാപത്തിൽ നിന്നുമുള്ള അന്തഃകരണത്തെ, പരിശുദ്ധമായ മറയാൽ, മറച്ചിരുന്നു.

122 കുറച്ചു നിമിഷങ്ങൾകൂടി, ഇതിനുവേണ്ടി ചിലവഴിക്കാനായി നമുക്ക് ഉണ്ടായിരുന്നെങ്കിൽ എന്ന് ആശിക്കുന്നു. ഇവിടേയ്ക്ക് നോക്കു, "കാരണം അവൻ, ആരാധനക്കാരന് ഒരിക്കൽ ശുദ്ധിവന്നശേഷം," എബ്രായർ, "ആരാധനക്കാർക്കു ഒരിക്കൽ ശുദ്ധി വന്നതിന്റെ ശേഷം പാപങ്ങളെക്കുറിച്ചുള്ള മനോബോധം പിന്നെ ഇല്ലായ്കകൊണ്ടു." പാപം അവനിൽ നിന്നും വിട്ടുപോയിരിക്കുന്നു.

123 ഇന്നു രാവിലെ നേരം, സഹോദരൻ നേവിൽ പറയുന്നതു കേട്ടു; പരിശുദ്ധാത്മാവിനെക്കുറിച്ച് ഞാൻ എന്തുകൊണ്ടാണ് പ്രസംഗിക്കാത്തത് എന്ന് ആരോ അദ്ദേഹത്തോടു ചോദിച്ചു എന്ന്, എന്താണ് ഞാൻ *ഇത്* ചെയ്യാത്തത്. അത് ഇവിടെയാണ്. പരിശുദ്ധാത്മാവ് നിങ്ങളിലുള്ള പ്രവർത്തിയാണ്. അതൊരു ജീവതമാണ്, ഒരു വികാരമല്ല; ജഡത്തിൽ പ്രകടമാക്കുന്ന എന്തോ ചിലതല്ല. എന്നാൽ അതൊരു വ്യക്തിയാണ്, യേശുക്രിസ്തു, ഈ കാലത്തിലേയ്ക്കുള്ള ഓരോ വചനത്തെയും ഉണർത്താനായി, ദൈവത്തിന്റെ വചനം നിങ്ങളുടെ ഹൃദയത്തിൽ സ്ഥാപിച്ചിരിക്കുന്നു. ശരി. പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നത് ശ്രദ്ധിക്കു, അത് അത്രയേറെ പ്രകടനം നടത്തുന്നതല്ല; എന്നാൽ, പ്രവർത്തിക്കുന്നത്, വചനപ്രകാരം അത് അത് എന്താണ് ചെയ്യുന്നത്.

124 ശ്രദ്ധിക്കു ഇപ്പോൾ പരിശുദ്ധാത്മാവ്, ദൈവത്തിന്റെ പരിശുദ്ധമായ വചനത്താൽ, ഒരു പുരുഷനും ഒരു സ്ത്രീയും നഗ്നരായിട്ട്, അത് അറിയാതിരുന്നു. എത്ര മനോഹരം, വചനത്താലുള്ള ജീവിതം; ആ വിത്ത്, വചനം!

125 ദൈവം പറഞ്ഞു, "സ്ത്രീ, തോട്ടത്തിന്റെ നടുവിൽ ഒരു വൃക്ഷമുണ്ട്. തോട്ടത്തിന്റെ നടുവിൽ ഈ വൃക്ഷമുണ്ടായിരുന്നു; അതിൽ തൊടുകപോലും ചെയ്യരുത്. കാരണം, നീ അതു തിന്നുന്ന നാളിൽ, ആ ദിവസം നീ മരിക്കും." അവർ അതിൽ നിന്നും പവിത്രമായി മറയ്ക്കപ്പെട്ടിരുന്നു, അതിനെക്കുറിച്ച് യാതൊന്നും അറിയില്ലായിരുന്നു, അതിനെ തൊടാനായി തുനിയുകപോലും ചെയ്തില്ല.

126 അവർ പരിശുദ്ധമായി മറയ്ക്കപ്പെട്ടിരുന്നു. അവർ ദൈവത്തിന്റെ വിശ്രമസ്ഥാനത്ത് സുരക്ഷിതരായിരുന്നു. അവർ ജീവനുള്ളവരായിരുന്നു. അവരുടെ ചുറ്റിനും മരണമുണ്ടായിരുന്നില്ല. ഹല്ലേലൂയാ! അവരിൽ ഒരാൾക്ക് മറ്റെയാളുമായി പരിപൂർണ്ണ സ്നേഹമുണ്ടായിരുന്നത്, എന്നേയ്ക്കുമുള്ള പരിപൂർണ്ണമായ ജീവൻ. അവർക്ക് പരിപൂർണ്ണ സ്നേഹമുണ്ടായിരുന്നു, ദൈവ സ്നേഹത്തിന്റെ പരിപൂണ്ണമായ തിരിച്ചറിവുണ്ടായിരുന്നു. അവരുടെ പക്കൽ ദൈവത്തിന്റെ വചനമുണ്ടായിട്ട്, അതിനെ കാത്തിരുന്നു. അവർ ജീവനുള്ളവരും ചുറ്റുമായി, യാതൊരു മരണവുമില്ലാതെ, ദൈവത്തിന്റെ ഏദെനിൽ സുരക്ഷിതരായിരുന്നു.

127 അതുകഴിയുമ്പോൾ, സാത്താൻ സുവിശേഷ മതവേദശാസ്ത്രം കേൾപ്പിച്ചതിനാൽ അവന് ഹൗവ്വയെ കിട്ടി, അറിവിന്റെ സുവിശേഷം, ഉന്നതമായ പഠനം, ഉന്നതമായ ധർമ്മശാസ്ത്രം, ഏറ്റവും നല്ല നാഗരീകത, ഉന്നത വിദ്യാഭ്യാസവും, മറ്റുള്ളതും; പിന്നെ അവന് അത് കിട്ടിയിട്ട്...അവൾ നിന്ന് ഒരു നിമിഷം അവനെ കേട്ടതേയുള്ളൂ, അവന്റെ യുക്തിചിന്ത (അതിനെ നിരസിച്ചു കളയാൻ നമ്മോടു കല്പിച്ചിരിക്കുന്നു), അത് കേട്ടപ്പോൾ അവളെ അവനു കിട്ടി.

128 "ഇപ്പോൾ, ഇവിടെ നോക്കു, ആ സഭ *ഇന്ന-ഇന്നതാണ്*. അത് ഇത്ര കാലം മുമ്പ് സ്ഥാപിച്ചതാണ്. രാജ്യത്തുള്ള സഭകളിൽ ഞങ്ങളാണ് ഏറ്റവും പുരാതനമായത്. പട്ടണത്തിലെ മേയർ പോകുന്നുണ്ട്." അത് എന്താണെന്ന് ഞാൻ കാര്യമാക്കുന്നില്ല, നോക്കു. അത് ദൈവ വചനത്തിനു വിരുദ്ധമാണെങ്കിൽ, അതിനു വിരുദ്ധമായിരിക്കുക. അത് നിങ്ങളുടെ ശത്രുവാണ്. വചനത്തിനു വിരുദ്ധമായത് എന്തായാലും നിങ്ങളുടെ ശത്രുവാണ്.

129 വചനത്തിനു വേണ്ടിയിട്ടുള്ള സകലതും നിങ്ങളുടെ സഹോദരനാണ്. അവൻ നിങ്ങളുടെ ഒരു ഭാഗമാകുന്നു.

130 ശ്രദ്ധിക്കു, വാസ്തവമായും ലൈംഗീകബന്ധം എന്തായിരുന്നു എന്നറിയേണ്ടതിന്, അവൾ ആ പരിശുദ്ധമായ മറയെ വലിച്ചു മാറ്റി; അതിനെ താരതമ്യപ്പെടുത്തു, വാസ്തവമായും കാമം എന്താണ് ചെയ്യുന്നത്. അവളുടെ കണ്ണുകളിൽ നിന്നും അവൾ ആ മറയെ വലിച്ചു മാറ്റി, അവളുടെ കണ്ണിനുമേൽ ദൈവം ഇട്ടിരുന്ന ആ പരിശുദ്ധമായ കാര്യത്തെ, അതെല്ലാം എന്താണെന്ന് അറിയാനായി, അവൾക്ക് ജ്ഞാനം ആവശ്യമായിരുന്നു. അതെല്ലാം എന്താണെന്ന് അറിയാൻ വേണ്ടി, അവൾ ആ മറയെ വലിച്ചു മാറ്റി. അവൾ സാത്താനെ കേട്ടു, അത് അവളെ ഏതു സ്ഥാനത്തിട്ടു എന്നു കാണുക.

131 അതിനുശേഷം ഓരോ കാലത്തിലും അവർ അതേ കാര്യം തന്നെ ചെയ്തു, എല്ലായ്പ്പോഴും ബുദ്ധിപരമായ വശത്തെ എടുക്കുന്നു; ജ്ഞാനത്താൽ, അവൻ വിതച്ച അവന്റെ വിത്തിനാൽ, സാത്താൻ ഒരു രാജ്യം ഇപ്പോൾ പണിതിരിക്കുകയും, ലോകത്തെ മരണത്തിന്റെ ഏദെനായി എടുത്തിരിക്കുകയും ചെയ്തിരിക്കുന്നു.

132 ഇപ്പോൾ ശ്രദ്ധിക്കു. വെളിപ്പാട് 3-ലെ, ലവോദിക്ക്യാ സഭാ കാലത്തിലേയ്ക്ക് നോക്കു. അത് നിങ്ങളുടെ മനസ്സിലുണ്ട് എന്നു നിങ്ങൾ ചിന്തിക്കുന്നു.

133 ഇപ്പോൾ ശ്രദ്ധിക്കു. അവൾ, ഹൗവ്വ, സാത്താന്റെ റാണിയാണ്. നോക്കു, സാത്താൻ, ആ പാമ്പ്, ഹൗവ്വയെ ആദാമിനു കിട്ടുന്നതിനു മുമ്പേ കിട്ടി. മനസ്സിലായോ? അത് ശരിയാണ്. അങ്ങനെ അവൻ അവളെ വഞ്ചിച്ചു, നോക്കു; അങ്ങനെ സാത്താൻ, ആദാം അവളെ അറിയുന്നതിനു മുമ്പേ ഹൗവ്വയുടെ ഭർത്താവായി തീർന്നു. നോക്കു, അവൻ അവളെ വഞ്ചിച്ചു. അവൻ ചെയ്തെന്നു ബൈബിൾ പറയുന്നു, അതുകഴിഞ്ഞപ്പോൾ, അവൾ നഗ്നയാണെന്നു അവൾ അറിഞ്ഞു. മനസ്സിലായോ?

134 ഇപ്പോൾ ലവോദിക്ക്യാ സഭാ കാലത്തിലേയ്ക്ക് നോക്കു. അവൾ, ഹൗവ്വ, സാത്താന്റെ റാണിയെപ്പോലെ ഇരിക്കുന്നു. "അവൾ ലോകത്തിന്റെ സാമഗ്രികളാൽ ധനികയായിരിക്കുന്നു; വീണ്ടും അന്ധയും, നഗ്നയുമായി, ദൈവത്തിന്റെ ഏദെനിലായിരുന്ന അതേ വിധം, അതറിയാതെയും ഇരിക്കുന്നു." എന്നാൽ ഇപ്പോൾ, അവളുടെ മുഖത്തുള്ള പരിശുദ്ധമായ മറയാലല്ല, എന്നാൽ കാമത്തിന്റെ മറയാൽ. അത്, അവൾ ദൈവത്തിന്റെ പരിശുദ്ധമായ മറ എടുത്തു മാറ്റിയിട്ട്, ആഗ്രഹത്തിനായുള്ള, ജ്ഞാനത്തിന്റെ ഒരു മറയെ ധരിച്ചിരിക്കുന്നു. ഇപ്പോൾ അവൾക്ക് ഒരു ആഗ്രഹത്തിന്റെ മറയാണുള്ളത്, അത് അവൾ പാപത്തിലായി, "അന്ധയായിരിക്കുന്നു." അവൾ തെരുവിൽ, "നഗ്നയായിരിക്കുന്നു, എന്നാലോ അത് അറിയാതെയും ഇരിക്കുന്നു." അവൾ തെരുവിൽ വേശ്യയായിരിക്കുന്നു. സ്ത്രീകൾ ഈ നീളം കുറഞ്ഞ വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നത്, ദൈവദൃഷ്ടിയിൽ, ഒരു വേശ്യയാകുന്നു, "അത് അറിയാതെയും ഇരിക്കുന്നു."

135 ശ്രദ്ധിക്കു, നമ്മുടെ സ്ത്രീകളെ എടുക്കു. ഇപ്പോൾ, സ്ത്രീകളുടെ നടപ്പിനെ ശ്രദ്ധിച്ചാൽ മതി, സഭ ഏതു അവസ്ഥയിലാണ് എന്നറിയാനാകും. അവൾ എല്ലായ്പ്പോഴും സഭയെ പ്രതിനിധാനം ചെയ്യുന്നു. സാത്താന്റെ ഏദെൻ, പാപത്തിലും അവിശ്വാസത്തിലും, ഒരു മതപരമായ വൈകൃതപ്പെടുത്തൽ; വൈകൃതമാക്കപ്പെട്ട രാജ്യം. ദൈവത്തിന്റെ വചനത്തിനെ എടുക്കുന്നതിനു പകരം, അവർ

മനുഷ്യന്റെ ബുദ്ധിപരമായ പഠനത്തെ എടുത്തിരിക്കുന്നു. അവർ സഭയെ എടുക്കുന്നതിനു പകരം സംഘടനകളെ എടുത്തിരിക്കുന്നു, മാത്രമല്ല അവരെ ഒരു മഹത്തായ തലയിലേയ്ക്ക് കൂട്ടിക്കൊണ്ടുവരികയും ചെയ്യുന്നു.

136 ഇപ്പോൾ ശ്രദ്ധിക്കു, നിഷ്കളങ്കത്വത്തിൽ നിന്നും വൈകൃതമാക്കപ്പെട്ടു. ഇത് വിട്ടു പോകരുത്. ഈ ആഗ്രഹത്തിന്റെ മറയാൽ സഭ മുന്നോട്ടു വന്നുകൊണ്ടിരുന്നു. അത് അവളോട്ടു എന്തു ചെയ്യെന്നു ശ്രദ്ധിക്കു. അത്—അത് അവളെ നിഷ്കളങ്കതയിൽ നിന്നും ജ്ഞാനത്തിലേയ്ക്ക് കൊണ്ടുവന്നു. കാണുന്നോ? പരിശുദ്ധ മറയാൽ, അവൾ നിഷ്കളങ്ക ആയിരുന്നു; ആഗ്രഹത്തിന്റെ മറയാൽ, അവൾക്ക് ജ്ഞാനം ലഭിച്ചു. അത് ആനന്ദിപ്പിക്കുന്നതാണ്, എന്നവൾ അറിഞ്ഞിരുന്നു. നോക്കു, അത് എന്തു ചെയ്യുമെന്നു അവൾ അറിഞ്ഞിരുന്നു. അത് ഒരു ഫലമായി, ഒരുവനെ ജ്ഞാനിയാക്കുന്ന, മോഹിപ്പിക്കുന്ന ഒരു വൃക്ഷമായിരുന്നു. മനസ്സിലായോ? അവൾ നിഷ്കളങ്കതയിൽ നിന്നും ജ്ഞാനത്തിലേയ്ക്ക്, പരിശുദ്ധിയിൽ നിന്നും അഴുക്കാടലിലേയ്ക്ക്, ദാഹത്തിലേയ്ക്ക്, ജീവനിൽ നിന്നും മരണത്തിലേയ്ക്ക്, വൈകൃതമാക്കപ്പെട്ടു.

137 ഈ രാജ്യത്വത്തിന് മരിക്കേണ്ടതുണ്ട്. ഈ രാജ്യത്വം മരിക്കും! സ്വർഗ്ഗത്തിലെ ദൈവം ഈ ഭൂമുഖത്തു നിന്നും ഇതിനെ നശിപ്പിക്കും.

138 ശ്രദ്ധിക്കു, ഈ വൈകൃതപ്പെടുത്തലിൽ, ഒരു പുരുഷനിൽ നിന്നും ഒരു സ്ത്രീയായും, ഒരു സ്ത്രീയിൽ നിന്നും ഒരു പുരുഷനുമായി തീരുന്നു, "മാത്രമല്ല അത് അറിയാതെയും ഇരിക്കുന്നു." നമ്മുടെ പരിഷ്കാരികളായ ജനങ്ങളെ, ഇന്നത്തെ തെരുവുകളിൽ നിങ്ങൾ നോക്കിയാൽ, സാത്താന്റെ ഏദെനിലെ ഒരു നല്ല ഉല്പന്നം, കാണാം.

139 ശ്രദ്ധിക്കു, ആദാമിനെക്കൊണ്ട് പാപം ചെയ്യിക്കാനായി സാത്താൻ ഹൗവ്വയുടെ ആഗ്രഹത്തിന്റെ ശക്തിയെ ഉപയോഗിച്ചു. ഇപ്പോഴും അതു തന്നെ, ഇന്നും അതേ കാര്യം തന്നെ ചെയ്യുന്നു. ശ്രദ്ധിക്കു, ബോബ് ചെയ്ത മുടി, ചായം പൂശിയ മുഖം, ലൈംഗീകമായ വസ്ത്രധാരണം, നോക്കു, അവൾ അതു ചെയ്യുകയും, ആ ഓരോ കാര്യവും ദൈവത്തിന്റെ വചനത്തിനു വിരുദ്ധമായിരിക്കുന്നു എന്നറിയാതെയും ഇരിക്കുന്നു. അവളുടെ മുടി മുറിയ്ക്കുക, അവളെ ഒരു വേശ്യയായി, നാണംകെട്ട സ്ത്രീയാക്കിത്തീർക്കുന്നു. നീളം കുറഞ്ഞ മുറിക്കാലുറകൾ ധരിക്കുക, അവളെ ലജ്ജാവഹമാക്കുന്നു. അവളുടെ മേൽ ലൈംഗീകത പ്രദർശിപ്പിക്കുന്നതുപോലുള്ള വസ്ത്രം ധരിക്കുക, അവളെ ഒരു വേശ്യയാക്കിത്തീർക്കുന്നു. "മാത്രമല്ല അവൾ അത് അറിയാതെയും ഇരിക്കുന്നു." ദൈവത്തിന്റെ പവിത്രത ഇല്ലാത്തതിനാൽ അല്ല;

സാത്താന്റെ ആഗ്രഹത്താൽ. അവൾ അവളെ അനുവദിച്ചു...അവളെ കാമിക്കാനായി ആദാമിനെ അവൾ ഇടയാക്കി.

140 അവൾക്ക് ഈ വനാന്തരത്തിലൂടെ യാത്ര ചെയ്യാനായി, ഏദെന്റെ പിന്നിൽ, വെച്ച് ദൈവം അവളെ ധരിപ്പിച്ച വസ്ത്രങ്ങളെ അവൾ ഉരിഞ്ഞുകളഞ്ഞിരിക്കുന്നു. അവൾ അവയെ അഴിച്ചുകളഞ്ഞിരിക്കുന്നു. അവൾ സ്വയം അതിനെ നീക്കം ചെയ്തിരിക്കുന്നു. ദൈവം അവളുടെ ചർമ്മത്തിനു ചുറ്റും മുഴുവനായി അവളെ ചുറ്റിയിരുന്നപ്പോൾ; അവൾ അതിൽ നിന്നും ഓരോ തവണയും അല്പാല്പമായി ചെത്തിക്കളഞ്ഞിട്ട്, ഇപ്പോൾ അവൾ ആരംഭത്തിൽ എപ്രകാരം ആയിരുന്നോ അപ്രകാരമായി തീർന്നിരിക്കുന്നു.

141 ഇപ്പോൾ അവളുടെ അടിവസ്ത്രങ്ങൾ ധരിക്കുന്ന ആദാമിനെ അവൾക്ക് കിട്ടിയിരിക്കുന്നു. ഒരു പുരുഷൻ അത്തരത്തിലുള്ള കാഴ്ചയ്ക്ക്-സ്ത്രൈണസ്വഭാവുള്ള നീളം കുറഞ്ഞ വസ്ത്രങ്ങളുമായി, അവിടെ നിൽക്കുമ്പോൾ, അവനിൽ ഒരു പുരുഷത്വം ഉള്ളതായി ഞാൻ വിചാരിക്കുന്നില്ല. എന്റെ അറിവിൽ അവൻ ഏറ്റവും വലിയ സ്ത്രൈണസ്വഭാവമുള്ള വ്യക്തിയാണ്. കാണുന്നോ? നോക്കു, നോക്കു, അവളുടെ അടിവസ്ത്രങ്ങളെയും ധരിച്ചുകൊണ്ട്, അവളെപ്പോലെ പെരുമാറുന്ന അവളുടെ വൈകൃതമാക്കപ്പെട്ട ആദാമിനെ അവൾക്കു കിട്ടിയിരിക്കുന്നു. അവളുടെ അടിവസ്ത്രങ്ങൾ ഒഴികെ മറ്റെല്ലാ വസ്ത്രങ്ങളും ഉരിഞ്ഞു കളഞ്ഞിരിക്കുന്നതു കാണുമ്പോൾ അവൾ ആ കാണാൻ കഴിയാത്തിടത്ത് എങ്ങനെയാകും എന്നു കാണിക്കുന്നു. അതാണ് മുട്ടുവരെയെത്തുന്ന അരവസ്ത്രം. കാരണം, അത് സ്ത്രീകളുടെ അടിവസ്ത്രങ്ങളാണ്, മാത്രമല്ല അത് ഇവിടെ അവളുടെ ആദാം ഇപ്പോൾ ധരിക്കുന്നു. അത്, ദൈവത്തിന്റെ മൂല വചന പ്രകാരം, "ഒരു പുരുഷന്റെ വസ്ത്രം സ്ത്രീ ധരിക്കുന്നതും, ഒരു സ്ത്രീയുടെ വസ്ത്രം പുരുഷൻ ധരിക്കുന്നതും; അങ്ങനെ ചെയ്യുന്നവരൊക്കെയും നിന്റെ ദൈവമായ യഹോവെക്കു വെറുപ്പാകുന്നു," ഇത് മൂല വചനത്തിൽ നിന്നുമാണ്. അതിനെക്കുറിച്ച് ചിന്തിച്ചു നോക്കു!

142 ഇപ്പോൾ, അവൻ അവളുടെ ബാങ്ക്സും കൂടെ ധരിക്കുന്നു. അവൻ അവയെ താഴേയ്ക്ക് ചീകിയിട്ട്, അതിൽ ഒരു ചുരുട്ടാനുപയോഗിക്കുന്ന ചീർപ്പ് പിടിപ്പിക്കുന്നു. എന്റെ ജീവിത്തിൽ കണ്ടിട്ടുള്ളതിൽ വെച്ച്, ഏറ്റവുമധികം വിവശനാക്കുന്ന കാഴ്ചയാണ്, ഇവിടിരിക്കുന്ന ചില ചെറിയ കുട്ടികൾക്ക് അതിന്റെ ബാങ്ക്സ് *ഇപ്രകാരം* ചീകി താഴ്ത്തിയിട്ടിരിക്കും പോലെ, മാത്രമല്ല നിറം തേച്ച്, മുടിയെ ബ്ലീച്ച് ചെയ്ത്, ഏതോ വിധത്തിലുള്ള പെറോക്സൈഡിനാൽ, അവരുടെ മുടിയെ ബ്ലീച്ച് ചെയ്ത്, ചുരുളുകളായി ചുരുട്ടി, ബാങ്ക്സുകളാക്കുന്നു.

സ്ത്രൈണസ്വഭാവമുള്ളവരാണ് നിങ്ങൾ! അത് പുൽപ്പിറ്റിൽ നിന്നും പറയുക എന്നത് ഒരു ഭയാനകമായ കാര്യമാണ്, എന്നാൽ ന്യായവിധി ദൈവത്തിന്റെ ഭവനത്തിൽ നിന്നും ആരംഭിക്കുന്നു. നിങ്ങൾ ഒരു പുരുഷനാണോ അഥവാ ഒരു സ്ത്രീയാണോ എന്നുപോലും നിങ്ങൾക്കറിയാനാകില്ല. മുട്ടുവരെയെത്തുന്ന അരവസ്ത്രങ്ങളുമായി നമ്മുടെ അമേരിക്കൻ ഐക്യനാട്ടിലെ പട്ടാളം വരാൻ പോകുന്നു എന്നു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. അത് ശരിയാണ്. വൈകൃതപ്പെടുത്തൽ എന്താണെന്ന് കാണുന്നോ? അത് ഒരു സ്ത്രീയുടെ വസ്ത്രമാണ്; അവളുടെ ബാങ്ക്സുകളെ ധരിക്കുന്നു.

143 കഴിഞ്ഞ ദിവസം ഞാൻ, ഹോവേർഡ് ജോൺസന്റെ അടുക്കലായിരുന്നു; ഇവിടെയുള്ളതല്ല, ആ പുറത്തേയ്ക്ക് പോകുന്ന റോഡിലുള്ളത്. ഞാൻ അവിടെ വിനോദസ്ഥലത്തിന്റെ പുറകിൽ അവിടെ ഇരിക്കുകയായിരുന്നു. അവിടെ ഒരു ചെറിയ ആൺകുട്ടി വന്നു, അവന്റെ വായ് തുറന്നിരുന്നു. അവന് *ഇവിടെ* വളരെ കറുത്ത മുടിയുണ്ടായിരുന്നിട്ട്, അതിനെ ഒരു വശത്തേയ്ക്ക് ചരിച്ച് ചീകിയിരുന്നു; മാത്രമല്ല അതിൽ ഒരു ചുരുളും വെച്ചിരുന്നു, അവന്റെ കണ്ണിനു മുകൾ വശത്തായി, അതിനെ മുകളിലേയ്ക്ക് ചുരുട്ടി വെച്ചിരുന്നു. ചുറ്റിനും പോകുമ്പോൾ, അവന്റെ കണ്ണിന്റെ മുകളിലൂടെ നോക്കുന്നുണ്ടായിരുന്നു. ഞാൻ എപ്പോഴെങ്കിലും ഒരു വൈകൃതമാക്കൽ കണ്ടിട്ടുണ്ടെങ്കിൽ! നോക്കു, അവൻ അതു വിശ്വസിക്കില്ല. അവൻ ഒരു ആൺകുട്ടിയാണ് എന്ന് അവന് തെളിയിക്കാൻ കഴിയും, എന്നാൽ ആത്മാവിൽ അവൻ ഒരു പെൺകുട്ടിയാണ്. വീട്ടിലെ ഏതു വശത്താണ് അവൻ ഉള്ളതെന്ന് അവന് അറിയില്ല. അത് ശരിയാണ്. എത്ര വൈകൃതപ്പെട്ടിരിക്കുന്നു!

144 അതാണ് സാത്താൻ ചെയ്യുന്നത്. അവൻ രാജ്യങ്ങളെ വൈകൃതപ്പെടുത്തുന്നു. അവൻ സഭയെ വൈകൃതപ്പെടുത്തുന്നു. അവൻ ജനങ്ങളെ വൈകൃതപ്പെടുത്തുന്നു. അവൻ ഒരു വഞ്ചകനാണ്, മൂല സത്യത്തെ വൈകൃതപ്പെടുത്തുന്ന ഒരുവനാണ്.

145 ദൈവം ഒരു മനുഷ്യനെ ഒരു മനുഷ്യനായി സൃഷ്ടിച്ചു. അവൻ ഒരു സ്ത്രീയെ ഒരു സ്ത്രീയായി സൃഷ്ടിച്ചു. അവൻ അവരെ വ്യത്യസ്തമായി വസ്ത്രധാരണം ചെയ്യിച്ചു, അവൻ അവരെ ആ വിധത്തിൽ കഴിയാനും ആ വിധത്തിൽ തുടർന്നു പെരുമാറാനും അർത്ഥമാക്കി; ഒന്ന് സ്ത്രീയുടെ ഗുണമുള്ളത്, മറ്റേതിന് പുരുഷഗുണം. അവൻ ആദാമിനെ ഏദെൻ തോട്ടത്തിൽ വേർതിരിച്ച്, ഇങ്ങനെ ചെയ്തിട്ട്, ഹൗവ്വയെ അവനിൽ നിന്നും വേർപെടുത്തി.

146 ഇപ്പോൾ അവളുടെ ബാങ്ക്സുകളെ ധരിക്കുക; അവൾ അവളുടെ മുടി അവന്റേതു പോലെ മുറിക്കുന്നു, അവൻ അവൾക്കുള്ളതു

പോലെയുള്ളതു ധരിക്കാൻ ശ്രമിക്കുന്നു. കാണുന്നോ? അവൾ അവൻ പുറമെ ധരിക്കുന്ന വസ്ത്രങ്ങൾ ധരിക്കുന്നു, അവൻ അവളുടെ അടി വസ്ത്രങ്ങൾ ധരിക്കുന്നു. ഇപ്പോൾ, അത് ദൈവനിന്ദകമായി കേട്ടേയ്ക്കാം, എന്നാൽ ഞാൻ അതിനെ അങ്ങനെ അർത്ഥമാക്കിയില്ല. അത് കൃത്യമായും സുവിശേഷ സത്യമാണ്. നിങ്ങൾക്ക് അത് അറിയില്ലെങ്കിൽ, എന്നാൽ നിങ്ങളിൽ എന്തോ തെറ്റായിട്ടുണ്ട്; ഒന്നുകിൽ നിങ്ങൾ അന്ധനാണ്, അതല്ലെങ്കിൽ നിങ്ങൾ ഒരിക്കലും തെരുവിൽ ഇറങ്ങിയിട്ടില്ല. മാത്രമല്ല അവൾ ചിന്തിക്കുന്നതും അവൻ ചിന്തിക്കുന്നതും അത് ശരിയെന്നാണ്, അവൾ എവിടെയോ അലഞ്ഞു നടക്കുകയാണ്.

സ്ത്രീകൾ പറയുന്നു, "അതെ, അത് അത്രയേറെ ചൂടാണ്!"

147 പണ്ടത്തെ അപ്പാച്ചേ ഇൻഡ്യാക്കാർ നിങ്ങളെ സ്വയം ലജ്ജിക്കാൻ ഇടവരുത്തും. അവർക്ക് ചൂട്ട കൂടുന്തോറും, അവരെ സൂര്യന്റെ ചൂടിൽ നിന്നും കാക്കേണ്ടതിന്, അവരുടെ മേൽ അവർ കൂടുതൽ വസ്ത്രങ്ങളിടും; ഓ, അത് അതിനെ വിയർപ്പിക്കുകയും, അവർ നടന്നു പോകുമ്പോൾ അങ്ങനെ അവർക്കു ഒരു എയർ കണ്ടിഷണർ കിട്ടുന്നു. കാണുന്നോ? അവർക്ക് സൂര്യന്റെ നേർക്ക് നിൽക്കാൻ കഴിയുമായിരുന്നു.

148 നിങ്ങൾക്ക് ഒന്നിന്റെയും മുന്നിൽ നിൽക്കാനാകില്ല; നിങ്ങൾ തീപ്പൊള്ളലേറ്റ് കത്തിപ്പോകും. എന്നാൽ, നിങ്ങൾ, നോക്കൂ, അതിനെയാണ് നിങ്ങൾ ഉന്നത വിദ്യാഭ്യാസം എന്നു വിളിക്കുന്നത്. നൂതന ശാസ്ത്രം ഇതാണ് ഉളവാക്കിയത്. ഓ, എന്റെ! അവിടെയായിരിക്കുന്നു അവൾ, ലവോദിക്ക്യായിൽ "നഗ്നയും, അത് അറിയാതെയും ഇരിക്കുന്നു."

149 അവൾ ഏദെനിൽ നഗ്നയായിരുന്നു. രണ്ടു രാജ്യവും ഒരുപോലിരിക്കുന്നത് കാണുന്നോ? ഒന്ന് പാപവും മരണവും; മറ്റേത് നീതിയും ജീവനും. അവിടെ അവൾ പരിശുദ്ധമായ മറയാൽ മറയ്ക്കപ്പെട്ടിരുന്നു. അവർ രണ്ടാളും നഗ്നരായിരുന്നു; അവർ അത് അറിഞ്ഞിരുന്നില്ല. അതിനെപ്പറ്റി അവർക്ക് യാതൊന്നും അറിയില്ലായിരുന്നു, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ ആത്മാവിനാൽ മറയ്ക്കപ്പെട്ടിരുന്നു.

150 ഇവിടെ അവർ ആഗ്രഹത്താൽ മറയ്ക്കപ്പെട്ടിരിക്കുന്നു, അതുമല്ല അവർ ഒരാളെ മറ്റെയാൾ നോക്കുന്നത്...നോക്കൂ, ആദാം ഹൗവ്വയെ നേരെ നോക്കിയാലും, അവൾ നഗ്നയാണെന്ന് അറിയാൻ കഴിയില്ലായിരുന്നു. എന്നാൽ ഇപ്പോഴുള്ള ഈ ആഗ്രഹത്തിന്റെ മറയാൽ, അവൾ നഗ്നയാണെന്ന് തിരിച്ചറിയാൻ കഴിയുന്നില്ല, എന്നാൽ അവൾ ഈ ആഗ്രഹത്തിന്റെ മറയാൽ അവളെ പുരുഷൻ

നോക്കാനായി അങ്ങനെ ചെയ്തിരിക്കുന്നു. അതിനായി ചെയ്യാനാകുന്ന ഏക കാര്യം അതാണ്. നിങ്ങൾ അത് വിശ്വസിക്കില്ല, എന്നാൽ എങ്ങനെയായാലും നിങ്ങൾ അത് ചെയ്യുന്നു, മാത്രമല്ല പുരുഷൻ നോക്കുകയും ചെയ്യുന്നു. നിങ്ങൾ അത്രമാത്രം ആകർഷത്വം ഉള്ളതായി അവൻ കാണുകയും, അവൻ ചിറ്റിനും തിരിഞ്ഞിട്ട്, നിങ്ങളുടെ ചില തുണിത്തരങ്ങൾ അവന്റെ മേൽ ഇടുകയും ചെയ്യുന്നു.

151 ഓ, എന്തൊരു വൈകൃതമാക്കൽ! എന്തൊരു കാലം! എത് സമയത്താണ് നാം...അത് എത്ര വഞ്ചന നിറഞ്ഞതാണ്! ഓ, ഈ എല്ലാ കാര്യങ്ങളും, "അത് അറിയാതെയും ഇരിക്കുന്നു," സമ്പൂർണ്ണമായും വൈകൃതപ്പെട്ട ഒരാത്മാവ് മനുഷ്യനിലായിരിക്കുന്നു. അവൻ സാത്താന്റെ ആഗ്രഹത്താൽ മറയ്ക്കപ്പെട്ടിരിക്കുന്നു, അതുപോലെ തന്നെ സ്ത്രീയും, കൂടെയായിരിക്കുന്നു. ഇത് സാത്താന്റെ ആത്മാവുള്ള ഒരു വലിയ സമൂഹമാണ്, കാണുക. അവർക്ക് അറിയില്ല, എന്നാൽ അവർ ഒരു സംഘടനയാണ്. സ്ത്രീകൾ മുട്ടുവരെയെത്തുന്ന അരവസ്ത്രങ്ങൾ, ഒരു സംഘടനയിൽ ഉൾപ്പെട്ടിരിക്കുന്നു. പുരുഷനും അങ്ങനെ വസ്ത്രം ധരിക്കുകയും, ഒരു സംഘടനയിൽ ആയിരിക്കുകയും ചെയ്യുന്നു. അതിന്റെ ചുരുക്കപ്പേർ ഞാൻ നിങ്ങൾക്കു തരാം, ബി.ബി.എസ്. ബിഗ് സിസ്റ്റർ സൊസൈറ്റി, അങ്ങനെ അവർ അതിൽ ഉൾപ്പെട്ടവരാണ്. ഒരു വലിയ സ്ത്രൈണവർഗ്ഗക്കാരുടെ സൊസൈറ്റിയിൽ നിന്നും, ആ നീളം കുറഞ്ഞ പാന്റ്സ് ധരിക്കുന്നവരുടെ ഇടയിൽ നിന്നും, കാഴ്ചയ്ക്കു വൃത്തികെട്ടവരായി കാണുന്ന, സങ്കീർണ്ണമായി വലുതും പഴയതുമായി കാണപ്പെടുന്നവരുടെ കൂട്ടത്തു നിന്നും, പുറപ്പെട്ടു വരിക. ഞാൻ—ഞാൻ...

152 പുരുഷൻ, ഇപ്പോൾ ഇതുമായി നിങ്ങൾ എന്നോടു യോജിച്ചില്ലെന്നു വരാം, എന്നാൽ ഇത് സത്യമാണ്. നിങ്ങൾ വൈകൃതപ്പെട്ടു കഴിഞ്ഞിരിക്കുകയും അത് അറിയാതെയുമിരിക്കുന്നു. നിങ്ങളല്ല, ഇനിമേൽ നിങ്ങൾ ഒരു പുരുഷനെപ്പോലെ പെരുമാറില്ല. നോക്കു, ലോലപ്പെട്ടുകൊണ്ടിരിക്കുന്നു; പിന്നെ, അവരുടെ മകൻ, അവരിൽ അല്പവും മുകളിയാരിക്കില്ല; പുരുഷന്മാരും സ്ത്രീകളും, അങ്ങനെതന്നെ. അവർ ഒരു സൊസൈറ്റിയാണ്. അത് ഒരു സംഘടനയാണ്. എന്താണ്? "അടുത്ത വാതിലിലെ, ജോൺ, മുട്ടുവരെയെത്തുന്ന അരവസ്ത്രങ്ങൾ ധിരിക്കുന്നു, പിന്നെന്താ എനിക്ക് ചെയ്തുകൂടാത്തത്?" എന്തുകൊണ്ടെന്നാൽ, അടുത്ത വാതിലിലെ, ജോൺ അത് ധരിക്കുന്നതിനാൽ ഞാൻ അതു ധരിക്കണമെന്നു ല്യൂല്ലാ ആഗ്രഹിക്കുന്നു. മാത്രമല്ല, അതെ, സ്യൂസെയും ജെനെയും അവയെ ധരിക്കുന്നെങ്കിൽ, അഥവാ സൂസിയ്ക്കും ലിയോയ്ക്കും, അതുമല്ല അവളുടെ

പേർ എന്തു തന്നെയായാലും ശരി, മാർത്തയ്ക്കും ജെനെയ്ക്കും അതു ധരിക്കാമെങ്കിൽ. നോക്കു, നോക്കു, അതൊരു സൊസൈറ്റിയാണ്. അതൊരു സംഘടനയാണ്. നിങ്ങൾ ആത്മീയമായി അതിൽ ഉൾപ്പെട്ടിരിക്കുകയും, അത് അറിയാതെയും ഇരിക്കുന്നു.

153 അത് അപ്രകാരമാണെങ്കിൽ, അത് അങ്ങനെയാണെന്ന് നാം കണ്ടിരിക്കുന്നു, അതിനാൽ നിങ്ങൾ അന്ധരായിരിക്കുന്നു. സാത്താൻ നിങ്ങളിലേയ്ക്ക് കെട്ടുപിണഞ്ഞ ഈ വിഭാഗീയ സഭകളാൽ നിങ്ങൾ അന്ധരായിരിക്കുന്നു. അത് ദൈവത്തിന്റെ മൂല വചനത്തിനും, അവന്റെ രാജ്യത്തിനും, അവന്റെ കുഞ്ഞുങ്ങൾക്കും വേണ്ടിയിട്ടുള്ള അവന്റെ പദ്ധതിയെയും വൈകൃതപ്പെടുന്നതാണ്. സാത്താൻ പുരുഷന്മാരെയും സ്ത്രീകളെയും അതിലേയ്ക്ക് കെട്ടുപിണഞ്ഞിരിക്കുന്നു, അവർ അത് അറിയാതെയുമിരിക്കുന്നു. ഒരു വൈകൃതപ്പെടുത്തിയത്!

154 ഒരു ദൈവപുത്രനായി തുടരുന്നില്ല! അവന്റെ മുഖത്തുകൂടെ ബാങ്ക്സ് തൂങ്ങിക്കിടക്കുകയും, ഒരു ജോഡി മുട്ടുവരെയെത്തുന്ന അരവസ്ത്രങ്ങളുമായി, തെരുവിലൂടെ; ഒരു ദൈവത്തിന്റെ മകൻ, ട്രക്കിലൂടെ ചരക്കുകൾ കൊണ്ടുപോകുന്ന സമ്പ്രദായത്തിലാണ്. ഒരു ചർച്ചിലെ ഡീക്കനോ, ഒരു പുൽപ്പിറ്റിലെ പാസ്റ്ററോ? അല്ല, അതൊരു ദൈവ മകനല്ല. അവൻ ഒരിക്കലും ദൈവത്തിന്റെ ചിന്തിക്കുന്ന മനുഷ്യന്റെ ഫിൽറ്ററിലൂടെ വന്നതല്ല. അവന് അങ്ങനെ സ്ത്രീകളുടെ വേഷം ധരിക്കാൻ കഴിയില്ല; തീർച്ചയായും അവൻ ചെയ്യില്ല, അതുമല്ല അവൾ പുരുഷന്റെ വസ്ത്രം ധരിക്കുകയുമില്ല. നോക്കു. അത് ദൈവത്തിന്റെ ഒരു മകനല്ല. അതൊരു സാത്താന്റെ പുത്രനും, സാത്താന്റെ പുത്രിയുമാണ്. പറയുന്നത് കഠിനമായ കാര്യം!

155 ഈ ലോകം വൈകൃതമാക്കുന്നതിനും ഏറ്റെടുക്കുന്നതിനും, അവന്റെ രാജ്യമാക്കി മാറ്റുന്നതിനുമായി, സാത്താൻ വിജയിച്ചിരിക്കുന്നു; ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാം എന്നതുപോലെ, അവർ ഏതുവിധം ജീവിക്കണം എന്നു തിരഞ്ഞെടുക്കാം, മനുഷ്യന് എന്തും ധരിക്കാം എന്ന വിധത്തിലാക്കി. അത് നിങ്ങളുടെ ഹൃദയത്തിൽ എന്താണ് എന്നു കാണിക്കുന്നു. മനസ്സിലായോ? നിങ്ങളുടെ ശബ്ദം...എന്താണെന്ന് നിങ്ങൾക്കറിയാമോ? നിങ്ങളുടെ പ്രവർത്തികൾ അത്രയേറെ ഉച്ചത്തിൽ സംസാരിച്ചിട്ട്, അത് നിങ്ങളുടെ ശബ്ദത്തെ തുറന്നിടുന്നു. ഊഹ്-ഹാ!

156 എന്നെ ഒരു മനുഷ്യന്റെ അടുക്കൽ പോകാൻ അനുവദിക്കുക. പറയും, "ഓ, ഞാൻ...നാം എല്ലാവരും ക്രിസ്ത്യാനികളാണ്. നാം സഭയിൽ ഉൾപ്പെട്ടിരിക്കുന്നു." ഗാനത്തിന് അനുസരണമായി വസ്ത്രം അഴിച്ചുകൊണ്ടുള്ള നൃത്തം ചെയ്യുന്ന ചിത്രങ്ങൾ അവന്റെ

ഓഫീസിൽ മുഴവനും ഇക്കിയിരിക്കുന്നു! ഹും! അവൻ എന്താണോ എന്നോട് പറഞ്ഞ് അതിൽ ഒരു വ്യത്യാസവും കാണുന്നില്ല, എനിക്ക് അതിനെക്കാൾ വളരെ നന്നായറിയാം; അങ്ങനെ തന്നെ നിങ്ങൾക്കും.

157 നീളം കുറച്ച മുടിയുമായി, ഒരു സ്ത്രീ അവൾ, ക്രിസ്ത്യാനിയാണെന്നു പറയുകയോ? ഹും-ഹാ! അതിലും വളരെ നന്നായി നിങ്ങളറിയുന്നു, നോക്കു. അതെ, സർ. ചായം പൂശിയും മേക്കപ്പ് ചെയ്തുകൊണ്ട്, കാൽമുട്ടുവരെയുള്ള അരക്കച്ച ധരിച്ചിട്ട്, അവൾ ഒരു ക്രിസ്ത്യാനിയാണെന്നു പറയുകയോ? അതിലും നന്നായി നിങ്ങളറിയുന്നു. അതിലും നന്നായി നിങ്ങളെ ദൈവത്തിന്റെ വചനം പഠിപ്പിക്കുന്നു. ഒരു ക്രിസ്ത്യാനി ആയിരുന്നാൽ അവൾക്ക് അങ്ങനെ ചെയ്യാനാകില്ലെന്നു വചനം പറയുന്നു. അവൾ ബഹുമാനിക്കപ്പെടാൻ പോലും യോഗ്യതയില്ലാത്തവളും, മറ്റുമാകുന്നു. അവന്റെ രാജ്യത്തിൽ ദൈവം എങ്ങനെയാണ് ഒരു ബഹുമാനിക്കപ്പെടാൻ കഴിയാത്തതിനെ വെയ്ക്കാൻ പോകുന്നത്? ഇല്ല, സർ, ഒരിക്കലും ഇല്ല. ഇല്ല, സർ. അവർ സ്വയം തന്നെ, അവരുടെ ആശകളെ കാണിക്കുന്നു.

158 നിങ്ങൾക്ക് ഒരു ശവംതീനി പരുന്തിന്റെ ഇടയിലേയ്ക്ക് ഒരു പ്രാവിനെ കടത്തി വിടാൻ കഴിയില്ല, ഒരിക്കലുമില്ല. ഒരു പ്രാവിന് പിത്താശയമില്ല. അവന് ആ പഴയ ജീർണ്ണിച്ച മാംസം തിന്നാൻ കഴിയില്ല. അവൻ അതിന്റെ ഒരു ചെറിയ കഷ്ണമെടുത്താൽ, അത് അവനെ കൊന്നുകളയും, എന്നവൻ അറിയുന്നു. എന്നാൽ ഒരു ശവം തീനി പരുന്തിനു എന്തു വേണമെങ്കിലും കഴിക്കാം. കാണുന്നോ? അവന് അത് ദഹിപ്പിക്കാനാകുന്ന വിധത്തിലെ പിത്താശയമുണ്ട്.

159 അതേ കാര്യം തന്നെ, ഇന്നു ലോകത്തിൽ അപ്രകാരം ആയിരിക്കുന്നു എന്നു, നിങ്ങൾ കണ്ടുപിടിച്ചു, "അവർ നഗ്നരാണ്, അന്ധരാണ്, എന്നാലോ അവർ അതറിയാതെയുമിരിക്കുന്നു."

160 ലൈംഗീകതയ്ക്കുവേണ്ടി, സ്ത്രീയുടെ ജ്ഞാനത്തിനായുള്ള ആഗ്രഹത്തിനായി സാത്താൻ അതു ചെയ്തു, അത് അവളുടെ സ്വന്ത തിരഞ്ഞെടുപ്പിനാൽ അവൾ ചെയ്തു. ഇപ്പോൾ ശ്രദ്ധിക്കു, തെറ്റിലേയ്ക്ക് ആദാമിനെ നയിച്ചത് ഹൗവ്വയായിരുന്നു. അവളുടെ ആദാം തന്റെ വസ്ത്രം മാറ്റുന്നതിനു മുമ്പ് സ്ത്രീയാണ് അവളുടെ വസ്ത്രത്തെ എടുത്തു മാറ്റിയത്. മനസ്സിലായോ? എപ്പോഴും, അത് സ്ത്രീയാകുന്നു. അത് എപ്പോഴും ആയിരുന്നു. അത് ഇപ്പോഴും ആ വിധത്തിൽതന്നെ ആകുന്നു.

161 മനുഷ്യനെ ഉഴലുന്നവനാക്കിയത് സഭയാണ്. അത് സഭയാണ്, നോക്കു, അത് മനുഷ്യനെ ഒരു ദൈവ മകനായിരിക്കാൻ ആഗ്രഹിച്ച്

നയിക്കുന്നു. അത് സ്ത്രീയായ, സഭയാണ്. ബൈബിൾ, ദൈവം, അല്ല, കാരണം ബൈബിൾ പുരുഷനാണ്. ഓ, അതെ, “വചനം ജഡമായിതീർന്നു,” അവൻ ഒരു പുരുഷനായിരുന്നു. കാണുന്നോ? ബൈബിൾ ഒരു പുരുഷനാണ്; സഭ ഒരു സ്ത്രീയും. മനസ്സിലായോ? സഭയല്ല...ബൈബിൾ മനുഷ്യനെ ഉഴലുന്നവനാക്കി. സഭയാണ് അവനെ ഉഴലുന്നവനാക്കി തീർത്തത്. അവൻ നഗ്നനായി പോകുന്നത്, ബൈബിളിലേയ്ക്കല്ല, സഭയിലേയ്ക്കാണ്. കാണുന്നോ? അല്ല, തീർത്തും അല്ല. അവൻ നഗ്നനാണെന്നു ബൈബിൾ അവനോടു പറയുന്നു. അതെ, സർ.

162 ഇപ്പോൾ എങ്ങനെയാണെന്നു ശ്രദ്ധിക്കു, ലൈംഗീബന്ധത്താൽ, ലൈംഗീക ബന്ധന്റെ ആഗ്രഹത്താൽ, *ഇത്* എന്താണ്, എങ്ങനെയാണ്, ഈ ഫലം നല്ലതോ അല്ലയോ എന്നറിയാനായി, അവൾ ജ്ഞാനത്തിനു വേണ്ടി ആഗ്രഹിച്ചു. അതുമല്ല അവൾ അതു ചെയ്യുകയും ചെയ്തു.

163 ഒരു മനുഷ്യനിലൂടെ, ഏതെങ്കിലും ഒരു നാൾ, ദൈവം അതിനെ തിരികെ എടുക്കും. അത് ഒരു സ്ത്രീയാൽ അടിയറ ചെയ്തതാണ്. എന്നാൽ അത് ഒരു മനുഷ്യനാൽ വീണ്ടെടുത്തിരിക്കുന്നു; യേശുക്രിസ്തു, എന്ന മനുഷ്യനാൽ, അത് വചനമാണ്.

164 പിന്നെ അത് എന്താണ്? അവസാനിപ്പിക്കുമ്പോൾ, ശ്രദ്ധിക്കു. വളരെ നാളുകളാകില്ല ഇവിടെ, ഞാൻ ഈ പ്രസ്താവന നടത്തിയിരുന്നു. ഞാൻ പ്രതിപാദിക്കാൻ ആഗ്രഹിക്കുന്ന വചനങ്ങളുടെ നാലോ അഞ്ചോ പേജുകൾ കൂടെ എന്റെ പക്കൽ ഇവിടെ ഉണ്ട്, എന്നാൽ എനിക്ക്...എന്നാൽ ശ്രദ്ധിക്കു. ഇതു പറഞ്ഞുകൊണ്ട് നമുക്ക് അവസാനിപ്പിക്കാം.

165 ഓർക്കുക, വളരെ നാളുകളാകില്ല ഇവിടെ, ഞാൻ നിങ്ങളെ ഏഴു കാഹളങ്ങളെ കുറിച്ച് പഠിപ്പിക്കുകയായിരുന്നു, *കാഹളങ്ങളുടെ ഉത്സവവും*, അങ്ങനെയുള്ളതും മറ്റുമായിരുന്നു. അപ്പോൾ ഞാൻ പറഞ്ഞു, “ഒരു എട്ടാം ദിവസത്തെ ഉത്സവമുണ്ട്.” അതുകൊണ്ട്, ഏഴാം ദിവസം അവസാനമായിരിക്കും, അത് ആയിരമാണ്ടു വാഴ്ചയാണ്. എന്നാൽ ഒരു എട്ടാം ദിവസത്തെ ഉത്സവമുണ്ട്; അത്, അത് എട്ടാമത്തേത് ആണെങ്കിൽ, ഏഴു ദിവസങ്ങളെയുള്ളു, അത് ഒന്നാം ദിവസത്തെ വീണ്ടും ഉണ്ടാക്കുന്നു, തിരികെ വീണ്ടും ഒന്നാം ദിവസത്തേയ്ക്ക് വരുന്നു. അതിനുശേഷം, ആയിരമാണ്ടുവാഴ്ച കഴിഞ്ഞതിനു ശേഷം, അവിടെ വീണ്ടും സ്ഥാപിക്കപ്പെട്ട ഒരു ഏദെനുണ്ടാകും. ദൈവത്തിന്റെ മഹത്തായ രാജ്യം തിരികെ എടുക്കപ്പെടും. എന്തുകൊണ്ടെന്നാൽ, ഗദ്സമനെ

തോട്ടത്തിൽ വെച്ച്, സാത്താനുമായി യേശു യുദ്ധം ചെയ്തിട്ട്, ഏദെനെ തിരികെ പിടിച്ചിരുന്നു; അത്, അവൻ സ്വർഗ്ഗത്തിൽ പണിയാനായി പോയിരിക്കുകയും, വീണ്ടും തിരികെ വരികയും ചെയ്യും, മുകളിൽ സ്വർഗ്ഗത്തിൽ. അവൻ പറഞ്ഞു, "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്."

166 അവൻ ഇവിടെ ഭൂമിയിലായിരുന്നപ്പോൾ, അവൻ പറഞ്ഞു, "നിങ്ങൾ, യഹൂദന്മാരായ നിങ്ങൾ, നിങ്ങൾ ദൈവത്തിൽ വിശ്വസിച്ചിരുന്നു. ഇപ്പോൾ, എനിക്ക് ഒരു തെറ്റായ പേർ കിട്ടിയിരിക്കുന്നു എന്നു ഞാൻ അറിയുന്നു." അവൻ പറഞ്ഞു, "അവർ പറയും, ഞാൻ *ഇതാണ്*, *മറ്റേതാണ്*. എന്നാൽ നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നു; നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നതുപോലെ, എന്നിലും വിശ്വസിപ്പിൻ." അവൻ ജഡത്തിൽ വെളിപ്പെട്ട, ദൈവമായിരുന്നു. കാണുന്നോ? "എന്നിലും വിശ്വസിപ്പിൻ..."

167 "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം..." അഥവാ, "എന്റെ പിതാവിന്റെ സംഘടനയിൽ, എന്റെ പിതാവിന്റെ പദ്ധതികളിൽ അനേക കൊട്ടാരങ്ങളുണ്ട്. എനിക്ക് ഒരു സ്ഥലം ഒരുക്കാനായി പോകേണ്ടി വരും." അത് എത്ര നീളമുള്ളതെന്നു നോക്കു, അയിരത്തിയഞ്ഞൂറ് സമചതുര മൈലുകൾ! ചോദിക്കും, അത് എവിടെയാണ്? അവൻ അത് തയ്യാറാക്കാനായി പോയിരിക്കുന്നു. അവൻ സൃഷ്ടാവാണ്. അവൻ അത് മുഴുവനും സ്വർണ്ണത്താൽ സൃഷ്ടിക്കും. തെരുവുകൾ സ്വച്ഛസ്ഫടികമായിരിക്കും. അവൻ സൃഷ്ടാവാണ്. അവനൊരു സ്ഥലം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. വെളിപ്പാടിന്റെ 21-ൽ, അവൻ പറയുന്നു, "ആ വിശുദ്ധ നഗരത്തെ, പുതിയ യെരുശലേമിനെ, സ്വർഗ്ഗത്തിൽ ഇറങ്ങി വരുന്നത്, യോഹന്നാൻ കണ്ടു."

168 "അവിടെ സമുദ്രം ഉണ്ടായിരുന്നില്ല; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി." നമ്മുടെ ആദ്യത്തെ ആകാശം ഏതായിരുന്നു? ആയിരമാണ്ടു വാഴ്ചയായിരുന്നു. ആദ്യത്തെ ഭൂമി എന്തായിരുന്നു? ഇതായിരുന്നു. ഇത് പുതുക്കപ്പെട്ടിരിക്കും. അത് നോഹയാൽ, അവന്റെ നാളുകളിലെ പ്രസംഗത്താൽ, സ്നാനപ്പെടുത്തിയതുപോലെ; ക്രിസ്തുവിനാൽ, അവന്റെ രക്തം അതിന്മേൽ തളിച്ച്, നീതീകരിച്ചു; അഗ്നി അഭിഷേകത്താൽ, പുതുക്കി, അതിൽ നിന്നും എല്ലാ അണുക്കളെയും നീക്കി, പുതുക്കൽ അതിന്റെ അവസാനത്താകും, അത് സകല അണുക്കളെയും, സകല രോഗങ്ങളെയും, സകല വ്യാധികളെയും, ഭൂമിയുടെ മുകളിലുള്ള എല്ലാ അഴുക്കാടലിനേയും നശിപ്പിക്കും.

169 അവൾ പൊട്ടിത്തെറിച്ച് കൊണ്ടുവരും, ഒരു പുതിയ ഭൂമി കടന്നു വരും. "ഞാൻ ഒരു പുതിയ ആകാശവും ഒരു പുതിയ ഭൂമിയും കണ്ടു; ആദ്യത്തെ ആകാശം, ഈ ഭൂമി, നീങ്ങിപ്പോയി; സമുദ്രവും ഇനിയില്ല. യോഹന്നാനായ ഞാൻ ആ വിശുദ്ധ നഗരം, പുതിയ യെരുശലേം, സ്വർഗ്ഗത്തിൽ നിന്നും, ദൈവസന്നിധിയിൽ നിന്നും ഇറങ്ങുന്നതു കണ്ടു." അവിടെ ദൈവം തന്റെ ഗുണങ്ങളോടു ചേർന്ന്, പുത്രന്മാരും പുത്രികളുമായി, അവന് അവരുമായി വിശുദ്ധിയുടെ കൂട്ടായ്മ ചെയ്യാനാകുകയും, ഏതൊരു പാപത്തിൽ നിന്നും അവരുടെ കണ്ണു കുരുടായിരിക്കുകയും ചെയ്യും. അതു മുതൽ പിന്നൊരിക്കലും പാപം ഉണ്ടായിരിക്കുകയില്ല.

170 അതിനായി നമുക്ക് പ്രയാസപ്പെടാം; ഈ ദിവസത്തെ വഞ്ചനയിൽ പെടരുത്, എന്നാൽ, "വാതിലിനുള്ളിൽ കടക്കാനായി പ്രയാസപ്പെടാം."

171 "കാരണം ദുർന്നടപ്പുകാരൻ, അശുദ്ധൻ അങ്ങനെയുള്ളവരാരും അകത്തു കടക്കില്ല." "സ്ത്രീയെ മോഹിക്കേണ്ടതിന്നു അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ടു അവളോടു വ്യഭിചാരം ചെയ്തുപോയി." അതെല്ലാം ആയിട്ടുള്ള...പുറമെ ഇത്യാദിയായി, അപഖ്യാദിയുള്ള സ്ത്രീയും, അപഖ്യാദിയുള്ള പുരുഷനുമാണ്.

172 ആരെല്ലാം വീണ്ടെടുക്കപ്പെട്ടിരിക്കുന്നോ അവരും, കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരുള്ളവർ മാത്രം, ആ വാതിലിനകത്തേയ്ക്ക് കടക്കും. അതുകൊണ്ട് പ്രയാസപ്പെടൂ, കൂട്ടുകാരെ; അവസാന കാലത്ത് വഞ്ചിതരാകരുത്.

173 ഇതൊരു മഹത്തായ സമയമാണ്. എല്ലാവരുടെ കൈയ്യിലും കാശുണ്ട്. എല്ലാവർക്കും *ഇത്* ചെയ്യാനാകുന്നു, സകലർക്കും *അതു* ചെയ്യാനാകുന്നു, മാത്രമല്ല കാശ് എല്ലാ വഴിയിലൂടെയും പറക്കുകയും, വലിയ കാറുകളും, മറ്റുള്ളതെല്ലാം ആയിരിക്കുകയും ചെയ്യുന്നു. അവയിൽ ഒന്നുപോലും ആ നഗരത്തിൽ ഉണ്ടായിരിക്കില്ല. ഒരു വിമാനമോ, ഒരു കാറോ ഉണ്ടാകില്ല. ഇല്ല. അത് എല്ലാമായിട്ട് ഒരു വ്യത്യസ്ത പരിഷ്കാരമായിരിക്കും. അത് വീണ്ടും ഒരു ജ്ഞാനത്താലോ, ശാസ്ത്രത്താലോ ഉള്ളതല്ല, എന്നാൽ നിഷ്കളങ്കതയുടെയും ജീവനുള്ള ദൈവത്തിലുള്ള വിശ്വാസത്തിന്റെയും പരിഷ്കാരമായിരിക്കും.

174 അതിൽ കടക്കാനായി നമുക്ക് പ്രയാസപ്പെടാം. കാരണം ഏതെങ്കിലും ഒരു നാൾ ആ നഗരത്തിൽ കടക്കണം, അതാണ് എന്റെ പൂർണ്ണ ഉദ്ദേശം; അല്പം തിരികെ നോക്കി, എന്നോടു ചേർന്നു വന്ന്, "വിശുദ്ധന്മാർ മാർച്ച് ചെയ്തു അകത്തേയ്ക്കു കടക്കുന്നു," എന്നു നാം പാടുമ്പോൾ, നിങ്ങൾ ഓരോരുത്തരും ആ പരേഡിൽ

ഉണ്ടായിരിക്കുമോ എന്നു നോക്കുക. വിശുദ്ധന്മാർ അകത്തേയ്ക്ക മാർച്ചു ചെയ്യുമ്പോൾ അതിന്റെ കൂടെ ഞാനും ഉണ്ടായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

നമുക്ക് പ്രാർത്ഥിക്കാം

175 പ്രിയ സ്വർഗ്ഗീയ പിതാവെ, ദിനം അവസാനിക്കുന്തോറും, അത് അടുത്തു വരുന്നതായി ഞങ്ങൾ കാണുന്നു, വാഗ്ദത്തം അടുത്തു വരുന്നതായി കാണുന്നു. അതിനാൽ പ്രിയ ദൈവമേ, ഞങ്ങൾ ഒരു തെറ്റും ചെയ്യാതിരിക്കേണ്ടതിന്, അത് ഞങ്ങളുടെ ഹൃദയത്തിന്മേൽ ഇടണമേ എന്നു, ഞങ്ങൾ പ്രാർത്ഥിക്കുന്നു. പ്രിയ ദൈവമേ, ഞങ്ങളുടെ മനസ്സാക്ഷിയെ ശുദ്ധമായി സൂക്ഷിക്കേണമെ. കർത്താവെ, ഞങ്ങളുടെ ഹൃദയങ്ങളെ മറച്ചുകൊള്ളേണമെ, ലോകത്തിന്റെ കാര്യങ്ങളിൽ നിന്നും, ലോകത്തിന്റെ നിഷ്ഫലമായ കാര്യങ്ങളിൽ നിന്നും, ഏതെങ്കിലും വലിയ ചിലരുടെ വ്യജമായ മഹത്ത്വത്തിൽ നിന്നും, ഞങ്ങളുടെ കണ്ണുകളെ മറക്കേണമെ.

176 അവർ എത്ര വലിയവരായാലും കാര്യമില്ല, എല്ലാ രാജാക്കന്മാരും, ചക്രവർത്തിമാരും, പ്രഭുക്കന്മാരും, മറ്റുള്ളതെല്ലാം നശിക്കേണ്ടതുണ്ട്, മാത്രമല്ല അവർ ആരും തന്നെ ഉയിർത്തെഴുന്നേൽക്കില്ല...ആദ്യത്തെ പുനഃരുത്ഥാനത്തിൽ ഉയിർത്തെഴുന്നേൽക്കയുമില്ല. കാരണം ഇത് എഴുതപ്പെട്ടിരിക്കുന്നു, "ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെ മേൽ രണ്ടാം മരണത്തിനു അധികാരം ഇല്ല." ഓ ദൈവമേ! "രണ്ടാം മരണം," ആത്മീയ മരണത്തിനു, "അധികാരമില്ല"; അവൻ വീണ്ടെടുക്കപ്പെട്ടിരിക്കുന്നു!

177 ഓ ദൈവമേ, എടുക്കപ്പെട്ട ശേഷം, ഒരാൾ മറ്റെയാളിനെ സന്ദർശിക്കാൻ പോകുന്നതിനെക്കുറിച്ച്, ഈ മണിക്കൂറിൽ ചിന്തിക്കുമ്പോൾ, "രണ്ടുപേർ കിടക്കയിലായിരിക്കും, ഒന്നിനെ കൈക്കൊള്ളും മറ്റേതിനെ ഉപേക്ഷിക്കും. രണ്ടുപേർ വയലിൽ ഇരിക്കും; ഒന്നിനെ കൈക്കൊള്ളും മറ്റേതിനെ ഉപേക്ഷിക്കും."

178 ഓ ദൈവമേ, നിന്റെ കാഴ്ചയിൽ ഞങ്ങളെ ശുദ്ധരായിരിക്കാൻ സഹായിക്കേണമെ, കർത്താവെ. മറ്റുള്ളവർ എന്തു പറഞ്ഞാലും, ഞങ്ങളെക്കുറിച്ച് ജനങ്ങൾ എന്തു ചിന്തിച്ചാലും കാര്യമില്ല. കർത്താവേ, ഞങ്ങളെ വിശുദ്ധരായി...ഞങ്ങളുടെ തമ്മിലുള്ള സംസാരം വിശുദ്ധമായിരിക്കട്ടെ. അത് ദൈവത്തിന്റെ വചനവുമായി അനുഭവസമ്പത്തുള്ളതാകട്ടെ; അത്രയും അനുഭവസമ്പത്തുള്ളതായി, ഒരു കാപട്യം കണ്ടുപിടിക്കാൻ ഇടവരാതിരിക്കട്ടെ, കർത്താവെ. ഞങ്ങളുടെ തെറ്റുകൾക്കായി ഞങ്ങൾ ക്ഷമാപണം നടത്തുമ്പോൾ,

ദൈവത്തിനും ഞങ്ങൾക്കും മദ്ധ്യേ യേശുക്രിസ്തുവിന്റെ രക്തം നിൽക്കാനിടവരട്ടെ. അത് ഞങ്ങളെ അവൻ യേശുക്രിസ്തുവിന്റെ രക്തത്തിലൂടെ താഴേയ്ക്ക് നോക്കാൻ ഇടവരട്ടെ; ഞങ്ങളുടെ നന്മകളിന്മേലല്ല, അഥവാ ഞങ്ങൾ ആരായാലും ശരി, ഞങ്ങൾ എന്തു ചെയ്തെന്നാലും, എന്നാൽ അവന്റെ യോഗ്യതയിന്മേൽ മാത്രം. ഇത് അനുവദിക്കേണം, ദൈവമെ!

179 ഏറ്റവും ചെറിയ പൈതൽ തുടങ്ങി പ്രായമേറിയ വ്യക്തിവരെ, ഇവിടെ ഇരുന്നുകൊണ്ട് ഇന്നു രാത്രിയിൽ സന്ദേശം കേൾക്കുന്നവരിൽ ഒരാൾ പോലും, നഷ്ടമാകാൻ ഇടവരരുതെ. അവരുടെ പവിത്രമായ ആഗ്രഹം ദൈവത്തിലും അവന്റെ വചനത്തിലും മാത്രമായിരിക്കട്ടെ. അവൻ ഏതു സമയത്താണ് പ്രത്യക്ഷമാകുന്നതെന്ന് ഞങ്ങൾ അറിയുന്നില്ല, അഥവാ ആ വിദൂരെതിയിലെ ന്യായാസനത്തിൽ ഉത്തരം കൊടുക്കാനായി അവൻ എപ്പോഴാണ് ഞങ്ങളെ വിളിക്കുന്നതെന്നും അറിയില്ല. റാക്കിൽ നിന്നും ഞങ്ങളുടെ ചീട്ട് പുറത്തെടുത്തു, ഏതു മണിക്കൂറിലാണ് എടുക്കാൻ പറയുന്നതെന്ന് ഞങ്ങൾക്ക് അറിയില്ല, പറയും, "ഇത് വീട്ടിലേയ്ക്ക് മടങ്ങാനുള്ള സമയം. നിങ്ങൾക്ക് തികച്ചും പോകേണ്ടിവരും." ദൈവമേ, ഞങ്ങളെ ശുദ്ധരായിരിക്കാൻ സഹായിക്കേണമെ. കർത്താവെ, ഇത് അനുവദിക്കേണമെ.

180 കഴിയുമെങ്കിൽ, കർത്താവിന്റെ വരവോളം ജീവിക്കാൻ അനുവദിക്കേണമെ. സ്നേഹത്താലും തിരിച്ചറിവിനാലും, ഞങ്ങളുടെ അധികാരത്തിൻ കീഴിലുള്ള സകലതും ചെയ്യാൻ സഹായിക്കേണമെ. ഇന്നു, ഓരോ നഷ്ടമായ ആടിനായി, ദൈവം ലോകത്തിൽ തിരയുകയാണെന്നുള്ള തിരിച്ചറിവ്. ദൈവത്തിന്റെ വചനത്താലും അനുഭവസമ്പത്തുള്ള പ്രാർത്ഥനയാലും ഞങ്ങൾ അവരോടു സംസാരിക്കാൻ ഇടവന്നിട്ട്, ഞങ്ങൾ ആ അവസാനത്തേതിനെ കണ്ടുപിടിച്ച്, അങ്ങനെ ഞങ്ങൾക്ക് വീട്ടിലേയ്ക്ക് പോകാൻ ഇടവരട്ടെ, സാത്താന്റെ ഈ പഴയ ഏദെനിൽ നിന്നും പുറത്തു കടക്കട്ടെ, കർത്താവെ.

181 അങ്ങനെ അവർ ലോകം എന്നു വിളിക്കുന്ന, ഇവിടെയുള്ള അവരുടെ പരസ്യങ്ങളാലും, സൗന്ദര്യമേറിയ സ്ത്രീ, അത് ആഗ്രഹത്താൽ കെട്ടപ്പെട്ടിരിക്കുന്നു. "മുട്ടുവരെയെത്തുന്ന അരവസ്ത്രം ധരിച്ച സുന്ദരികളായ പെൺകുട്ടികളുടെ മുഖത്തോടു മുഖം അമർത്തി വെയ്ക്കാനായി ഞങ്ങൾക്ക് ആൺകുട്ടികളെ ആവശ്യമുണ്ടെന്ന്, ഞങ്ങൾ പരസ്യപ്പെടുത്തുന്നു." നമ്മുടെ റേഡിയോകളിലും ടെലിവിഷനിലൂടെയും നേരെ; അത്തരത്തിലുള്ള എല്ലാ

അഴിഞ്ഞാട്ടങ്ങളും, വൃത്തികേട്ടുകളും, ഹോളിവുഡും; സകല വിധമുള്ള ലൈംഗീക പ്രവർത്തികളും, വൃത്തികെട്ട, സ്ത്രീകൾക്കുവേണ്ടിയുള്ള അഴക്കാട്ടുന്ന വിധമുള്ള വസ്ത്രങ്ങളും. അതുമല്ല—മാത്രമല്ല പുരുഷന്മാർ വൈകൃതമാക്കപ്പെട്ട്, കാഴ്ചയിൽ സ്ത്രീകളെപ്പോലെയായി, അവരുടെ മുടി സ്ത്രീകളുടേതുപോലെ മുറിയ്ക്കുയും; സ്ത്രീകൾ പുരുഷന്മാരുടേതു പോലെയും മുറിയ്ക്കുന്നു.

182 ഓ ദൈവമേ, ഞങ്ങൾ എന്തൊരു ഭയാനകമായ സമയത്താണ് ജീവിക്കുന്നത്! ഓ, വരണമെ, കർത്താവായ യേശുവേ, വരേണമെ. വരൂ കർത്താവേ! രക്തത്താൽ ഞങ്ങളെ ശുദ്ധീകരിക്കേണമെ. ഞങ്ങളിൽ നിന്നും സകല അശുദ്ധിയും കാപട്യവും ദൂരമാക്കേണമെ. ഞങ്ങളെ ജീവിക്കാൻ അനുവദിക്കു, കർത്താവെ. നിന്റെ മുന്നിൽ, തുടർച്ചയായി, രക്തത്തിൽ കീഴിൽ ജീവിക്കാൻ അനുവദിക്കു. ഇത് ഞങ്ങളുടെ ആത്മാർത്ഥമായ അപേക്ഷയും, ഹൃദയത്തിലെ ആഗ്രഹവുമാണ്.

183 പ്രിയ ദൈവമേ, ഈ പ്രസംഗവേദിയിൽ ഇട്ടിരിക്കുന്നു...അഥവാ ഇന്നു രാത്രിയിൽ, ഈ ഡെസ്കിനുമേൽ, എവിടെയാണോ സുവിശേഷം നടന്നത് അവിടെ വെച്ചിരിക്കുന്നു. കർത്താവെ, രോഗികളുടെയും പീഢിതരുടെയും അടുക്കൽ കൊണ്ടുപോകുന്നതിനുള്ള ചെറിയ പാഴ്സലുകളും തുവാലകളും ഇവിടെ കിടക്കുന്നു. നിന്റെ കാഴ്ചയിൽ, വിശ്വാസത്തിന്റെ പ്രാർത്ഥന, ഇപ്പോൾ ഞങ്ങളുടെ ഹൃദയത്തിൽ നിന്നും വീഴാൻ ഇടവരട്ടെ. പിന്നെ, കർത്താവെ, എന്തെങ്കിലും അശുദ്ധ കാര്യം ഞങ്ങളിലുണ്ടെങ്കിൽ, കർത്താവെ, ഇപ്പോൾ ഞങ്ങളെ കുറ്റം ആരോപിക്കേണമെ; ഞങ്ങൾ കൃപയ്ക്കായി ക്ഷമാപണം ചെയ്യുന്നു. ഞങ്ങൾ എന്താണ് തെറ്റായി ചെയ്തുകൊണ്ടിരിക്കുന്നത് എന്നു ഞങ്ങളെ ബോദ്ധ്യപ്പെടുത്തേണമെ, കർത്താവെ, രക്തമെടുത്ത് ഞങ്ങളെ ശുദ്ധീകരിക്കേണമെന്ന്, അങ്ങനെ ഞങ്ങൾക്ക് ചോദിക്കാനാകും. പിതാവെ, ഈ രോഗികളെ സൗഖ്യമാക്കി, അവരെ സുഖമുള്ളവരാക്കേണമെ. അവ എവിടെയ്ക്ക് പോയാലും, എന്തിന്മേൽ ഇത് വെച്ചാലും, അത് അങ്ങനെ സംഭവിക്കട്ടെ, പിതാവെ.

184 നിന്നെ മാത്രം, നിന്നെ സേവിക്കാനുള്ള ദൃഢനിശ്ചയം എടുക്കാൻ ഞങ്ങളെ സഹായിക്കേണമെ. ഇത് അനുവദിക്കേണം, കർത്താവെ.

185 റോഡിലൂടെ ഭവനത്തിലേയ്ക്ക് പോകുന്ന പ്രിയ ജനങ്ങൾക്ക് സുരക്ഷ പ്രദാനം ചെയ്യേണമെ.

186 നീ എപ്രകാരം ജനങ്ങളെ സൗഖ്യപ്പെടുത്തി, നന്ദിയുണ്ട്. സഹോദരൻ ഷെഫേർഡിന്റെയും സഹോദരി ഷെഫേർഡിന്റെയും ചെറിയ പയ്യന് സൈക്കിളിനാൽ, ക്ഷതമുണ്ടായി, അതിലേയ്ക്ക്

ഒരു തിന്മയും കടന്നു വരരുതേ എന്നു ഞാൻ പ്രാർത്ഥിക്കുന്നു; ആ ചെറിയ കുട്ടി അവന്റെ സൈക്കിൾ ചവിട്ടുകയായിരുന്നു, അവൻ ശരിയായിത്തീരട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഞങ്ങൾ ചോദിച്ച ഈ മറ്റുള്ള എല്ലാവരെയും നീ സൗഖ്യമാക്കിയതിന് ഞങ്ങൾ നിനക്കു നന്ദി പറയുന്നു. "ഞങ്ങൾ എന്തു ചോദിച്ചാലും, ഞങ്ങൾക്കു ലഭിക്കുമെന്നു ഞങ്ങളറിയുന്നു, എന്തെന്നാൽ ആ വാഗ്ദാനം ചെയ്തവനിൽ ഞങ്ങൾക്ക് ദൃഢവിശ്വാസമുണ്ട്."

187 അവിടുത്തെ കൃപ ഞങ്ങൾക്കു നൽകിയാലും, ഞങ്ങളുടെ പാപങ്ങളെ ക്ഷമിക്കേണമെ, ഞങ്ങൾ യേശുക്രിസ്തുവിന്റെ നാമത്തിൽ ചോദിക്കുന്നു. ആമേൻ.

188 നിങ്ങൾ അവനെ സ്നേഹിക്കുന്നോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] നിങ്ങൾ അവനെ വിശ്വസിക്കുന്നോ? ["ആമേൻ."] സാത്താന്റെ രാജ്യത്തിൽ നിങ്ങൾ രോഗിയായും ക്ഷീണിച്ചുമിരിക്കുന്നോ? ["ആമേൻ."] അത് ആയിരമാണ്ടു വാഴ്ചയിലേയ്ക്ക്, അവന്റെ ആയിരമാണ്ടു വാഴ്ചയിലേയ്ക്ക്; അവന്റെ, അവന്റെ ഏദെനിലേയ്ക്ക്; വരികയാണെന്നു നിങ്ങൾ വിശ്വസിക്കുന്നോ? ["ആമേൻ."]

189 അത് ഇന്നു രൂപപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ വിശ്വസിക്കുന്നോ? നോക്കൂ, സകലതും ബുദ്ധിജീവികളാൽ. എല്ലാം, അവർ അതു വിശ്വസിക്കും മുമ്പു തന്നെ അത് ശാസ്ത്രീയമായി തെളിയിച്ചിരിക്കണം.

190 നിങ്ങൾക്ക് ദൈവത്തെ ശാസ്ത്രീയമായി തെളിയിക്കാൻ കഴിയില്ല. നിങ്ങൾ അവനെ വിശ്വാസത്താൽ സ്വീകരിക്കേണ്ടതുണ്ട്, "കാരണം അവന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടെന്നും, തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ."

191 ഓ ദൈവമേ, എന്റെ പാപങ്ങളിൽ നിന്നും എന്നെ വിടുവിക്കാനായി യേശുക്രിസ്തുവിന്റെ രക്തമല്ലാതെ മറ്റെന്തിങ്കിലുമുണ്ടോ എന്നു ഞാൻ അറിയാൻ ആഗ്രഹിക്കുന്നില്ല. യേശുക്രിസ്തുവിനെ അല്ലാതെ ഞാൻ മറ്റൊന്നിനെയും അറിയുന്നില്ല. പണ്ട് പൌലൊസ് പറഞ്ഞതുപോലെ, അങ്ങനെ ഞാനും ഇന്നു രാത്രിയിൽ പറയുന്നു, "ക്രൂശിക്കപ്പെട്ട യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു."

192 അത് മാത്രമാണ് എനിക്ക് നിങ്ങളോടു പറയാൻ അറിയുന്നത്. അതായത്, ഈ ബൈബിളിനെ, ദൈവത്തിന്റെ കളങ്കപ്പെടാത്ത സമ്പൂർണ്ണമായ വചനം, (എനിക്ക് എന്റെ ഹൃദയം അറിയാമെങ്കിൽ)

എന്റെ മുഴു ഹൃദയത്തോടും ഞാൻ വിശ്വസിക്കുന്നു. ഇതിനാൽ ഞാൻ ജീവിക്കുന്നു. ഇതിനാൽ ഞാൻ നില്ക്കുന്നു. എനിക്ക് പതിനായിരം വർഷങ്ങൾ ഉണ്ടായിരുന്നാൽ, അതിന്റെ ഓരോ അംശവും ഞാൻ ഈ വചനത്തിനുവേണ്ടി കൊടുക്കും, കാരണം ഇത് യേശുക്രിസ്തുവിന്റെ വചനമാണ്. അത് എത്രമാത്രം ഖണ്ഡിക്കപ്പെടുന്നു എന്നു ഞാൻ ഗണ്യമാക്കാൻ ശ്രമിക്കുന്നു എന്നു ഞാൻ കാര്യമാക്കുന്നില്ല, അത് അത്രയ്ക്കും വിശ്വാസയോഗ്യമല്ല എന്നോ, മറ്റെന്തായാലും, ശാസ്ത്രം എങ്ങനെ ശ്രമിച്ചാലും ശരി. എനിക്ക്, ലോകത്തിൽ ആശ്രയിക്കാൻ കഴിയുന്നത്, ഈ വചനം, എന്ന ഏക കാര്യത്തെയാണ്. അവൻ എന്റേതാണ്. ഞാൻ അവനെ സ്നേഹിക്കുന്നു. നിങ്ങൾ ചെയ്യുന്നില്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.]

193 നിങ്ങളുടെ ഹൃദയത്തിൽ ഒരു പാപമുണ്ടെങ്കിൽ, നിങ്ങളുടെ ഹൃദയത്തിൽ ഒരു തെറ്റുണ്ടെങ്കിൽ, നിങ്ങളിൽ എന്തെങ്കിലും പറ്റിയിട്ടുണ്ടെങ്കിൽ, ഇപ്പോൾ പ്രാർത്ഥിച്ചു കൊണ്ട് നിങ്ങളോടു ക്ഷമിക്കാനായി ദൈവത്തോടു യാചിക്കു. നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുക; ഞാൻ നിങ്ങൾക്കായി പ്രാർത്ഥിക്കും. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, എന്നാണ് എന്റെ പ്രാർത്ഥന.

> നാം വീണ്ടും കണ്ടുമുട്ടുവോളം! നാം വീണ്ടും കണ്ടുമുട്ടുവോളം
> നാം വീണ്ടും കണ്ടുമുട്ടുവോളം, ദൈവം നിങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടെ!

194 നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] യോഹന്നാൻ പറഞ്ഞു, "കുഞ്ഞുങ്ങളെ, അന്യോന്യം സ്നേഹിപ്പിൻ," "അന്യോന്യം സ്നേഹിപ്പിൻ, എന്തെന്നാൽ സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ ക്ഷമിക്കുന്നു." ഇപ്പോൾ നമുക്ക് അന്യോന്യം കൈകളെ പിടിച്ചു കുലുക്കാം.

> നാം വീണ്ടും കണ്ടുമുട്ടുവോളം, ദൈവം നിങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടെ!

> നാം വീണ്ടും കണ്ടുമുട്ടുവോളം! നാം വീണ്ടും കണ്ടുമുട്ടുവോളം

195 ഇപ്പോൾ ഒരാൾ മറ്റെയാളോടു ദയയോടു പെരുമാറുക. സകലോരോടും ദയയോട് പെരുമാറുക. നിങ്ങളുടെ അയൽവാസിയുമായി ശരിയായി ഇടപെടുക. യേശു വരുന്നതുവരെ നിങ്ങളെ സ്വയം കളങ്കമില്ലാതെ സൂക്ഷിക്കുക.

...പാദത്തിൽ
നാം വീണ്ടും കണ്ടുമുട്ടുവോളം! നാം വീണ്ടും കണ്ടുമുട്ടുവോളം
നാം വീണ്ടും കണ്ടുമുട്ടുവോളം, ദൈവം നിങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടെ!

196 നിങ്ങൾ അവനെ സ്നേഹിക്കുന്നോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] അതാണ് എന്റെ പ്രാർത്ഥന. നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുക; ഞാൻ നിങ്ങൾക്കായി പ്രാർത്ഥിക്കും. എനിക്ക് ഇപ്പോൾ ട്യൂസനിൽ തിരിച്ചെത്തേണ്ടതുണ്ട്. നിങ്ങളെ എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ എന്നു ഞാൻ—ഞാൻ പ്രാർത്ഥിക്കുന്നു. ഞാൻ ഇവിടെ നിന്നും കാനഡയിലേയ്ക്കാണ് പോകുന്നത്, തിരികെ കൊളോറാഡോയിലേയ്ക്കും, ചുറ്റി, ചുറ്റിത്തിരിഞ്ഞ്, ചുറ്റിത്തിരിഞ്ഞ്, നോക്കൂ. അവസാനം...

197 സഹോദരൻ ടോണി അവിടെ ഉണ്ടായിരുന്നു, ഒരു മഹത്തായ കാര്യം സംഭവിച്ചു. റോമിൽ, വത്തിക്കാന്റെ തൊട്ടു താഴെയായി, ഒരു യോഗത്തിനായി, റോമിൽ, റോമിൽ വെച്ചു ഒരു ഉണർവ്വു യോഗം നടത്താനായി അവർ എന്നെ വിളിച്ചുകൊണ്ടിരിക്കുന്നു. അവൻ ഇപ്പോൾ തിരികെ വന്നതേയുള്ളൂ. എല്ലാ ജനങ്ങളും ഒരുമിച്ചു വന്നിരിക്കുന്നു. അവർക്ക് അവിടെ ഒരു വലിയ വേദി കിട്ടിയിരിക്കുന്നു, ആയിരക്കണക്കിനു ആയിരക്കണക്ക് ജനങ്ങൾക്ക് ഇരിക്കാം, അവിടെ ഒരു ഉണർവ്വ് യോഗത്തിനായി ഞാൻ കടന്നു പോകാൻ അവർ ആഗ്രഹിക്കുന്നു. മിനിസ്ട്രിയിൽ ദൈവത്തിന്റെ മഹത്വം കാണാനായി അവർ ആഗ്രഹിക്കുന്നു. എനിക്കറിയില്ല. എനിക്ക് അതിനുമേൽ പ്രാർത്ഥിക്കേണ്ടതുണ്ട്, കർത്താവ് എന്നോട് എന്തു പറയുന്നെന്നു നോക്കട്ടെ. ഓ, എന്റെ! ഓർക്കുക, നമുക്ക് എല്ലാവർക്കും ചേർന്നു, പ്രാർത്ഥിക്കാം. ഞങ്ങൾ പ്രവർത്തിക്കുകയാണ്...

നമ്മുടെ അനുഗ്രഹീതനായ രക്ഷകന്റെ വരവിനെ നാം നോക്കികൊണ്ടിരിക്കുന്നു,
ഇതാ, ഇതാ അത്തിയില തളിർത്തു കഴിഞ്ഞിരിക്കുന്നു;
അവന്റെ രാജ്യത്തിന്റെ സുവിശേഷം എല്ലാം രാജ്യത്തേയ്ക്കും പോയിരിക്കുന്നു;
നാം അവസാനത്ത് എത്തിയാതായി, കാണാൻ കഴിയുന്നു.

198 അത് ശരിയല്ലേോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.]

അവന്റെ അനുഗ്രഹീതമായ കാഴ്ചയിൽ വരവിന്റെ സന്ദേശം അപ്പോൾ ആനന്ദത്തോടെ കൊട്ടിഘോഷിക്കപ്പെട്ടും,
അവൻ വളരെ വേഗം മഹത്വത്തിൽ വരും, എല്ലാവരോട്ടും പറയേണം;
ആദ്യം, കർത്താവിന്റെ വിശുദ്ധന്മാർ ഉണർത്തപ്പെട്ടും, എന്തിനു ലഘുവായുറങ്ങുന്നു അവസാനം അടുക്കുമ്പോൾ.
നമുക്ക് അവസാന വിളിക്കായി തയ്യാറായിരിക്കാം.

199 ഇത്രയും ഓർത്തിരിക്കു, ഈ വരും ദിവസങ്ങളിൽ ഒന്നിൽ, അവൾ പടിഞ്ഞാറേയ്ക്ക് തിരിഞ്ഞ് വീണ്ടും യാത്ര ചെയ്യുന്നതാണ്. തീർച്ചയായും അവൾ ചെയ്യും. അത് ശരിയാണ്. അതുവരെയും:

യേശുവിൻ നാമത്തെ നിങ്ങളോടൊപ്പം എടുത്തുകൊൾക,
ശാപത്തിലും ദുഃഖത്തിന്റെ ശൈശവാവസ്ഥയിലും;
അത് നിങ്ങൾക്ക് ആനന്ദവും ആശ്വാസവും നൽകും
നിങ്ങൾ പോകുന്നിടത്തെല്ലാം, അതിനെ എടുത്തുകൊൾക.

വിലപ്പെട്ട നാമം (വിലയേറിയ നാമം), ഓ, എത്ര മാധുര്യം!
ഭൂമിയിലെ പ്രതീക്ഷയും സ്വർഗ്ഗത്തിലെ ആനന്ദവും;
വിലയേറിയ നാമം, ഓ എത്ര മാധുര്യം! (എത്ര മാധുര്യം!)
ഭൂമിയിലെ പ്രതീക്ഷയും സ്വർഗ്ഗത്തിലെ ആനന്ദവും.

യേശുവിൻ നാമത്തിങ്കൽ മുട്ടുമടക്കുന്നു,
അവന്റെ പാദത്തിൽ സാഷ്ടാംഗം പ്രണമിച്ചു വീഴുന്നു,
സ്വർഗ്ഗത്തിലെ രാജാധിരാജാവ്, നാമവനെ കിരീടം ചൂടിക്കും,
നാം യാത്ര പൂർണ്ണമാക്കുമ്പോൾ.

വിലപ്പെട്ട നാമം, ഓ, എത്ര മാധുര്യം!
ഭൂമിയിലെ പ്രതീക്ഷയും സ്വർഗ്ഗത്തിലെ ആനന്ദവും;
വിലയേറിയ നാമം, ഓ എത്ര മാധുര്യം!
ഭൂമിയിലെ പ്രതീക്ഷയും സ്വർഗ്ഗത്തിലെ ആനന്ദവും.

200 ഇപ്പോൾ, ഈ അവസാന ചരണം, നമുക്കിപ്പോൾ ഹൃദയങ്ങളെ കുമ്പിട്ടുകൊണ്ട് പാടാം.

യേശുവിൻ നാമത്തെ നിങ്ങളോടൊപ്പം
എടുത്തുകൊൾക,
സകല കണിയിൽ നിന്നും ഒരു കവചം പോലെ;
നിങ്ങളുടെ ചുറ്റിലും പ്രലോഭനം കൂടുമ്പോൾ (നോക്കൂ, ഈ
കാര്യങ്ങളെല്ലാം സാത്താന്റെ രാജ്യത്തുള്ളതാണ്,
നോക്കൂ)
ആ വിശുദ്ധ നാമത്തെ പ്രാർത്ഥനയോടെ ശ്വസിക്കുക.

201 അത്ര തന്നെ; പിന്നെ നടന്നകലുക. അത് പ്രവർത്തിക്കും. ഞാൻ അതിനു ശ്രമിച്ചിട്ടുണ്ട്. ഇപ്പോൾ അത് വിശ്വസിക്കുക മാത്രം ചെയ്യുക, എന്തെന്നാൽ അത് പ്രവർത്തിക്കുന്നു. അവന്റെ വിശുദ്ധ നാമത്തെ പ്രാർത്ഥനയാൽ ശ്വസിക്കുക മാത്രം ചെയ്യുക.

യേശുവിൻ നാമത്തെ നിങ്ങളോടൊപ്പം...
സകല കണിയിൽ നിന്നും ഒരു കവചം പോലെ;
നിങ്ങളുടെ ചുറ്റിലും പ്രലോഭനം കൂടുമ്പോൾ (അപ്പോൾ
നിങ്ങൾ എന്തു ചെയ്യും?)
ആ വിശുദ്ധ നാമത്തെ പ്രാർത്ഥനയോടെ ശ്വസിക്കുക.
(ആ മറ അപ്പോൾ നിങ്ങളുടെ മുഖത്തിനു മുകളിലൂടെ
മൂടും.)

വിലപ്പെട്ട നാമം, (വിലയേറിയ നാമം) ഓ, എത്ര
മാധുര്യം!
ഭൂമിയിലെ പ്രതീക്ഷയും സ്വർഗ്ഗത്തിലെ ആനന്ദവും;
വിലയേറിയ നാമം, ഓ എത്ര മാധുര്യം!
ഭൂമിയിലെ പ്രതീക്ഷയും സ്വർഗ്ഗത്തിലെ ആനന്ദവും.

202 ഇപ്പോൾ നമുക്ക് നമ്മുടെ തലകളെ കുമ്പിടാം, അപ്പോൾ അവിടെ പിന്നിലിരിക്കുന്ന സഹോദരൻ ബീലറിനോട്ട ഇവിടെ പ്രസംഗവേദിയിലേയ്ക്ക് വരാമോ എന്നു ഞാൻ ചോദിക്കുന്നു [ബ്രദർ ബ്രൺഹാം തുടർന്നും *യേശുവിന്റെ നാമത്തെ നിങ്ങളോടൊപ്പം എടുത്തുകൊൾക* എന്നു മൂളിപ്പാടുന്നു—Ed.]

നിങ്ങളുടെ പ്രാർത്ഥനയിൽ അവന്റെ വിശുദ്ധ
നാമത്തെ ശ്വസിക്കുക.

203 നിങ്ങൾ ഞങ്ങളെ പിരിച്ചുവിട്ടു, സഹോദരൻ ബീലർ. പ്രാർത്ഥിച്ചുകൊണ്ട് നിങ്ങൾ ഞങ്ങളെ പിരിച്ചുവിടുക.

വിലയേറിയ നാമം,
ഭൂമിയിലെ പ്രതീക്ഷയും സ്വർഗ്ഗത്തിലെ ആനന്ദവും;
വിലയേറിയ നാമം, (വിലയേറിയ നാമം), ഓ എത്ര
മാധുര്യം!
ഭൂമിയിലെ പ്രതീക്ഷയും സ്വർഗ്ഗത്തിലെ ആനന്ദവും.

204 ഇപ്പോൾ നമ്മുടെ തലയും, ഹൃദയവും കുമ്പിട്ടു നിൽക്കുമ്പോൾ. സഹോദരൻ ബീലർ, ഇവിടെയുള്ള നമ്മുടെ ഒരു സഹായി, സഹോദരൻ എസ്റ്റലേ ബീലർ, നല്ല ഒരു ക്രിസ്ത്യൻ സഹോദരൻ, വിശ്വസ്ഥനായ മനുഷ്യനാണ്. ഇന്നു രാത്രിയിൽ, ശ്രോതാക്കളെ അദ്ദേഹം, പ്രാർത്ഥനയോടെ, പിരിച്ചുവിട്ടുമോ എന്നു ഞാൻ ചോദിക്കുന്നു. സഹോദരൻ ബീലർ, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

***സാത്താന്റെ ഏദെൻ*** MAL65-0829

(Satan's Eden)

ബ്രദർ വില്യം മാരിയൺ ബ്രൺഹാം അമേരിക്ക, ജെഫേർസൺവില്ലെയിലെ, ബ്രൺഹാം ടെബർണക്കളിൽ വെച്ച് 1965-മാണ്ട് ആഗസ്റ്റ് 29 ഞായറാഴ്ച വൈകിട്ട് ഈ സന്ദേശം ഇംഗ്ലീഷിൽ സംസാരിച്ചത്, ആദ്യം ടേപ്പിൽ റിക്കാർഡ് ചെയ്തിരുന്നതിനെ, ഒരംശംപോലും വിട്ടുകളയാതെ, ഇംഗ്ലീഷിൽ പ്രിന്റ് ചെയ്തു. ഈ മലയാളം പരിഭാഷ Voice Of God Recordings നിന്നും പ്രിന്റ് ചെയ്തു വിതരണം ചെയ്യുന്നു.

MALAYALAM

©2016 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.


For more information or for other available material, please contact:


Voice Of God Recordings
P.O. Box 950, Jeffersonville, Indiana 47131 U.S.A.
www.branham.org